ദി THE MALANKARA SABHA

# മലങ്കരസഭ

MALAYALAM MONTHLY, Vol-68, Issue-2

FEBRUARY 2024

Price ₹ 25, Annual Subscription ₹ 250

# മാർത്തോമൻ പൈതൃക സംഗമം

**നമ്മൾ ഒന്ന് പൈതൃകവും ഒന്ന്**



**വി.മാർത്തോമ്മാ ശ്ലീഹായുടെ**
**1950-ാം രക്തസാക്ഷിത്വവർഷ**
**ആഘോഷ സമാപനം**

**പരി.വട്ടശ്ശേരിൽ**
**തിരുമേനിയുടെ**
**ചരമ നവതി ആഘോഷം**

**മലങ്കര സഭാ**
**ഭരണഘടനയുടെ**
**നവതി ആഘോഷം**

2024 ഫെബ്രുവരി 25
ഉച്ചക്ക് 2:00 pm ന്
കോട്ടയം എം.ഡി. സെമിനാരി
മൈതാനിയിൽ

# "MAN WITH A GOLDEN HEART"



## Late Shri. M. G. George Muthoot

Group Chairman - The Muthoot Group of Companies

# Courageous, Compassionate & Charismatic Leader

The Muthoot Group pays rich tribute to its visionary leader and ardent philanthropist whose pioneering initiatives transformed the lives of millions across the nation. Guided by his astute leadership and uncompromising principles, the Group is today one of India's largest and most trusted business conglomerates, achieving numerous milestones while contributing to nation-building and humanitarian causes.

### We stand committed to carry forward his inspiring legacy



*Transforming lives of millions through Financial Inclusion & Employment Creation*




*Offering high quality affordable healthcare to countless needy people*



*Creating a bright future for young Indians through top-ranked Schools & Colleges*



*Fuelling economic growth with over 70% of our branches in semi-urban and rural India*




*Helping the underprivileged through a host of Corporate & Individual Social Responsibility initiatives*

**The Muthoot Group**

muthootgroup.com | mggeorgemuthoot.com

**Muthoot Family - 800 years of Business Legacy**

മലങ്കര സഭാ ഭരണഘടനാ ശിൽപി

മലങ്കര സഭാഭാസുരൻ

# പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പൊലീത്താ

**90–ാമത് ഓർമ്മ: 2024 ഫെബ്രുവരി 23**

**കോട്ടയം പഴയ സെമിനാരിയിൽ**

**ഓർമ്മപ്പെരുന്നാൾ**
**ഫെബ്രുവരി 23, 24**
**(വെള്ളി, ശനി)**



**പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**
**വട്ടശ്ശേരിൽ കുടുംബയോഗം, മല്ലപ്പള്ളി**

www.vattasserilkudumbayogam.com www.vattasserilfamily.com

# മഹാപുരോഹിത സന്ദേശം

ശ്രേഷ്ഠമായ വലിയ നോമ്പെന്ന തുറമുഖത്തേയ്ക്ക് സഭാനൗക അടുക്കുന്നു. ഈ ലോകജീവതത്തിന്റെ കാറ്റിലും കോളിലും നാം ഉലയുമ്പോൾ നോമ്പ് ഒരു ആശ്വാസസ്ഥാനമാണ്. മഹത്തായ ഒരു ദേവാലയത്തിന്റെ ഉൾത്തളത്തിലെന്നവണ്ണം നാം നോമ്പിൽ സുരക്ഷിതരായിരിക്കുന്നു. ദൈവം നമുക്ക് നിർദ്ദേശിച്ചിരിക്കുന്ന ഒരു ചികിത്സാപദ്ധതിയാണ് നോമ്പ്. നാം അതിന് വിധേയപ്പെടുമ്പോൾ ആത്മീയമായ ഒരു പുനരുജ്ജീവനം സാദ്ധ്യമാകുന്നു. നോമ്പ് നമ്മുടെ ബോധവിചാരങ്ങളെ ജാഗ്രതപ്പെടുത്തി പരമാർത്ഥതയുടെ ആത്മാവിനെ പകരുന്നു.

സ്വർഗ്ഗീയ ഊർശ്ലേമിനെ നോക്കിയാത്ര ചെയ്യുന്ന തീർഥാടക സമൂഹം എന്ന നിലയിൽ നാം നമ്മുടെ യാത്രാപഥങ്ങളെ നിശ്ചയിക്കുകയും വഴിതെറ്റാതെ സ്വയം പരിരക്ഷിക്കുകയും ചെയ്യണം. അലംഭാവവും മറുതലിപ്പും കാരണം വാഗ്ദത്ത കനാനിലേക്കുള്ള പ്രവേശനം വൈകരുത്. ആരാധനയും നോമ്പുപവാസങ്ങളും വചന വായനയും യാത്രാപഥത്തെ സുഗ്രാഗ്യമാക്കിത്തീർക്കുന്നു.

ഭാരതത്തിന്റെ അപ്പോസ്തോലനും നമ്മുടെ പിതാവുമായ മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാമത് വാർഷികവും പ. വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ നവതിയും സഭാ ഭരണഘടനാ രൂപീകരണ നവതിയും നാം ആചരിക്കുന്ന ഈ മഹനീയ സന്ദർഭത്തിൽ ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച നടക്കുന്ന മാർത്തോമൻ പൈതൃകസംഗമ റാലിയിലും സമ്മേളനത്തിലും ഏവരും പങ്കു ചേരണമെന്ന് പിതൃവാത്സല്യത്തോടെ നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

പ. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകമാണ് മലങ്കര സഭയുടെ അസ്തിത്വവും അടിസ്ഥാനവും. മാർത്തോമ്മാ ശ്ലീഹായുടെ വഴിയിൽ ഭാസുരപ്രഭയോടെ നമ്മെ നയിച്ച വലിയ പിതാവായ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ക്രാന്തദർശിത്വമാണ് ഇരുപതാം നൂറ്റാണ്ടിൽ നിന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു പ്രയാണത്തിന് നമുക്ക് കരുത്തുപകരുന്നത്. 'ധീരോദാത്ത വിശുദ്ധ'നായ ആ പുണ്യവാന്റെ ഓർമ്മ നമുക്ക് അനുഗ്രഹത്തിനായിത്തീരട്ടെ. നമ്മുടെ രാഷ്ട്രത്തിന് ഒരു ഭരണഘടന ഉണ്ടാവും മുമ്പേ 1934 ൽ മലങ്കരസഭയ്ക്ക് ഉദാത്തമായ ഒരു ഭരണഘടന വിഭാവനം ചെയ്ത സഭാ പിതാക്കന്മാരെ നാം ഓർക്കണം. 21-ാം നൂറ്റാണ്ടിൽ സാക്ഷ്യമുള്ള ഒരു സഭയായി വളരുവാനും മലങ്കരസഭയ്ക്ക് ഒരു പുതുചരിത്രം കുറിക്കുവാനും മാർത്തോമ്മൻ പൈതൃകസംഗമം ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



മലങ്കരസഭ
ESTD. 1946
മാസിക
മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2024 ഫെബ്രുവരി. ലക്കം 2. പുസ്തകം 68. വില ₹ 25

LETTER FROM THE EDITOR

കാലപ്രവാഹത്തിൽ മത-രാഷ്ട്രീയ സംവിധാനങ്ങളുടെ സാമ്പ്രദായിക ഘടനകൾ അഴിയുകയും പുതുരൂപം കൈവരികയും ചെയ്യുന്ന പ്രക്രിയ സ്വാഭാവികമാണ്. ആരോഗ്യമുള്ള സമൂഹം അതിന്റെ ശിഥിലീകരണത്തിന്റെ കാരണങ്ങൾ അപഗ്രഥിക്കും. ആന്തരികമായി ബലപ്പെടുമ്പോൾ നാം സ്വാതന്ത്ര്യബോധമുള്ള സമുദായമായി മാറുന്നു. വൈദേശിക സ്വാധീനങ്ങളിൽ നിന്നുള്ള സ്വത്വപരമായ സുരക്ഷിതത്വം, ഭരണഘടനാപരമായ പരിരക്ഷയും നീതിപീഠങ്ങളുടെ വിധി തീർപ്പുകളുടെ കാവലും സാമ്പത്തിക-വിദ്യാഭ്യാസ മേധാശക്തിയുള്ള വിശ്വാസി സമൂഹം എന്നിവയൊക്കെ ഒരു സമുദായമെന്ന നിലയിൽ നാമാർജ്ജിച്ചുവെങ്കിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷപ്രകാശമുള്ള ഒരു സമൂഹം എന്നതായിരിക്കണം ആത്യന്തിക ലക്ഷ്യം. തിരുത്താവശ്യമെന്ന് തോന്നിയിട്ടും തിരുത്തുവാൻ മടിക്കുന്നിടത്ത് നാം തോറ്റു തുടങ്ങുന്നു.

രാജോന്മാദങ്ങൾ തീണ്ടാത്ത ജനാധിപത്യ മനുഷ്യരായ സ്ഥാനികളെ ഈ കാലം ആവശ്യപ്പെടുന്നു. സ്ഥാനങ്ങൾക്ക് സ്വയം രാജകീയ പരിവേഷം കൽപ്പിക്കുകയും അധികാരതൊങ്ങലുകളിൽ സ്വയം തലോടുകയും നീളെയുള്ള വാഴ്ത്തുപാട്ടുകൾക്ക് കാതോർക്കുകയും ക്രിയാത്മകമായ വിമർശനങ്ങൾക്കുനേരെ അസഹിഷ്ണുക്കളാകുകയും ചെയ്യുന്ന ഉപരിപ്ലവത പുതുതലമുറ ചെറുപുഞ്ചിരിയോടെ നോക്കിക്കാണുന്നുണ്ട്. ക്രിസ്തുവിൽ ഏക ശരീരമായ സഭയിലെ അംഗങ്ങൾ എന്ന നിലയിൽ ഒരു “അവയവബോധം” നമുക്കുണ്ടാകണം. ഓരോ അവയവവും എത്രമേൽ പാരസ്പര്യത്തിലാവുമ്പോഴാണ് ശരീരം വിശ്രാന്തി അനുഭവിക്കുന്നത്. ഇക്കാലത്ത് സഭ ആവശ്യപ്പെടുന്നതും ഈ സ്വാസ്ഥ്യമാണ്. പ. സഭയുടെ ആകമാനമായ ജീവചൈതന്യം നാം വർദ്ധിപ്പിക്കേണ്ടതുണ്ട്.

സഭാ വിശ്വാസികളുടെ മനോബലം തകർക്കും വിധമുള്ള വീൺവാക്കുകളും പൊട്ടച്ചൊല്ലുകളും സമുദായ സംവിധാനത്തിന്റെ ഏപ്പ് അഴിക്കുന്ന ദൈവാലോചനയില്ലാത്ത അല്പൻമാരുടെ രാഷ്ട്രീയ ബാന്ധവങ്ങളും നാം തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യണം. ഈ ദുഷിപ്പുകളെ നാം എന്തിനു ചുമക്കണം? സമൃദ്ധമായൊരു ഭൂതകാലം നമുക്കുണ്ടായിരുന്നു. സമർപ്പിത ചേതസ്സായ ഒരു മഹിതാചാര്യൻ ഈ കാലത്ത് നമ്മെ നയിക്കുന്നു. ശോഭനമായൊരു ഭാവിയും നമുക്കുണ്ട്.

“ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം!
നിന്റെ പ്രത്യാശയ്ക്കു ഭംഗം വരികയുമില്ല.”

(സദൃശ്യവാക്യം 23:18)

– ഫാ. സഖറിയാ തോമസ് പുതുപ്പള്ളി

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

**പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ്
മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. സഖറിയാ തോമസ്

**മാനേജിംഗ് എഡിറ്റർ**
ഫാ. തോമസ് രാജു കരുവാറ്റ

**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ്
നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
അലക്സിൻ ജോർജ് IPoS
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

*കംപ്യൂട്ടർ ഓപ്പറേറ്റർ*
*& ഗ്രാഫിക് ഡിസൈനർ :*
ജിന്റോ കുറിച്ചി

*അക്കൗണ്ടന്റ്:*
ബിജു വർക്കി
9947804477


MALANKARA ORTHODOX CHURCH PUBLICATIONS
DEVALOKAM-KOTTAYAM-1, KERALA, INDIA
E-mail : mocpublications@gmail.com
എം.ഒ.സി. ബുക്സ്
മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം
പെരുന്നാളുകൾക്ക് ഇടവക തലത്തിലുള്ള സ്റ്റാളുകൾക്ക് പ്രത്യേക നിരക്കിൽ പുസ്തകങ്ങൾ ലഭ്യമാണ്.
വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ,
സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ...
പരുമല സെമിനാരിയിൽ എം.ഒ.സി. ബുക്സ് സ്റ്റാൾ എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്നു.
ദുഃഖവെള്ളി ശുശ്രൂഷയ്ക്ക് ആവശ്യമായ സാധനങ്ങൾ അടങ്ങിയ കിറ്റ് എം.ഒ.സി. ശാഖകളിൽ ലഭ്യമാണ്.
വെള്ള കോട്ടൺ തുണി 5 മീറ്റർ, കോട്ടൺ 1 റോൾ, കുന്തിരിക്കം, റോസ് വാട്ടർ, വിന്നാഗിരി, ചെന്നിനായകം, കർപ്പൂരം, സാമ്പ്രാണി, പെർഫ്യൂം
Passion Week Kit
PASSION WEEK KIT
AVAILABLE FROM MARCH 1
₹1900
MOC BOOKS
Erayilkadavu Rd., Manorama Jn., Kottayam
Devalokam Aramana & Parumala Seminary
0481-2561305 8111925411 9496161305
MALANKARA ORTHODOX CHURCH PUBLICATION
MOC BOOK STALL
സഭയുടെ ഔദ്യോഗിക പുസ്തകവിൽപനശാല
MOC BOOKS

# അകം

CONTENTS





**8** **അഭിമുഖം : മാർത്തോമ്മൻ പൈതൃകം നമ്മുടെ അഭിമാനം**
- പ. കാതോലിക്കാ ബാവാ/ഡോ.തോമസ് കുരുവിള

**11** **സുധീരനായ ക്രിസ്തുശിഷ്യൻ..**
- ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

**13** **മാർത്തോമ്മൻ പൈതൃക സംഗമം**
**സ്തോത്രാർപ്പണവും പ്രതിജ്ഞാ ബദ്ധതയും...**

**16** **മലങ്കര നസ്രാണിയുടെ മാർത്തോമ്മൻ പൈതൃകം...**
- ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ

**18** **മാർത്തോമ്മൻ നസ്രാണി സംഗമം വിശ്വാസ ജീവിത പാതയിലെ...**
- റോണി വർഗീസ് ഏബ്രഹാം

**20** **മാർത്തോമ്മൻ പൈതൃകം ഒരു മഹാ സ്വാതന്ത്ര്യം**
- അഡ്വ. ബിജു ഉമ്മൻ


**22** **മാർത്തോമ്മൻ പൈതൃക സംഗമം**
- ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

**36** **ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്..**
- പ്രൊഫ. കെ.സി. മാണി

**44** **വിശുദ്ധ മാമ്മോദീസാ**
- ഫാ. സജി യോഹന്നാൻ

പംക്തികൾ

വചനദീപ്തി
പുതിയ നിയമ പഠനം
വേദാനുഭവം
മനപൂർവ്വം
യൂത്ത്ജംഗ്ഷൻ

മാർത്തോമ്മൻ പൈതൃക സംഗമം



പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ/
ഡോ. തോമസ് കുരുവിള

മലങ്കരസഭയുടെ നിരവധി ചരിത്രമുഹൂർത്തങ്ങൾക്ക് വേദിയായ കോട്ടയം എം.ഡി. സെമിനാരിയിൽ, 2024 ഫെബ്രുവരി 25-ാം തീയതി മാർത്തോമ്മൻ പൈതൃകസംഗമം സംഘടിപ്പിക്കുകയാണ്. ഇന്ത്യയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം ഓർമ്മയും, സഭാഭാസുരൻ പരി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമനവതിയും 'മഹാത്ഭുതം' എന്നു ഇന്ത്യയുടെ പരമോന്നത നീതിപീഠം വിശേഷിപ്പിച്ച സഭാഭരണഘടനയുടെ നവതിയും സംയുക്തമായി ആചരിക്കുന്ന വേളയിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മലങ്കരസഭാ മാസികയ്ക്ക് അനുവദിച്ച അഭിമുഖം. ഫെബ്രുവരി 12-ാം തീയതി 75-ാം വയസ്സിലേക്കു പ്രവേശിക്കുന്ന പരിശുദ്ധ പിതാവിന് 'മലങ്കരസഭ'യുടെ മംഗളാശംസകൾ...

# മാർത്തോമ്മൻ പൈതൃകം നമ്മുടെ അഭിമാനം



**? 2024 ഫെബ്രുവരി 25-ന് നടക്കുന്ന മാർത്തോമ്മൻ പൈതൃകസംഗമത്തിന്റെ പ്രാധാന്യമെന്താണ്?**

മലങ്കരസഭയുടെ മാർത്തോമ്മൻ പൈതൃകം എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ ഇന്നുവരെയും സഭ കൈവിടാതെ സൂക്ഷിക്കുന്ന ഒരു ഉപനിധിയാണ്. ഈ സഭയുടെ തനിമയും സാക്ഷ്യവും സ്വാതന്ത്ര്യവും എല്ലാം ഇതിലടങ്ങിയിരിക്കുന്നു. ലോകത്തിലെ എല്ലാ ക്രൈസ്തവസഭകൾക്കും കർത്തൃശിഷ്യന്മാരിൽനിന്നു നേരിട്ടോ, അവരുടെ ശിഷ്യന്മാർ മുഖാന്തിരമോ ലഭിച്ചിട്ടുള്ള ശ്ലൈഹികപാരമ്പര്യം മലങ്കരസഭയ്ക്കും ലഭിച്ചിട്ടുണ്ട്. മലങ്കരസഭയുടെ പൗരാണികത്വം വിളിച്ചറിയിക്കുന്ന ഒരു അനുക്രമവാക്യമാണ് നസ്രാണികൾ എന്നുള്ളത്. കൊച്ചിയിൽ താമസിച്ചിരുന്ന യഹൂദന്മാരിൽ നിന്ന് കുറെപ്പേർ ക്രിസ്ത്യാനികളായപ്പോൾ ആ യഹൂദക്രിസ്ത്യാനികളെ മറ്റ് യഹൂദന്മാർ വിളിച്ച പേരാണ് നസ്രാണികൾ എന്നുള്ളത് സുവിദിതമാണ്. അങ്ങനെ മലങ്കര നസ്രാണികൾ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നവരാണ്. മാർത്തോമ്മൻ ക്രിസ്ത്യാനികളുടെ അതിപുരാതനമായ പാരമ്പര്യവും ജീവിതശൈലിയും മനസ്സിലാക്കിക്കൊണ്ടാണല്ലോ ഏഷ്യയിൽ സാപ്പോർ ദ്വിതീയന്റെ 4-ാം നൂറ്റാണ്ടിലെ പീഡനങ്ങൾ സഹിക്കവയ്യാതെ പലായനം ചെയ്ത ക്രിസ്ത്യാനികൾ മലബാർ തീരത്ത് വന്നെത്തിയത്. അവർ കൊണ്ടുവന്ന പാശ്ചാത്യസുറിയാനി ഭാഷയും ആരാധനാക്രമങ്ങളും തദ്ദേശീയ ക്രിസ്ത്യാനികൾക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞത് മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ലഭിച്ച താദൃശമായ ഒരു സുറിയാനി

പാരമ്പര്യം അതിന്റെ പ്രാഗ്‌രൂപത്തിൽ ഇവിടെ നിലനിന്നിരുന്നുവെന്നതുകൊണ്ടാണ്. പിന്നീടുവന്ന പോർട്ടുഗീസ് മിഷനറിമാരും ഇംഗ്ലീഷ് മിഷനറിമാരും മാർത്തോമ്മൻ പൈതൃകത്തെ തമസ്കരിച്ച് ലാറ്റിൻ-ആംഗ്ലിക്കൻ പാരമ്പര്യങ്ങൾ അടിച്ചേല്പിക്കുവാൻ ശ്രമിച്ചെങ്കിലും അത് മലങ്കര നസ്രാണികൾക്ക് ഉൾക്കൊള്ളുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, അതിനെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്തു. അത് പാശ്ചാത്യസുറിയാനി പാരമ്പര്യം ഇവിടെ വരുന്നതിനുമുമ്പുതന്നെയാണ്. 1653-ൽ കൂനൻ കുരിശ് സത്യം നടക്കുമ്പോൾ പാശ്ചാത്യസുറിയാനി സഭാപാരമ്പര്യത്തെക്കുറിച്ച് മലങ്കര നസ്രാണികൾക്ക് അറിവില്ല. അതിനെപ്പറ്റി അല്പമെങ്കിലും പരിചയം വന്നത് 1665-ലെ പാശ്ചാത്യ സുറിയാനി പാരമ്പര്യം ഇവിടെ പരിചയപ്പെടുത്തിയതോടുകൂടിയാണ്. 1653-ൽ വാഴിക്കപ്പെട്ട മാർത്തോമ്മാ ഒന്നാമൻ 1665-ൽ മലങ്കരയിലേക്ക് ഒരു മെത്രാനെ ലഭിക്കുന്നതിന് ബാബിലോൺ, അന്ത്യോഖ്യാ, അലക്സാൻഡ്രിയ പാത്രിയർക്കീസുമാരോട് അഭ്യർത്ഥിച്ചപ്രകാരം ഡയർബക്കറിലുള്ള അന്ത്യോഖ്യാ സിറിയൻ ഓർത്തഡോക്സ് സഭയുടെ യേശുശലേം മെത്രാനായിരുന്ന മാർ ഗ്രീഗോറിയോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന അബ്ദുൾ മശിഹാ ഒന്നാമൻ മലങ്കരയിലേക്കയച്ചു. അങ്ങനെയാണ് മലങ്കര അന്ത്യോഖ്യൻ ബന്ധത്തിന് തുടക്കമായത്. ഈ ബന്ധം തുടർന്നുവെങ്കിലും 1808-ലെ കണ്ടനാട് പടിയോലയോടുകൂടിയാണ് പാശ്ചാത്യ സുറിയാനി സഭാപാരമ്പര്യമനുസരിച്ചുള്ള ആരാധനാക്രമങ്ങൾ മലങ്കരസഭ ഉപയോഗിച്ചു തുടങ്ങിയത്. പാശ്ചാത്യ സുറിയാനിസഭാപാരമ്പര്യം മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പാരമ്പര്യത്തെ തമസ്കരിച്ച് പരി. പത്രോസ് ശ്ലീഹായുടെ അന്ത്യോഖ്യൻ പാരമ്പര്യത്തെ ഉയർത്തിക്കാട്ടുവാൻ ശ്രമിച്ചുവെങ്കിലും നാളിതുവരെ അവർക്ക് അതിൽ വിജയിക്കുവാൻ കഴിഞ്ഞില്ല. മാർത്തോമ്മാ ഒന്നാമൻ മുതൽ പത്താമൻവരെ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ തുടർന്നു. 1817-ൽ മലങ്കരസഭയുടെ 11-ാമത് മലങ്കര മെത്രാപ്പോലീത്താ ആയി കോട്ടയം പുന്നത്ര കുര്യൻ റമ്പാനെ മലങ്കര സ്വതന്ത്രസുറിയാനി സഭയുടെ അധ്യക്ഷൻ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സീനോസ് രണ്ടാമൻ കോട്ടയം ചെറിയപള്ളിയിൽവെച്ച് വാഴിച്ചത് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ പിൻഗാമിയായിട്ടാണ്. മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ പാരമ്പര്യത്തിന്റെ സ്വതന്ത്രനിലപാട് 1889-ലെ റോയൽകോർട്ട് വിധി മുഖാന്തിരം സ്ഥാപിക്കപ്പെട്ടു. 1912-ലെ കാതോലിക്കേറ്റിന്റെ സ്ഥാപനത്തോടുകൂടെ മലങ്കരസഭയിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ എന്ന സ്ഥാനം ഒന്നാം കാതോലിക്കാ പരി. പൗലോസ് പ്രഥമൻ ബാവായ്ക്ക് അബ്ദുൾ മശിഹാ രണ്ടാമൻ പാത്രിയർക്കീസ് നല്കിയതോടെ മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തിന്റെ ആത്മീയവും ലൗകികവുമായ സ്വതന്ത്രപ്രഖ്യാപനമാണ് ഉണ്ടായത്. മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകം ലോകത്തിലെ മറ്റെല്ലാ സഭകളെയുംപോലെ സർവ്വസ്വതന്ത്രമായി നിലനിന്നതിന്റെ പരസ്യമായ ഒരു അംഗീകരണമാണ് ഇതിൽക്കൂടി വ്യക്തമാകുന്നത്. ഇന്ന് ലോകസമൂഹവും നീതിന്യായക്കോടതികളും സർവ്വാത്മനാ അംഗീകരിച്ച് ഉറപ്പിച്ചിരിക്കുന്ന സത്യമാണ് ഇത്. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഇപ്രകാരം മലങ്കര നസ്രാണികൾ സാഭിമാനം ആചരിക്കുകയാണ്.

**? മലങ്കരസഭാഭാസുരൻ പരി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ചരമനവതിയും ഇതോടൊപ്പം ആചരിക്കുകയാണ്. മലങ്കരസഭയുടെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ പരി. വട്ടശ്ശേരിൽ തിരുമേനിക്കുള്ള പങ്ക് അനുസ്മരിക്കാമോ?**

മലങ്കരസഭയുടെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ മരണത്തെ മുഖാമുഖം കണ്ട മലങ്കരസഭയുടെ വലിയ പിതാവാണ് പരി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്. പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യുന്നതിന് അസാമാന്യമായ ആത്മീയശക്തിയും ബുദ്ധിവൈഭവവും കർമ്മകുശലതയും ഈ പിതാവ് പ്രകടമാക്കി. 1909 മുതൽ 1934 വരെ മലങ്കര മെത്രാപ്പോലീത്ത എന്ന സ്ഥാനത്തിൽ മലങ്കരസഭയെ സുധീരം നയിച്ച പിതാവാണ് പരി. വട്ടശ്ശേരിൽ തിരുമേനി. ആ പിതാവിന്റെ 90-ാം ചരമവാർഷികം നാം ആചരിക്കുമ്പോൾ മലങ്കരസഭയെ ഉറ്റുസ്നേഹിക്കുന്ന ആരുടെയും രക്തം തിളയ്ക്കും, രോമാഞ്ചം കൊള്ളും. മുടക്കിന്റെ അർത്ഥശൂന്യതയും നീതിരാഹിത്യവും തിരിച്ചറിഞ്ഞ മലങ്കരസഭ ആ പിതാവിനു പിന്നിൽ പാറപോലെ ഉറച്ചു നിന്നത് വട്ടശ്ശേരിൽ തിരുമേനിയിലുള്ള വിശ്വാസം കൊണ്ടു മാത്രമാണ്. എങ്കിലും മലങ്കരസഭയുടെ ശാശ്വതസമാധാനത്തിനുവേണ്ടി ഭൂമിയോളം താഴുവാൻ ശ്രമിച്ച അദ്ദേഹത്തെ ചവിട്ടിത്താഴ്ത്താൻ ശ്രമിച്ചവർക്ക് 1928-ലെ ഹൈക്കോടതി വിധി തിരിച്ചടിയായി. മലങ്കരസഭയുടെ സകലസ്വത്തുക്കളും മലങ്കര മെത്രാപ്പോലീത്താ ആയ വട്ടശ്ശേരിൽ തിരുമേനിയുടെ ഉടമസ്ഥതയിൽ വന്നു. അദ്ദേഹത്തിന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അസന്നിഗ്ദ്ധമായി കോടതി അംഗീകരിച്ചു. 1889-ലെ റോയൽ കോടതി വിധിയും 1928-ലെ ഹൈക്കോടതി വിധിയും മലങ്കരസഭയുടെ മാർത്തോമ്മൻ പൈതൃകത്തെ ഉറപ്പിക്കുന്നതാണ്. പരി. വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന കാലത്തുതന്നെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢരായിരിക്കുന്ന 3 കാതോലിക്കാമാരെ വാഴിക്കുവാനും, അതിൽ രണ്ടും മൂന്നും കാതോലിക്കാമാരുടെ സ്ഥാനാരോഹണത്തിൽ മലങ്കരസഭയുടെ സുന്നഹദോസ് അധ്യക്ഷൻ എന്ന നിലയിൽ പ്രധാന കാർമ്മികത്വം വഹിക്കാനും കഴിഞ്ഞത് ആ പിതാവിനു ലഭിച്ച വലിയ ഭാഗ്യമാണ്. 1928 ഓഗസ്റ്റ് 15-ാം തീയതി പരി. വട്ടശ്ശേരിൽ തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ മാനേജിങ് കമ്മറ്റി മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുവാൻ റാവു സാഹിബ് ഒ.എം. ചെറിയാന്റെ നേതൃത്വത്തിൽ ഒരു സബ്കമ്മറ്റി രൂപീകരിച്ച് സഭയുടെ വ്യവസ്ഥാപിതയാത്രയ്ക്ക് ആരംഭം കുറിച്ചു. പരി. വട്ടശ്ശേരിൽ തിരുമേനിയുടെയും മൂന്നാം കാതോലിക്കാ ആയിരുന്ന പരി. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും ആറുവർഷത്തെ അശ്രാന്ത പരിശ്രമത്തിന്റെ പരിപൂർത്തി കണ്ടതിനുശേഷമാണ് 1934

മാർത്തോമ്മൻ പൈതൃക സംഗമം

ഫെബ്രുവരി 23-ാം തീയതി ആ പിതാവ് ദൈവസന്നിധിയിലേക്ക് യാത്രയായത്.

അദ്ദേഹത്തിന്റെ കബറിടത്തിൽ പരി. ഗീവർഗീസ് ദ്വിതീയൻ ബാവാ ആലേഖനംചെയ്ത ആപ്തവാക്യം ചരമനവതിവർഷത്തിലും അന്വർത്ഥമാകുകയാണ് : 'Time will not Dim his glory."

**? മലങ്കരസഭാഭരണഘടന നിലവിൽ വന്നതിന്റെ നവതി വർഷം കൂടിയാണ് ഇത്. മലങ്കരസഭാ ഭരണഘടനയ്ക്കുള്ള അനന്യത എന്താണ്?**

ലോകത്തിൽ പുരാതന സഭകൾക്കെല്ലാം ഒരു ഭരണഘടന ഉണ്ടാകുന്നതിനുമുമ്പ് 1934-ൽ വ്യവസ്ഥാപിതമായ ഒരു ഭരണഘടന നിലവിൽ വന്നത് മലങ്കരസഭയ്ക്കാണ്. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ നിലനിന്നിരുന്ന ഇന്ത്യാമഹാരാജ്യത്തിനുപോലും ഒരു സ്വതന്ത്രമായ ഭരണഘടന ഉണ്ടാകുന്നത് 1949-ൽ മാത്രമാണ്. ഇത് മലങ്കര നസ്രാണികൾക്ക് എന്നും അഭിമാനിക്കാവുന്ന സത്യമാണ്. മലങ്കരസഭയുടെ പ്രബുദ്ധരായ നേതാക്കന്മാർ-മെത്രാന്മാരും വൈദികരും അല്മായക്കാരും- ഒത്തുചേർന്ന് രൂപംകൊടുത്ത്, 1934 ഡിസംബർ 26-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസാക്കിയതു മുതൽ മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ ഭരണക്രമത്തിന് ഒരു ചട്ടക്കൂടുണ്ടായി. 1935 മുതൽ ഈ ഭരണഘടനയെ ചോദ്യംചെയ്ത് കോടതികളിൽ കേസുണ്ടായിട്ടും 1958, 1995, 2002, 2017 എന്നീ വർഷങ്ങളിലെ സുപ്രീംകോടതിവിധികൾ ഈ ഭരണഘടനയെ അവിതർക്കിതമായി സാധുതയുള്ളതായി പ്രഖ്യാപിച്ചു. ഇത് ഒരു 'Trust deed' അല്ലാത്തതിനാലും ഇത് സഭയുടെ ഭരണക്രമീകരണ (Scheme of administration) ത്തിനുള്ളതായതിനാലും അത് രജിസ്റ്റർ ചെയ്യേണ്ട ആവശ്യംപോലും ഇല്ല എന്ന് 2017-ലെ സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നു. അതേസമയംതന്നെ മലങ്കരസഭ ഒരു ട്രസ്റ്റാണെന്നും ആ ട്രസ്റ്റിന്റെ ഭരണക്രമീകരണത്തിന് സമഗ്രമായി ക്രോഡീകരിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും അതിന്റെ പരിധിയിൽ നിന്ന് മലങ്കരസഭയിലെ ഒരംഗത്തിനും മാറിനില്ക്കാൻ സാധ്യമല്ലെന്നും അങ്ങനെ മാറിനിന്നാൽ അവർ മലങ്കരസഭയുടെ ഭാഗമല്ലാതായിത്തീരും എന്നും സുപ്രീംകോടതി 2017-ൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. മലങ്കരസഭയിലെ ഏതാനുംപേർ ചേർന്ന് മറ്റൊരു സംഘടന ഉണ്ടാക്കുകയും 2002-ൽ ആ സംഘടനയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുകയും ചെയ്തുവെങ്കിലും ആ ഭരണഘടന മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അസാധുവാണെന്നും മലങ്കരസഭയിൽ അതിനു നിലനില്പില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഈ ഭരണഘടന നിലവിൽ വന്നതിന്റെ 90-ാം വാർഷികമാണ് നാം ഇത്തരുണത്തിൽ ആഘോഷിക്കുന്നത്. ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് മാർത്തോമ്മൻ പൈതൃകവും പരി. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വവും മലങ്കരസഭാ ഭരണഘടനയുടെ അംഗീകരണവും ഇല്ലാത്തവർക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ സ്ഥാനമില്ല എന്നാണ്. ഈ അടിസ്ഥാനതത്വങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുവാൻ മലങ്കരസഭാ മക്കൾക്കും സന്തതി പരമ്പരകൾക്കും ആ ചന്ദ്രതാരം ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാം നിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

ക്രിസ്തുവിന്റെ വിലാവിനോടും രക്തത്തോടും ചേർന്ന് നിൽക്കുന്ന ശ്ലീഹായാണ് 'ദിദിമോസ്'- 'ഇരട്ട' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ തോമാശ്ലീഹാ. ശിഷ്യൻ അവന്റെ ജീവിതം രൂപപ്പെടുത്തുന്നത് ഗുരുവിന്റെ പിൻബലത്താലാണ്. ക്രിസ്തുവെന്ന ഗുരുവിലുള്ള അടിയുറച്ച വിശ്വാസമാണ് എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന പ്രഖ്യാപനത്തിൽ നിറഞ്ഞു നിൽക്കുന്നത്. പ്രത്യേകിച്ച് മാർ തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ പെരുന്നാൾ നാം ആചരിക്കുമ്പോൾ ആ പിതാവിലൂടെ നമ്മുടെ രാജ്യത്ത് സ്ഥാപിതമായ പരിശുദ്ധ സഭയുടെ കാതോലികതയും സാർവത്രികതയും ഏകതയും വിശുദ്ധിയും ഹൃദയത്തിൽ സൂക്ഷിക്കുവാനുള്ള വലിയ ഉത്തരവാദിത്വം സഭാമക്കളായ നമുക്കേവർക്കുമുണ്ട്. നമ്മുടെ ഉള്ളിലെ വെളിച്ചത്തെ പ്രകാശിത പൂർണ്ണമാക്കുവാൻ ആവണം നാം ക്രിസ്തുവിനെ അന്വേഷിക്കേണ്ടത്. ദൈവാനുഭവം ഒരാളെ പ്രകാശിപ്പിക്കും എന്നതിന് തെളിവാണ് സീനായി മലയിൽനിന്ന് ഇറങ്ങിവന്ന മോശ. ശിഷ്യരിൽ നിന്ന് പുറപ്പെടുന്ന പ്രകാശമാണ് ഗുരുസാന്നിധ്യത്തെ ഈ ലോകത്തിന് വെളിപ്പെടുത്തുന്നത്. ക്രിയാത്മകവും അതുപോലെ ആകർഷകവുമായ ആധ്യാത്മികതയ്ക്ക് ഉടമയാണ് തോമാശ്ലീഹാ. ഇംഗ്ലണ്ടിലെ കാന്റർബറി ആർച്ച്ബിഷപ്പായിരുന്ന റോവൻ വില്യംസ് രചിച്ച 'ഫെയ്ത്ത് ഇൻ പബ്ലിക്ക് സ്ക്വയർ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രതിപാദിക്കുന്നു: 'ക്രിസ്തീയ വിശ്വാസവും വചനപ്രഘോഷണവും ചിലപ്പോഴെങ്കിലും ഉദ്ദേശിച്ച ഫലം തരുന്നില്ല എന്ന ചിന്തയുണ്ടാക്കുന്നുണ്ടെങ്കിൽ, നമുക്ക് നമ്മുടെ വിശ്വാസത്തെയും വചനത്തെയും ക്രിയാത്മകമായും ആകർഷകമായും അവതരിപ്പിക്കാൻ സാധിക്കാത്തതുകൊണ്ടാണത്.' ഏത് വിപണിയിലും എത്രയും പെട്ടെന്ന് വിൽക്കപ്പെടുന്നത് ഉപഭോക്താവിനെ തത്ക്ഷണം ആകർഷിക്കാൻ സാധിക്കുന്ന വസ്തുക്കളാണ്. പ്രതീകാത്മകമായി മാത്രം ഈ ഉദാഹരണത്തെ കാണുകയാണെങ്കിലും അത് നമുക്ക് ധ്യാനവിഷയമാക്കാവുന്നതാണ്. അത് വചനമായാലും ആധ്യാത്മികതയായാലും ക്രിയാത്മകമായി വ്യക്തിപരമായ അനുഭവത്തിൽനിന്ന് ആകർഷകമായി നൽകാൻ സാധിച്ചില്ലെങ്കിൽ ഉദ്ദേശിക്കുന്ന ലക്ഷ്യം ലഭിക്കണമെന്നില്ല.

ക്രിസ്തുവർഷം 52-ൽ ക്രിസ്തുമാർഗ്ഗ പ്രചാരത്തിനായി തോമാശ്ലീഹാ കേരളത്തിലെത്തി. മലബാറിലെ കൊടുങ്ങല്ലൂരിലാണ് അദ്ദേഹം കപ്പലിറങ്ങിയത്. തെക്കെ ഇൻഡ്യയിൽ സ്ഥിതി ചെയ്യുന്ന മലബാർ ഇന്നത്തെ കേരളത്തെക്കാൾ

മാർത്തോമ്മൻ പൈതൃക സംഗമം

# സുധീരനായ ക്രിസ്തുശിഷ്യൻ മാർ തോമാശ്ലീഹാ

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ



വലുതും കേരളത്തിന്റെ വടക്കുഭാഗത്തു ഇന്നു മലബാർ എന്ന വിശേഷിക്കപ്പെടുന്ന ഭൂവിഭാഗത്തെക്കാൾ വ്യത്യസ്തവുമായിരുന്നു. ക്രിസ്തുവിനു മുമ്പുപോലും മധ്യപൂർവ്വ രാജ്യങ്ങളുമായി വണിജ്യബന്ധം സ്ഥപിച്ചതിൽ ഖ്യാതി നേടിയിരുന്നു മലബാർ. മലബാറിന്റെ തീരപ്രദേശങ്ങളിൽ ധാരാളം യഹൂദ കോളനികളുണ്ടായിരുന്നു. ഇസ്ലാം മതത്തിന്റെ ആവിർഭാവത്തിനു മുമ്പുവരെ ഇവരുടെ വാണിജ്യഭാഷ, യേശു സംസാരിച്ചിരുന്ന ഭാഷയായ 'അറമായ' ആയിരുന്നു. എന്നാൽ ക്രിസ്തുവർഷം 44-ൽ തോമാശ്ലീഹാ ഗുജറാത്തിലെ ബറൂച്ചിൽ എത്തിയെന്നും ഉജ്ജൈൻ മഥുര വഴി തക്ഷശില വരെ സഞ്ചരിച്ചെന്നും ക്രിസ്തുവർഷം 49-വരെ സുവിശേഷ വേല ചെയ്തെന്നും ആധുനിക പഠനങ്ങൾ തെളിയിക്കുന്നു. രാഷ്ട്രീയ സാഹചര്യങ്ങൾ അനുകൂലമല്ലാതിരുന്നതിനാൽ അദ്ദേഹം തിരിച്ചുപോയെന്നും രണ്ടാം ഭാരത യാത്രയിലാണു ക്രി.വ.52-ൽ അദ്ദേഹം ദക്ഷിണ ഭാരതത്തിലെത്തിയതെന്നും പ്രസ്തുത പഠനം സ്ഥാപിക്കുന്നു. രണ്ടാം നൂറ്റണ്ടിനു ശേഷം എഴുതപ്പെട്ട യൂദാസ് തോമസിന്റെ നടപടികൾ എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിലെ പരാമർശങ്ങളുമായി ഈ വാദഗതിക്കു സുദൃഡമായ സാമ്യമുണ്ടു. ഗോണ്ടഫോറസ് എന്ന ഇന്ത്യൻ രാജാവിന്റെ ക്ഷണപ്രകാരം അദ്ദേഹത്തിനു ഒരു കൊട്ടാരം പണിയാനാണ് തോമാശ്ലീഹാ ഭാരതത്തിലെത്തിയത് എന്നു പ്രസ്തുത ഗ്രന്ഥം സാക്ഷിക്കുന്നു. പത്തൊമ്പതാം ശതകത്തിൽ ഭാരതത്തിന്റെ പശ്ചിമോത്തര ഭാഗങ്ങളിൽ നടന്ന പുരാവസ്തു ഖനനങ്ങളിൽ ഗോണ്ടഫോറസ് രാജാവിന്റെ നാണയങ്ങൾ കണ്ടെടുത്തതു ഇത് ചരിത്ര സംഭവമാണെന്നു തന്നെ തെളിയിക്കുന്നു. 325-ലെ ഒന്നാം എക്യൂമെനിക്കൽ സുന്നഹദോസ് (നിഖ്യ) കാലം മുതൽ തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെ പരാമർശിക്കുന്ന ഒട്ടനവധി ക്രൈസ്തവ രേഖകൾ ഉണ്ട്. അതിൻചില തെളിവുകൾ ചേർക്കുന്നു:

**1) തോമായുടെ നടപടികൾ (2-3നൂറ്റാണ്ട്):** യേശുവിന്റെ കല്പനപ്രകാരം പ്രേഷിതപ്രവർത്തനത്തിനായി ഏതു ദേശത്തേയ്ക്കു പോകണം എന്നു നിശ്ചയിക്കാൻ ശ്ലീഹന്മാർ കുറിയിടുന്നു. തോമാശ്ലീഹായ്ക്കു ഇൻഡ്യ ലഭിക്കുന്നു. ഹാബാൻ എന്ന വ്യാപാരി തോമാശ്ലീഹായെ ഭാരത്തിലെ ഒരു രാജാവായ ഗോണ്ടഫോറസിന്റെ അടുത്തു കൊണ്ടുവരുന്നു. ഭാരതത്തിലേക്കുള്ള യാത്ര സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. നീണ്ട കൊട്ടാരവാസത്തിനു ശേഷം തോമാശ്ലീഹ നേതാക്കന്മാരെ അഭിഷേകം ചെയ്ത് രഥത്തിൽ മസ്ദായിയുടെ രാജ്യത്തിലേക്കു പോകുന്നു. അവിടെ ധാരാളം അദ്ഭുതങ്ങൾ പ്രവർത്തിച്ചതിനു ശേഷം രക്തസാക്ഷിത്വം വരിക്കുന്നു.

**2) ഡിഡാസ്കാലിയ അഥവാ അപ്പോസ്തോലിക പ്രബോധനം:** 'അപ്പോസ്തോലന്മാരുടെ കാലശേഷം സഭയിൽ നിർദ്ദേശകരും നിയന്താക്കളുമുണ്ടായിരുന്നു..... തങ്ങൾക്കു അപ്പസ്തോലന്മാരിൽനിന്നു ലഭിച്ച പൈതൃകം അവർ തങ്ങളുടെ അനന്തരഗാമികൾക്കു കൈമാറി;... യൂദാസ് തോമാ ഭാരതത്തിൽ നിന്നും (എഴുതിയതുപോലെ)'. "അവൻ സ്ഥാപിച്ചതും ഭരിച്ചു നടത്തിയിരുന്നതുമായ സഭയുടെ നിർദ്ദേശകനും നിയന്താവുമായ യൂദാസ് തോമായുടെ കൈവയ്പ്പുശുശ്രൂഷ ഭാരതത്തിലും അതിലെ ദേശങ്ങളിലും അതിന്റെ അതിർത്തിദേശങ്ങളിലും സമുദ്രാതിർത്തി വരെയുള്ള ദേശങ്ങളിലുമുള്ള ഏറെപ്പേർക്കു ലഭിക്കുകയു ണ്ടായി".

### തോമാശ്ലീഹായുടെ രക്തസാക്ഷിത്വം

തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെയും രക്തസാക്ഷിത്വത്തെയുംകുറിച്ച് നമുക്ക് അറിവ് നൽകുന്ന വിവിധങ്ങളായ ആദ്യകാല കൃതികളിൽ ഒന്നാണ് സെന്റ് ജോൺ ക്രിസോസ്റ്റമിന്റെ ഹോമിലി 26. പ്രസിദ്ധ വാഗ്മിയും പണ്ഡിതനുമായ വിശുദ്ധ ക്രിസോസ്റ്റം 387-ൽ അന്ത്യോക്യയിൽവച്ച് നടത്തിയ ഒരു പ്രസംഗത്തിൽ തോമാശ്ലീഹാ സ്ഥാപിച്ച ഇന്ത്യയിലെ സഭയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: 'റോമിൽ സിംഹാസനത്തിൽ ഇരിക്കുന്ന മാർപാപ്പയ്ക്ക് അറിയാം ഇന്ത്യയിലും ക്രിസ്ത്യാനികൾ ഉണ്ട്.' നാലാം നൂറ്റാണ്ടായപ്പോഴേക്കും ശ്ലീഹന്മാർ എവിടെയെല്ലാമാണ് സുവിശേഷം പ്രസംഗിച്ചത് എന്ന് ക്രൈസ്തവ എഴുത്തുകാർക്ക് അറിയാമായിരുന്നു. പാർത്ഥിയാക്കാരോടും ഇന്ത്യക്കാരോടും തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചു എന്ന് ക്രിസോസ്റ്റം എഴുതുന്നു. വടക്കേ ഇന്ത്യ ഉൾപ്പെടുന്ന പാർത്ഥിയായിൽ ഒന്നാം പ്രേഷിതയാത്രയിലും ഇന്ത്യ എന്നു ക്രിസോസ്റ്റം വിളിക്കുന്ന തെക്കേ ഇന്ത്യയിൽ രണ്ടാമത്തെ പ്രേഷിതയാത്രയിലും. തോമാശ്ലീഹായുടെ കബറിടത്തെ സംബന്ധിച്ചും ക്രി

സോസ്റ്റമിന് വ്യക്തമായ അഭിപ്രായമുണ്ട്. അദ്ദേഹം എഴുതുന്നു: 'പഴയനിയമത്തിലെ അഹറോന്റെയും ഡാനിയേലിന്റെയും ജറമിയായുടെയും അസ്ഥികൾ എവിടെയാണെന്ന് നമുക്കറിയില്ല. എന്നാൽ പത്രോസിന്റെയും ജോണിന്റെയും തോമായുടെയും നമുക്കറിയാം.' പത്രോസിന്റെയും പൗലോസിന്റെയും കബറിടങ്ങൾ റോമിലാണെങ്കിൽ തോമായുടേത് ഇന്ത്യയിലാണെന്ന് എല്ലാ എഴുത്തുകാർക്കും അറിയാവുന്ന കാര്യമായിരുന്നു എന്നാണ് ഇത് അർഥമാക്കുന്നത്.

തോമാശ്ലീഹ ഇന്ത്യയിലാണ് രക്തസാക്ഷിത്വം വരിച്ചതെന്ന് വളരെ കൃത്യമായി അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് ടൂർസിലെ വിശുദ്ധ ഗ്രിഗറിയുടെ (538-593) 'ഇൻ ഗ്ലോറിയാ മർത്തീരും' എന്ന ഗ്രന്ഥം. മൈലാപ്പൂരിൽ തോമാശ്ലീഹായുടെ കബറിടം സന്ദർശിച്ച് മടങ്ങിവന്ന തിയദോർ എന്ന തീർഥാടകനിൽനിന്നാണ് തനിക്ക് ഇക്കാര്യങ്ങൾ അറിയാൻ കഴിഞ്ഞതെന്ന് ഗ്രിഗറി എഴുതുന്നു. ശ്ലീഹായുടെ ഭൗതികാവശിഷ്ടം എദേസായിലേക്ക് കൊണ്ടുപോയെങ്കിലും അടക്കം ചെയ്ത സ്ഥലം ആളുകൾ ഇപ്പോഴും സന്ദർശിച്ചുകൊണ്ടിരിക്കുന്നു എന്നദ്ദേഹം എഴുതുന്നു. വലിയ പണ്ഡിതനായിരുന്ന സെവിലിലെ ഇസിദോർ (560-636) തോമാശ്ലീഹ സുവിശേഷമറിയിച്ച രാജ്യങ്ങൾ പാർത്ഥിയ, മേദിയ, പേർഷ്യ, ഹിർക്കാനിയ, ബാക്ട്രിയ, ഇന്ത്യ എന്നിവയാണെന്ന് 'എത്തിമോളോഗുമെന ലീബേർ' എന്ന ഗ്രന്ഥത്തിൽ കുറിക്കുന്നു. ശ്ലീഹ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ചതിനെക്കുറിച്ച് 'ദെ ഓർത്തു എത്ത് ഒബീത്താ പാത്രെ' എന്ന ഗ്രന്ഥത്തിലും വിവരിക്കുന്നു.

മൈലാപ്പൂരിൽനിന്നും എദേസായിലേക്കു കൊണ്ടുപോയ ഭൗതികാവശിഷ്ടം മുഹമ്മദീയാക്രമണത്തെത്തുടർന്ന് കിയോസ് എന്ന ദ്വീപിലേക്കും തുടർന്ന് ഇറ്റലിയിലെ ഒർത്തോണ എന്ന സ്ഥലത്തേക്കും കൊണ്ടുപോയി. ചരിത്രപഠനം സത്യാന്വേഷണമാകുമ്പോൾ തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വവും മൈലാപ്പൂരിലെ രക്തസാക്ഷിത്വവും അവിതർക്കിതമായ സത്യമാണെന്ന് വ്യക്തമാകും. തോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനത്തെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടെങ്കിലും ജൂലൈ 3 തോമാശ്ലീഹായുടെ പെരുന്നാളായി ആചരിക്കുന്നു. തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോയതും അവിടെ ഒരു ദേവാലയം സ്ഥാപിച്ച് തിരുശേഷിപ്പ് അവിടെ സ്ഥാപിച്ച് പള്ളിയുടെ പ്രതിഷ്ഠാകർമ്മം നടത്തിയതും ജൂലൈ 3-ന് ആണെന്ന് കരുതപ്പെടുന്നു. കൂടാതെ, ഡിസംബർ 18-ാം തീയതി മാർ തോമാശ്ലീഹാ കുന്തമേറ്റുവെന്നും ഡിസംബർ 21-ാം തീയതി രക്തസാക്ഷിത്വ മരണം വരിച്ചുവെന്നും ഒരു പാരമ്പര്യം നിലനിൽക്കുന്നുണ്ട്. അതനുസരിച്ച്, ആ ദിനങ്ങൾ തോമാശ്ലീഹായുടെ ഓർമ്മദിനങ്ങളായി ആചരിക്കുന്ന പതിവുമുണ്ട്.

സുവിശേഷങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ തോമാശ്ലീഹായുടെ ക്രിയാത്മകവും ആകർഷകവുമായി ആധ്യാത്മിക വ്യക്തിത്വത്തിന് ഉടമയാക്കിയ മൂന്ന് ജീവിത ദർശനങ്ങളെ തിരിച്ചറിയുവാൻ സാധിക്കും. ക്രിയാത്മകമായ വിശ്വാസജീവിതമാണ് ഉത്താരാധുനികതയുടെയും സത്യാനന്തരതയുടെയും കാലമായ ഇന്നിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തനാക്കുന്നത്.

**1) അനിശ്ചിതത്വങ്ങളെ നേരിടുവാനുള്ള മനോധൈര്യം**

ജീവിതത്തിലെ അനിശ്ചിതത്വങ്ങളിലും അരക്ഷിതാവസ്ഥയിലും നമ്മെ സ്ഥൈര്യരാക്കുന്നത് സമാനതകളില്ലാത്ത ദൈവാശ്രയ ബോധമാണെന്ന് സ്വജീവിതംകൊണ്ട് ശ്ലീഹാ കാണിച്ചുതന്നു. യോഹ. 11:7-ൽ യേശുക്രിസ്തു ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: 'നമുക്ക് വീണ്ടും യെഹൂദ്യയിലേക്ക് പോകാം.' അടുത്ത വചനത്തിൽ, യോഹ. 11:8-ൽ ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു: 'യഹൂദന്മാർ ഇപ്പോൾത്തന്നെ, നിന്നെ കല്ലെറിയാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോവുന്നുവോ?' അപ്പോൾ തോമാശ്ലീഹ പറയുന്ന വാക്കുകൾ യോഹ. 11:16-ൽ രേഖപ്പെടുത്തിയിട്ടുണ്ട്: 'അവനോടൊപ്പം മരിക്കേണ്ടതിന് നമുക്കും പോകാം.' ഗുരുവിന്റെ കുരിശിന്റെ വഴിയിലേക്ക്, അവന്റെ അരക്ഷിതാവസ്ഥയിലേക്ക്, ഒറ്റിക്കൊടുക്കപ്പെടുന്ന, മുറിവേൽക്കുന്ന, ഒറ്റപ്പെടുത്തപ്പെടുന്ന, കുരിശിലേറ്റപ്പെടുന്ന അനിശ്ചിതത്വത്തിലേക്ക് നമുക്കും പോകാം എന്ന് സഹോദരന്മാരെ പ്രബോധിപ്പിക്കുന്നു തോമസ്. ജീവിത സാഹചര്യങ്ങൾ എത്ര പ്രതികൂലമാണെങ്കിലും ക്രിയാത്മകമായി, സ്ഥൈര്യത്തോടെ പരീക്ഷണങ്ങളെ നേരിടുന്നവർക്കേ കർത്താവിന്റെകൂടെ ധൈര്യത്തോടെ, ദൃഢനിശ്ചയത്തോടെ ആയിരിക്കാൻ സാധിക്കൂ. ഇത് നമ്മെ സമാനതകളില്ലാത്ത ദൈവാശ്രയബോധത്തിലേക്ക് നയിക്കുന്നു.

**2) അകവും പുറവും ഒന്നായി സൂക്ഷിച്ച ശിഷ്യൻ**

ജീവിതത്തിലെ ഓരോ സംശയവും പ്രതിസന്ധികളും തിളക്കമുള്ള ആധ്യാത്മിക ഉൾക്കാഴ്ചയിലേക്ക് നയിക്കുമെന്ന് തോമാശ്ലീഹായുടെ സാക്ഷ്യം പഠിപ്പിക്കുന്നു. യോഹ. 14:5-ൽ തോമസ് യേശുവിനോട് ചോദിക്കുന്നുണ്ട്: 'കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും.' അടുത്ത വചനത്തിൽ, യോഹ. 14:6-ൽ യേശുതമ്പുരാൻ പ്രതിവചിച്ചു: 'വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല.' പിതാവിനെപ്പോലെ പരിശുദ്ധരായിരിക്കാൻ, അല്ലെങ്കിൽ, പൗലോസ് ശ്ലീഹാ ഓർമപ്പെടുത്തുംപോലെ വിശുദ്ധിയിലേക്ക് പ്രയാണം ചെയ്യാൻ വിളിക്കപ്പെട്ടവരാണ് നാം. പിതാവിലേക്കുള്ള വഴിയറിയാതെ, സംശയത്തിലും ആത്മവിശ്വാസക്കുറവിലും നിന്ന തോമസിനെ തിളക്കമുള്ള ആധ്യാത്മികതയുടെ ആഴങ്ങളിലേക്ക് യേശു നയിക്കുന്നു. സ്വന്തം അറിവില്ലായ്മയെയും ബോധ്യമില്ലായ്മയെയും കുറിച്ച് സങ്കോചമില്ലാതെ തുറന്നു പറയുന്നു തോമസ്.

ആത്മീയതയുടെ ആടയാഭരണങ്ങൾ ഇല്ലാതെ ഗുരുമുഖത്തുനിന്ന് എളിമയോടെ പഠിക്കുന്ന തോമസിന്റെ തുറവിയുടെ ആധ്യാത്മികത അനുകരണീയമാണ്. തന്റെ അകവും പുറവും ഒരുപോലെ വേണമെന്ന് ആഗ്രഹിച്ചവന് ഗുരു ഏറ്റവും വലിയ ആധ്യാത്മിക ദർശനം നൽകി. വിശുദ്ധിയിലേക്കുള്ള വഴി താൻ തന്നെയാണെന്ന് യേശു വെളിപ്പെടുത്തിക്കൊടുത്തു.

**3) ആൾക്കൂട്ടത്തിൽ ഒരുവനാകാത്ത കരുത്തുറ്റ വേറിട്ട ശബ്ദം**

യോഹ. 20: 25-28 വചനങ്ങളിൽ പക്വതയാർന്ന

ശേഷം 19-ാം പേജിൽ...

മാർത്തോമൻ പൈതൃക സംഗമം

ഫെബ്രുവരി 25
ഞായറാഴ്ച

# മാർത്തോമൻ പൈതൃക സംഗമം; സ്തോത്രാർപ്പണവും പ്രതിജ്ഞാബദ്ധതയും

രണ്ട് സഹസ്രാബ്ദത്തിന്റെ പ്രോജ്ജ്വലമായ ചരിത്രം പേറുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ക്രിസ്തീയസഭയോളം തന്നെ പൗരാണികതയുണ്ട്. വിശുദ്ധ മാർത്തോമാ ശ്ലീഹാ നട്ടുവളർത്തിയ ക്രിസ്തീയമാർഗം പതിനാറ് നൂറ്റാണ്ട് അഭംഗുരം വികസിതമായിക്കൊണ്ടിരുന്നു. വിശ്വാസപരമായി ക്രിസ്തീയവും ആചാരപരമായും സാംസ്കാരി കമായും ഭാരതീയവും കേരളീയവുമായ തദ്ദേശീയ ക്രിസ്തീയസഭ, 'മാർത്തോമാ ക്രിസ്ത്യാനികൾ' എന്നും 'മാർത്തോമാ നസ്രാണികൾ' എന്നും അറിയപ്പെട്ടിരുന്നു. ദേശീയവും ജനാധിപത്യപരവുമായ സവിശേഷതകളോടെ തനിമ ചോരാതെയും സ്വാതന്ത്ര്യത്തോടെയും മലങ്കര സഭയെ സംരക്ഷിക്കുവാൻ ആത്മത്യാഗം ചെയ്ത പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ക്രാന്തദർശിത്വത്തിന്റെ സത്ഫലമാണ് 1934-ലെ സഭാഭരണഘടന. ഭാരതത്തിന്റെ അപ്പോസ്തോലനായ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ വർഷാഘോഷ സമാപനവും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ചരമനവതിയും മലങ്കരസഭാഭരണഘടനയുടെ നവതി ആഘോഷവും 'മാർത്തോമൻ പൈതൃക സംഗമ'ത്തിന് വേദിയാവുകയാണ്. ഈ മഹാസമ്മേളനം, ഒരേസമയം സമ്പന്നവും സങ്കീർണ്ണവുമായ പൂർവ്വകാലത്തെ പ്രതിയുള്ള സ്തോത്രസമർപ്പണവും അതിവേഗം മാറുന്ന കാലഗതിയിലും പ്രഭ മങ്ങാതെ സൂക്ഷിക്കേണ്ട മാർത്തോമൻ പൈതൃകത്തോടുള്ള മലങ്കര നസ്രാണികളുടെ പ്രതിജ്ഞാബദ്ധതയുമാണ്.

## മാർത്തോമൻ പൈതൃകത്തിന്റെ പ്രോജ്ജ്വലനം

നമ്മുടെ നാഥനായ ക്രിസ്തുവിനെ തൊട്ടറിഞ്ഞ വിശുദ്ധ മാർത്തോമാ ശ്ലീഹായെന്ന ഇന്ത്യയുടെ അപ്പോസ്തോലൻ രക്തസാക്ഷിയായിട്ട് 1950 വർഷം പിന്നിടുന്നു. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന പ്രഖ്യാപനത്തിൽ വെളിവാകുന്ന വിശ്വാസവും കർത്തൃസ്നേഹവും ദൗത്യബോധവുമാണ് കാടും കടലും താണ്ടി ഈ ഭൂപ്രദേശത്തെത്താൻ വിശുദ്ധ മാർത്തോമാശ്ലീഹായ്ക്ക് കരുത്തായത്. ഒരു അപ്പോസ്തോലനിൽനിന്ന് സുവിശേഷത്തിന്റെ ദിവ്യപ്രകാശം സ്വീകരിച്ച്, ക്രിസ്തു വിശ്വാസത്തിന്റെ രക്ഷാ സൗഭാഗ്യത്തിലേക്ക് പ്രവേശിച്ച അനുഗ്രഹീതരുടെ പിന്മുറക്കാരാണ് നമ്മൾ.

വിശുദ്ധ മാർത്തോമാശ്ലീഹാ എ.ഡി. 52-ൽ മലങ്കരയിൽ വന്നു. കൊടുങ്ങല്ലൂർ (മാല്യങ്കര), ചാട്ടുകുളങ്ങര പാലൂർ (പാലയൂർ), പറവൂർ (കോട്ടക്കാവ്), ഗോക്കമംഗലം, നിരണം (തൃക്കപാലേശ്വരം), ചായൽ (നിലയ്ക്കൽ), കുരക്കേണി കൊല്ലം, തിരുവിതാംകോട് തുടങ്ങിയ പ്രദേശങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾ (Parish Churches/ Congregations) സ്ഥാപിച്ചു. ഇവർക്കായി പുരോഹിതരെയും വാഴിച്ചുനല്കി. മാർത്തോമായുടെ മാർഗം, ക്രമേണ സംസ്കാരമായി വളർന്നു. വിശുദ്ധ മാർത്തോമാ ശ്ലീഹായിൽനിന്ന് പ്രാപിച്ച ക്രിസ്തുകേന്ദ്രീകൃത വിശ്വാസത്തിനും ആരാധനാ ജീവിതത്തിനുമൊപ്പം ചരിത്രബോധം, നീതിക്കുവേണ്ടിയുള്ള അഭിവാഞ്ഛ, തനത് കലാരൂപങ്ങൾ, സാഹിത്യരചനകൾ, ഭക്ഷണവിഭവങ്ങൾ, വസ്ത്രധാരണം തുടങ്ങിയവയും നസ്രാണി സംസ്കൃതിയുടെ ഇന്നും നിലനിൽക്കുന്ന അടയാളങ്ങളാണ്. മാർത്തോമാ നസ്രാണികൾ രൂപം പ്രാപിച്ച നാൾമുതൽ ഇന്നുവരെ നിയമവ്യവസ്ഥയോട് വിധേയത്വമു ള്ളവരും സഹജീവികളോട് സമഭാവന പുലർത്തുന്നവരുമാണ്. ഈ നിലയിൽ കാലാകാലങ്ങളിലുള്ള സാമൂഹ്യവ്യവസ്ഥയിൽ സജീവ പങ്കാളിത്തവും പ്രതിബദ്ധതയും പുലർത്തുന്ന ക്രിയാത്മക സമൂഹമാണ് മാർത്തോമാ നസ്രാണികൾ.

തോമസ് അപ്പോസ്തോലൻ ഗോണ്ടഫോറസിന്റെ രാജ്യത്ത് (ഉത്തരേന്ത്യ) ക്രിസ്തുമതം പ്രചരിപ്പിച്ചിരുന്നതായി, എ.ഡി.180-നും 230-നും മധ്യേ രചിച്ച 'യൂദാസ് തോമസിന്റെ പ്രവർത്തനങ്ങൾ' (Acts of Judas Thomas) എന്ന ഗ്രന്ഥം സാക്ഷിക്കുന്നു. സംഭവബഹുലവും കർമ്മനിരതവുമായ സുവിശേഷദൗത്യത്തിനൊടുവിൽ, എ.ഡി. 72 ൽ മൈലാപ്പൂരിൽ കുന്തത്താൽ കുത്തേറ്റ് വിശുദ്ധ മാർത്തോമാശ്ലീഹാ മറ്റ് ശിഷ്യന്മാരെപ്പോലെ രക്തസാക്ഷിത്വം വരിച്ചു. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ. 11:16)' എന്ന് ധീരതയോടെ സഹശിഷ്യന്മാരോട് ആഹ്വാനം ചെയ്ത വിശുദ്ധ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വം, മാർത്തോമാ നസ്രാണികൾക്ക് മാതൃകയും പ്രേരണയുമാണ്. വി. മാർത്തോമാ ശ്ലീഹായുടെ കബറിടം, മാർത്തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവ സമൂഹങ്ങൾ, ക്രൈസ്തവ സമൂഹങ്ങൾ ഉപയോഗിക്കുന്ന ശ്ലീഹായുടെ നാമധേയവും, ശ്ലീഹായുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ചരിത്രരേഖകൾ കൂടാതെ വാമൊഴിയായും വരമൊഴിയായും നിലനിൽക്കുന്ന സാക്ഷ്യങ്ങളും രചനകളും മാർത്തോമാ നസ്രാണികളുടെ അഭിമാനസ്രോതസ്സായ വി. മാർത്തോമാ ശ്ലീഹായുടെ ഭാരത സുവിശേഷീകരണത്തിന്റെ ഉജ്ജ്വലമായ

## മാർത്തോമൻ പൈതൃക സംഗമം

ദൃഷ്ടാന്തങ്ങളാണ്.

ദേശീയവും ജനാധിപത്യപരവുമായ ഘടകങ്ങളാൽ എന്നും തനിമയോടെ വിളങ്ങിയ മാർത്തോമായുടെ മാർഗം, അടിസ്ഥാന ചട്ടക്കൂട് നിലനിൽക്കുമ്പോൾത്തന്നെ കാലാകാലങ്ങളിലെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട്, ഉണ്മ ചോരാതെ പരിവർത്തനവിധേയമായി. മാർത്തോമായുടെ മാർഗത്തിന്റെ സൗന്ദര്യവും ശക്തിയും തനിമ ചോരാതെയുള്ള പരിവർത്തനക്ഷമതയിലാണ്. ഇന്ന് ദേശ-ഭാഷാതീതമായി ലോകമെങ്ങും വ്യാപിച്ച മാർത്തോമാ നസ്രാണികളെ ഒന്നിപ്പിക്കുന്ന കേന്ദ്രബിന്ദു മാർത്തോമായുടെ പൈതൃകം മാത്രമാണ്. അധിനിവേശ ശ്രമങ്ങൾക്കെതിരേ എക്കാലത്തും മലങ്കര നസ്രാണികൾ പ്രതിരോധം തീർത്തത്, മാർത്തോമായുടെ മാർഗവും വഴിപാടും എന്ന അടിസ്ഥാനത്തിലായിരുന്നു.

വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം പിന്നിടുമ്പോൾ പുതിയ കാലമുയർത്തുന്ന സാധ്യതകളും വെല്ലുവിളികളും ക്രിസ്തു കേന്ദ്രീകൃതമായി ഉൾക്കൊണ്ട്, നമ്മുടെ പൂർവ്വികർ മുൻപ് ചെയ്തതുപോലെ അടിസ്ഥാന ചട്ടക്കൂടിന് കോട്ടം വരാതെ, പരിവർത്തനവിധേയവും പ്രവർത്തനക്ഷമവുമാക്കാം. സമൃദ്ധവും ശ്രേഷ്ഠവുമായ മാർത്തോമൻ പൈതൃകമെന്ന നമ്മുടെ അമൂല്യനിധിയുടെ മഹിമ മനസ്സിലാക്കുവാനും അതിനായി ആത്മാർപ്പണം ചെയ്ത പൂർവ്വികരുടെ അത്യധ്വാനവും ത്യാഗവും മാതൃകയാക്കുവാനും അതിനെ പ്രോജ്ജ്വലിപ്പിച്ച് പുതുതലമുറയ്ക്ക് വർദ്ധിച്ച ശോഭയോടെ സമ്മാനിക്കുവാനും 'മാർത്തോമൻ പൈതൃക സംഗമം' വേദിയൊരുക്കും. ദേശീയവും സ്വതന്ത്രവുമായ മാർത്തോമൻ സംസ്കൃതി, തലമുറ തലമുറ കൈമാറി ആചരിക്കുന്ന സഭാമക്കൾക്ക് 'മാർത്തോമൻ പൈതൃക സംഗമം' കൃതജ്ഞതാ നിർഭരതയുടെയും പ്രതിജ്ഞാബദ്ധതയുടെയും അസുലഭ നാഴികക്കല്ലാണ്.

**ധീരോദാത്ത വിശുദ്ധന്റെ ഭാസുര സ്മരണ**

പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ധീരമായ വിശുദ്ധ ജീവിതം താൻ പ്രിയംവച്ച കർതൃസന്നിധിയണഞ്ഞിട്ട് ഒൻപതു പതിറ്റാണ്ട് പൂർത്തിയാകുന്നു, ദേശീയ ബോധത്തിന്റെ പകിട്ടോടെയും ജനാധിപത്യമൂല്യങ്ങളുടെ കരുത്തോടെയും മാർത്തോമായുടെ മാർഗം എക്കാലത്തും തനിമയോടെ നിലനിർത്തുവാൻ ആത്മത്യാഗത്തിന്റെ പരിമളത്തിൽ സഭയെ നയിച്ച ആ വിശുദ്ധജീവിതം അനുദിനം കുരിശിലേറി. ആ പിതാവിന്റെ ക്രാന്തദർശിത്വവും ത്യാഗവും പ്രാർത്ഥനയുമാണ് നാമിന്നനുഭവിക്കുന്ന സ്വാതന്ത്യത്തിന്റെ കാതൽ.

സൂര്യനെപ്പോലെ സ്വയം പ്രകാശിക്കുകയും ചുറ്റു മുള്ളവർക്ക് പ്രകാശവും ഊർജ്ജവും പകരുകയും ചെയ്ത അദ്ദേഹം, പ്രകടനപരത ലേശവുമില്ലാതെ പ്രാർത്ഥനയിലൂന്നി സത്യത്തിനുവേണ്ടി സധൈര്യം നിലപാടെടുത്ത് നടത്തിയ ധർമയുദ്ധം, ഇതിഹാസ തുല്യമായിരുന്നു. മോശയ്ക്ക് സമാനനായി പ്രതിസന്ധികളുടെ നടുവിൽ സഭയെ നയിച്ച അദ്ദേഹം പ്രക്ഷുബ്ധ സമുദ്രത്തിൽ കപ്പൽ കൃത്യതയോടെ നിയന്ത്രിക്കുന്ന നൈപുണ്യശാലിയായ കപ്പിത്താന് സമനായിരുന്നു. വിരുദ്ധോപദേശങ്ങളുടെ വേലിയേറ്റങ്ങളെ വേദശാസ്ത്രപാണ്ഡിത്യംകൊണ്ടും അയത്നലളിതവും സരള സുന്ദരവും അർത്ഥഗർഭവുമായ അവസരോചിത പ്രബോധനങ്ങൾകൊണ്ടും നേരിട്ട അദ്ദേഹം, ദൈവത്തിന്റെ കൈയൊപ്പുള്ള ആത്മീയസാന്നിദ്ധ്യമായിരുന്നു. ഇന്നും മാർത്തോമൻ പൈതൃകത്തിന്റെ തനിമയോടെയും സ്വാതന്ത്ര്യത്തിന്റെ തലയെടുപ്പോടെയും ബലമുള്ള ഭിത്തികളാൽ സുരക്ഷിതയും ഉയർന്ന കൊമ്പുകളാൽ അലംകൃതയുമായി പരിശുദ്ധസഭ നിലനിൽക്കുന്നതിന് കാരണം, ക്രാന്തദർശിത്വത്തോടെ കാതോലിക്കേറ്റിന്റെ സ്ഥാപനം ആ പുണ്യപിതാവ് സാധ്യമാക്കിയതിനാലാണ്.

ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം, കരുത്തുള്ള ഭരണാധിപനും നിർമ്മലമാനസനായ സമാധാന പ്രിയനുമായിരുന്നു. ഈ പരിശുദ്ധ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും അചഞ്ചലമായ സഭാസ്നേഹത്തിന്റെയും സത്ഫലങ്ങളാണ് സഭ ഇന്ന് അഭിമാനത്തോടെ സംരക്ഷിക്കുന്ന പൗരസ്ത്യ കാതോലിക്കേറ്റും സഭാഭരണഘടനയും. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയിൽനിന്നും പരിശുദ്ധ പരുമല തിരുമേനിയിൽനിന്നും കർമ്മയോഗവും ഭക്തിയോഗവും സ്വാംശീകരിച്ച പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയിൽ ദൈവദത്തമായി ജ്ഞാനയോഗവും സമന്വയിച്ചു. മലങ്കരയിൽ മലയാളത്തിൽ ആരാധനാ ക്രമങ്ങളും വേദശാസ്ത്ര രചനകളും രൂപപ്പെടാനും പ്രചരിക്കുവാനും കൂടാതെ, യുവജനപ്രസ്ഥാനം, സൺഡേ സ്കൂൾ മർത്തമറിയം വനിതാ സമാജം തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾക്ക് കലോചിതമായ അടിത്തറ പാകുവാനും പ്രാരംഭം കുറിക്കുവാനും നേതൃത്വം നൽകിയ ആ പുണ്യപിതാവ്, മലങ്കര സഭയുടെ ആധുനിക ചരിത്രത്തിൽ നവോത്ഥാന ദർശനങ്ങൾക്ക് ക്രമീകൃതവും ചിട്ടയുള്ളതുമായ അടിത്തറപാകി. ബാഹ്യകേരള ഇടവക മിഷനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ആ പിതാവിന് ഉണ്ടായിരുന്നു. മലങ്കര സഭയുടെ തനിമയും സ്വാതന്ത്ര്യബോധവും ഉയർത്തിപ്പിടിച്ചപ്പോഴും, ലോക സഭാകൗൺസിൽ രൂപീകരണ സമ്മേളനത്തിൽ പ്രതിനിധികളെ അയച്ചതുൾപ്പെടെയുള്ള വിശാലനടപടികൾ സ്വീകരിച്ച ആ പിതാവ്, എക്യുമെനിക്കൽ ബന്ധങ്ങൾ മെച്ചപ്പെടുത്തുവാനും ക്രൈസ്തവ സഭകളുടെ സഹകരണം ഊഷ്മളമാക്കുവാനും യത്നിച്ചു. മലങ്കര സഭയുടെ വേദസത്യങ്ങളും വിശ്വാസരീതികളും ആചാരങ്ങളും സാധാരണ വിശ്വാസികളിൽ ഉറപ്പിക്കാനായി തയ്യാറാക്കിയ 'മതോപദേശ സാരങ്ങൾ' എന്ന അമൂല്യ കൃതി, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിക്ക് സഭാചരിത്രത്തിലും വേദശാസ്ത്രത്തിലും കാനോനിലും ഉള്ള പാണ്ഡിത്യത്തിന്റെ ഉദാഹരണംകൂടിയാണ്.

1858 ഒക്ടോബർ 31-ന് ജനിച്ച്, 1934 ഫെബ്രുവരി 23-ന് കോട്ടയം പഴയ സെമിനാരിയിൽ കാലംചെയ്ത് ചാപ്പലിന്റെ തെക്കുവശത്ത് കബറടക്കപ്പെടുന്നതുവരെയുള്ള എഴുപത്തിയാറ് സംവത്സരങ്ങൾ സഹനബഹുലമായ സുധീരഗാഥയാണ്. അദ്ദേഹത്തിന്, പരിശുദ്ധ പരുമല തിരുമേനി പൂർണ ശെമ്മാശപട്ടവും വൈദികപട്ടവും

നൽകി എന്ന് മാത്രമല്ല, സഭാചരിത്രം, സുറിയാനി, വേദശാസ്ത്രം എന്നീ വിഷയങ്ങളിൽ തീവ്രപരിശീലനവും നൽകി. മലങ്കരമല്പാൻ, പരുമല സെമിനാരി മാനേജർ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ വ്രതശുദ്ധജീവിതം (1878 1908), പിന്നീടുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വത്തിനും ഉറപ്പുള്ള അടിത്തറപാകി. 1908 ഫെബ്രുവരി 14-ന് പരുമലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു. 1909 ജൂലൈ 12-ന് മലങ്കര മെത്രാപ്പോലീത്തസ്ഥാനം ഏറ്റെടുത്ത്, പ്രക്ഷുബ്ധതയുടെ നടുവിൽ അജപാലനശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ച പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ തുടർന്നുള്ള ജീവിതം ഒരേസമയം ഭക്തിനിർഭരവും ത്യാഗപൂർണ്ണവും ധീരോദാത്തവുമാണ്.

സഭയുടെ ഒരുമയ്ക്കും ശാന്തിക്കുമായി നിലകൊള്ളുവാനുള്ള ചുമതല നാം ഓരോരുത്തരെയും ഭരമേൽപ്പിച്ചാണ് ഒൻപതു പതിറ്റാണ്ടുമുൻപ് ഈ വിശുദ്ധ കർമയോഗി കാലംചെയ്തത്. ആ പരിശുദ്ധ പിതാവിന്റെ അന്ത്യസന്ദേശം ഇന്ന് കൂടുതൽ പ്രസക്തമാകുന്നു. 'നമ്മുടെ സഭയുടെ നിലനിൽപ്പിനും ക്ഷേമത്തിനും മേൽഗതിക്കും... പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചു കൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലകൾ നിങ്ങൾ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു'. വട്ടശ്ശേരിൽ തിരുമേനിയുടെ അറുപത്തിയൊൻപതാമത് ഓർമ്മദിനമായിരുന്ന 2003 ഫെബ്രുവരി ഇരുപത്തി നാലാം തീയതി ആ പുണ്യപിതാവിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ പരിശുദ്ധനായി പ്രഖ്യാപിച്ചു.

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, സ്വന്തം ആത്മകഥയ്ക്ക് 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന് നാമകരണംചെയ്ത അതേ ആത്മധൈര്യത്തോടെ പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ ജീവിതഗാഥയ് ക്ക് പണ്ഡിതശ്രേഷ്ഠനായ ഫാ. വി.സി.സാമുവേൽ നൽകിയ പേര് 'സത്യത്തിന്റെ വിജയാഘോഷം' (Truth Triumphs) എന്നാണ്. നേരിന്റെ പാതയിൽ, സത്യത്തിനു വേണ്ടി നട്ടെല്ല് നിവർത്തിയും തല ഉയർത്തിയും പൊരുതിയ ആ ധീരോദാത്ത വിശുദ്ധൻ, 'സത്യം ചെയ്തിട്ട് ചേതംവന്നാലും മാറാത്തവനാ'യിരുന്നെന്ന് ആ മഹദ് ജീവിതം സാക്ഷിക്കുന്നു. യഹോവയുടെ കൂടാരത്തിൽ പാർക്കുന്ന ഈ വിശുദ്ധപർവ്വം, മലങ്കരമക്കൾക്ക് നിത്യപ്രചോദനമാണ്.

മല്ലപ്പള്ളിയിൽ മുളച്ച് പരുമലയിൽ കരുത്താർജ്ജിച്ച് പഴയ സെമിനാരിയിൽ ശിഖരങ്ങൾ വിരിച്ച മഹാവൃക്ഷമായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി. വെയിലും മഴയും മഴുവും സ്വയം ഏറ്റ് സഭയ്ക്ക് തണലും കാവലും കവചവുമായി മാറിയ ആ വിശുദ്ധ ധീരത, കാലപൂർണത പ്രാപിച്ച് നവതി പിന്നിടുമ്പോൾ, കുളിർമയുള്ള സ്മരണകളുടെയും ഘനമുള്ള ഉത്തരവാദിത്വങ്ങളുടെയും പുതിയമുളകൾ നാമ്പിടുകയാണ്. സമൃദ്ധമായ ഹരിതശോഭയോടെ വാടാതെയും കരിയാതെയും ഏതു വെയിലിലും പരിശുദ്ധ സഭയുടെ സ്വത്വബോധവും സ്വാതന്ത്ര്യവും കാക്കുവാൻ മലങ്കരമക്കൾ പ്രതിജ്ഞചെയ്യുന്ന മഹത് മുഹൂർത്തമാണ് 'മാർത്തോമൻ പൈതൃക സംഗമം'. കാരണം, ചുട്ടുപൊള്ളുന്ന തീയിലും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസംരക്ഷിച്ചതാണീ സഭാനൗകയെ.

### സഭാഭരണഘടന; സഭയുടെ ഭിത്തിയെ ബലവത്താക്കുന്ന ചട്ടക്കൂട്

മാർത്തോമാ ക്രിസ്ത്യാനികൾക്ക് പൂർവ്വകാലത്തുതന്നെ തനതായ ഭരണരീതികൾ ഉണ്ടായിരുന്നു. വിവിധ പടിയോലകൾ ഉദാഹരിക്കുന്നതുപോലെ, സഭാജീവിതത്തിന്റെ സമസ്തതലങ്ങളും ചട്ടക്കൂടിനുള്ളിൽനിന്നാണ് നിർവഹിച്ചിരുന്നത്. നൂറ്റാണ്ടുകൾ പിന്നിട്ട് അധിനിവേശത്തിന്റെ യുഗമെത്തിയപ്പോൾ ഇവിടുത്തെ സഭയുടെ പ്രവർത്തനങ്ങൾക്കും അധികാരനേതൃത്വകേന്ദ്രങ്ങൾക്കും വ്യക്തമായ മാനദണ്ഡം ഉണ്ടാകണമെന്ന ചിന്ത ക്രമേണ രൂപപ്പെട്ടു. അധിനിവേശ ശക്തികളിൽനിന്ന് സ്വതന്ത്രയായ ഭാരതം, ഒരു ഭരണഘടനയ്ക്ക് രൂപം നൽകി, 1950-ൽ പ്രാബല്യത്തിൽ വരുത്തിയതിന് പതിനഞ്ച് വർഷംമുമ്പ്, മാർത്തോമാ നസ്രാണികൾ ഒരു ഭരണക്രമീകരണം രൂപകൽപ്പനചെയ്ത് പാസ്സാക്കി, അതിൻപ്രകാരം ഭരിക്കപ്പെടാൻ തുടങ്ങി എന്നത് അദ്ഭുതം മാത്രമല്ല, അഭി മാനവുമാണ്.

ജനാധിപത്യത്തിനായുള്ള മുറവിളികൾ ലോകത്താകമാനം പ്രബലപ്പെട്ട ഇരുപതാംനൂറ്റാണ്ടിൽത്തന്നെ മലങ്കരയിലും അതിന്റെ അനുരണനങ്ങൾ ഉണ്ടായി. 1930 സെപ്റ്റംബർ നാലിന് കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ, ഭരണഘടനാ നിർമ്മാണകമ്മിറ്റിയെ തിരഞ്ഞെടുത്തു. ക്രിയാത്മകവും വിമർശനാത്മകവുമായ ചർച്ചകളാണ് ഭരണഘടനയെക്കുറിച്ച് വിവിധ തലങ്ങളിൽ നടന്നത്. മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹികസിംഹാസനത്തെ എപ്പോഴും വിശ്വാസികൾ സംരക്ഷിച്ചുകൊള്ളണമെന്നത് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ആഹ്വാനവും ദർശനവുമായിരുന്നു. 1920 മുതൽ വിവിധ തലങ്ങളിലും രൂപത്തിലും ഭരണഘടനയുടെ പ്രാരംഭചർച്ചകൾക്കും രൂപീകരണത്തിനും വികസനത്തിനും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾക്കും വിമർശനങ്ങൾക്കും അവസരമൊരുക്കുവാനുള്ള പുരോഗമനപരവും വിശാലവുമായ കാഴ്ചപ്പാടാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി പുലർത്തിയത്. 1934 ഡിസംബർ 26-ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കോട്ടയം എം.ഡി.സെമിനാരിയിൽ കൂടി, അജണ്ടയിൽ അഞ്ചാമത്തെ വിഷയമായിരുന്ന 'ഭരണഘടന നിർമ്മാണം' വിശദമായി ചർച്ചചെയ്ത് പാസ്സാക്കി. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഭരണഘടന പാസ്സാക്കിയതായി പ്രഖ്യാപിച്ചു. മലങ്കരസഭാ ഭരണഘടന അന്നേദിവസം തന്നെ നിലവിൽവന്നു.

അടിസ്ഥാനചട്ടക്കൂട് നിലനിൽക്കുമ്പോൾത്തന്നെ, മാർത്തോമാ നസ്രാണികളുടെ ഭരണക്രമം കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. 1934-ലെ

ശേഷം 23-ാം പേജിൽ...

# മലങ്കര നസ്രാണിയുടെ
# മാർത്തോമൻ പൈതൃകം

**ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ**
വൈദിക ട്രസ്റ്റി

മാർത്തോമൻ പൈതൃകത്തെ കൂടാതെ ഭാരതീയ ക്രൈസ്തവതയ്ക്ക് ചരിത്രം പറയുവാൻ കഴിയില്ല. ഈ മണ്ണിന്റെ സുഗന്ധം ഏറ്റുവാങ്ങി ജനഹൃദയങ്ങളിൽ ഇടം പിടിച്ച ആത്മീയ ധാരയാണ് മാർത്തോമൻ പൈതൃകം. മാർത്തോമായുടെ അപ്പോസ്തോലിക സിംഹാസനത്തെ ലോകം ആദരവോടെ കൂടി വീക്ഷിക്കുമ്പോൾ ആ പൈതൃകാനുഭവത്തിന്റെ പെരുമയും ഏറുകയാണ്. മത വൈവിധ്യങ്ങളുടെ നാടായ ഭാരതഭൂമിയോട് ഇഴുകി ചേർന്ന് വളരുവാൻ ആ പൈതൃകത്തിന് കഴിഞ്ഞു എന്നുള്ളത് ഏറെ സവിശേഷതയാണ്. വിശ്വാസത്തിൽ ക്രൈസ്തവ ബോധ്യങ്ങളും ജീവിതചര്യകളും ആത്മീയ രീതികളും നാടിന്റെ പാരമ്പര്യങ്ങളും സമഞ്ജമായി വിളക്കി ചേർക്കുവാൻ മാർത്തോമൻ പൈതൃകത്തിന് സാധിച്ചു. അധിനിവേശത്തിന്റെ മുറിപ്പാടുകൾ ഇല്ലാതെ ക്രിസ്തു മാർഗ്ഗത്തെ ഭാരതഭൂമിയിൽ പരിചയപ്പെടുത്തുവാൻ കഴിഞ്ഞു എന്നുള്ളതാണ്. മാർത്തോമൻ പൈതൃകത്തിന്റെ വൈശിഷ്ഠ്യം.

സ്വാതന്ത്ര്യബോധ്യമാണ് മാർത്തോമൻ പാരമ്പര്യത്തെ വേറിട്ടു നിർത്തുന്നത്. ലോകത്തെ മുഴുവൻ കീഴ്പ്പെടുത്തുവാൻ ഇറങ്ങിപ്പുറപ്പെട്ട രാഷ്ട്രീയ മത കോളനി ശക്തികൾക്ക് വില പറയുവാൻ കഴിയാതെ നെഞ്ചുറപ്പോടെ ഉയർന്ന നിന്ന ഉജ്വല ചരിത്രമാണ് മാർത്തോമൻ പൈതൃകത്തിനു ള്ളത്. അധിനിവേശ ശക്തികൾ കയ്യാട്ടിവിളിച്ചപ്പോൾ പുറകെ പോയവർ ഇന്ന് മാർത്തോമാ പാരമ്പര്യത്തിന്റെ ഓഹരിയും അവകാശവും തങ്ങൾക്കും വേണമെന്ന് മുറവിളി കൂട്ടുമ്പോഴും പൊതു സമൂഹത്തിന്റെ മുമ്പിൽ ചരിത്ര സ്ഥാന പുതുനിർമ്മിതികൾ നടത്തുമ്പോഴും അഭിമാനത്തോടൊപ്പം പുഞ്ചിരിയോടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് പറയാനുള്ളത് ഒന്നുമാത്രം 'വലിച്ചെറിഞ്ഞതല്ല, തിരിച്ചെടുത്തതല്ല, കാത്തുസൂക്ഷിച്ചതാണ് ഞങ്ങൾക്ക് ഈ മാർത്തോമൻ പാരമ്പര്യം.. 'എന്നാണ്. ചരിത്ര വേരുകളും സ്വതബോധവും സൗകര്യാർത്ഥം മാറ്റിവെക്കേണ്ടതോ, വലിച്ചെറിയേണ്ടതോ അല്ല, മറിച്ച് അവ നെഞ്ചകങ്ങളിൽ കൊളുത്തിവയ്ക്കേണ്ടതാണെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പൂർവികർ തങ്ങളുടെ ജീവിതാനുഭങ്ങളിലൂടെ തലമുറയ്ക്ക് പകർന്നു നൽകി. ഈ മഹത്തായ മാർത്തോമാ പൈതൃകത്തിന്റെ ദർശനമാണ് കുരിശിൽ ആലാത്തുകെട്ടിയും, സാമ്രാജ്യ ശക്തിയോട് കലഹിച്ചും നിയമ പോരാട്ടങ്ങൾ നടത്തിയും കാത്തുസൂക്ഷിക്കുന്നത്.

സത്യത്തിന് കാവൽ നിൽക്കുക പരിപാവനമായ ആത്മീയ ദൗത്യമാണ്. സത്യം എന്ന പദം തന്നെ വിചാരണ ചെയ്യപ്പെടുന്ന ഇന്ന് നമ്മുടെ അന്വേഷണങ്ങൾ സത്യാനന്തര വിശുദ്ധിയെപ്പറ്റിയാണ്. വ്യാജത്തിന്റെ പതിപ്പുകളെ സത്യത്തിന്റെ പേരിലവതരിപ്പിക്കുന്ന സമീപകാല ശൈലികളോടാണ് അന്നും ഇന്നും നമ്മുടെ പോരാട്ടങ്ങൾ. വധഭീഷണികളുടെയും, കാലുമാറ്റങ്ങളുടെയും, ഭരണകൂട ഭീഷണികളുടെയും നടുവിൽ സത്യത്തിന്റെ വിശുദ്ധിയ്ക്കായി ഇമചിമ്മാതെ കാവൽ നിന്ന പിതാക്കന്മാരുടെ സഭയാണിത്. സമരസങ്ങളില്ലാതെ ആ പിതാക്കന്മാർ പുലർത്തിയ നിലപാടുകൾ കൂടിയാണ് സഭയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറന്നത്. ദൈവത്താൽ നയിക്കപ്പെടുന്ന സഞ്ചാരിക്കേ സമർപ്പിതനാകാൻ കഴിയുകയുള്ളൂ. തന്റെ യാത്ര ഒരു കല്ലേറുദൂരത്താണ് എന്ന് തിരിച്ചറിയുമ്പോഴും ധീരരായ യാത്രക്കാർക്കറിയാം താൻ സഞ്ചരിക്കുന്നതും തന്റെ ജനതയെ കൊണ്ടെത്തിയ്ക്കുന്നതും വിമോചനത്തിന്റെ പൊൻപുലരിയിലേക്കാണെന്ന്. അപരനു വേണ്ടി ജീവിക്കുകയും ലോകത്തിനു വേണ്ടി സ്വപ്നം നെയ്യുകയും ചെയ്യുന്നവർ അവധാനതയോടും സ്നേഹത്തോടും ഏറ്റുവാങ്ങുന്ന തലവരകൾ ഉണ്ട്. ഈ തലവരകൾ വ്യക്തിജീവിതത്തിൽ അസ്വസ്ഥതകൾ കോറിയിടാമെങ്കിലും തലമുറയ്ക്ക് സ്വാതന്ത്ര്യത്തിന്റെ വെള്ളി വെളിച്ചം വിതറുക തന്നെ ചെയ്യും.

> നാം ഒരു ജനത,
> ഒരു പാരമ്പര്യത്തിന്റെ
> പിന്തുടർച്ചക്കാർ എന്ന
> പരമമായ സത്യത്തിന്റെ
> ഉൽഘോഷവേദിയായി
> മാർത്തോമൻ പൈതൃക
> മഹാസംഗമം വേദി മാറും.
> ഇതിനായി നമുക്ക് ഉണരാം,
> അണിചേരാം.
> ഇടമുറിയാത്ത
> ആത്മബോധാനുഭവത്തിൽ
> ഒറ്റ സ്വരത്തിൽ പറയാം
> "മാർത്തോമാ ശ്ലീഹായുടെ
> സിംഹാസനം
> നീണാൾ വാഴട്ടെ...

ചരിത്രവും സംസ്കാരവും വിലകുറച്ച് കാണുന്നവരുടെ നിറംകെട്ട ബോധ്യങ്ങൾക്ക് വെല്ലുവിളിയാകും 2024 ഫെബ്രു. 25ന് കോട്ടയത്ത് നടക്കുന്ന മാർത്തോമൻ സ്മൃതി സംഗമം. നാം ഒരു ജനത, ഒരു പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാർ എന്ന പരമമായ സത്യത്തിന്റെ ഉൽഘോഷവേദിയായി മാർത്തോമൻ പൈതൃക മഹാസംഗമം വേദി മാറും. ഇതിനായി നമുക്ക് ഉണരാം, അണിചേരാം. ഇടമുറി യാത്ത ആത്മബോധാനുഭവത്തിൽ ഒറ്റ സ്വരത്തിൽ പറയാം "മാർത്തോമാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ...

## തീച്ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട വിശുദ്ധൻ

പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി മലങ്കരസഭാ ഗാത്രത്തിലെ ദീപ്ത സ്മരണയാണ്. സ്വാതന്ത്ര്യദാഹം മനുഷ്യസഹജമാണ്. എന്നാൽ ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി അഗ്നിച്ചൂളകളുടെ നടുവിലൂടെ പ്രയാണം ചെയ്യുന്നവർ അംഗുലീപരിമിതമാണ്. ദർശനത്തിന്റെയും തപോനിഷ്ഠയുടെയും പ്രാർത്ഥനയുടെയും കരുത്താർജ്ജിച്ചവർക്കുമാത്രമേ ഇത്തരം നിയോഗങ്ങൾ ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. വർത്തമാനകാല ജീവിത ദർശനങ്ങളിൽ സുരക്ഷിതത്വത്തിന്റെ ഇടങ്ങളെ പ്രണയിക്കുന്നവരും, സകലത്തോടും വിധേയപ്പെടുന്നവരും നിശബ്ദതയും ഒളിച്ചോട്ടവും പതിവു ശൈലികളാക്കി മാറ്റുന്നവരും ഉണ്ടാകാം. ഇത്തരം മുഖംമൂടികൾ വിദഗ്ധമായി ധരിക്കപ്പെടാം എന്നതിനാണ് ഈ തലമുറയുടെ അന്വേഷണം.

ഹാഗിയോഗ്രാഫി വിശുദ്ധരുടെ സഞ്ചാരപഥങ്ങളാണ്. മൗനിയാകുന്നവർ മാത്രമല്ല വിശുദ്ധർ. മൗനത്തിൽ നിന്ന് സ്ഫുടം ചെയ്യപ്പെട്ട് പ്രവാചക ശബ്ദം ഉയർത്തുന്നവൻ കൂടിയാണ് വിശുദ്ധൻ. മലങ്കര സഭയെ ഇടത്താവളമാക്കുവാൻ ആഗ്രഹിച്ചവർക്കുനേരെ ഉയർന്ന സിംഹഗർജ്ജനം പരി. വട്ടശ്ശേരിൽ തിരുമേനിയുടേതായിരുന്നു. നിലപാടുകൾക്കുവേണ്ടി കാർക്കശ്യത്തോടെ നിലകൊള്ളുമ്പോഴും അനുരഞ്ജനത്തിനുവേണ്ടി ഭൂമിയോളം താഴുവാൻ സദാ സന്നദ്ധനായിരുന്നു. തന്റെ സ്താത്തിക്കോൻ സമർപ്പണ വേളയിൽ ഈ നിലപാടുകളുടെ രാജകുമാരന്റെ സുന്ദര ചിത്രം വെളിവാകുന്നു. പിന്തുടർച്ചക്കാരൻ എന്ന നാമം വെട്ടി സഹായക്കാരൻ എന്ന് എഴുതുവാനുള്ള പരിശ്രമങ്ങളെ എത്ര ധീരമായാണ് പരി. പിതാവ് പ്രതിരോധിക്കുന്നത്. ഈ പ്രതിരോധമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. കനൽ വഴികളെ സ്വീകരിക്കേണ്ടിവന്നാലും അടിമയാകാനില്ല എന്ന ധീരമായ നിലപാട്. വ്യക്തിപരമായി ലഭിക്കപ്പെടാവുന്ന സാദ്ധ്യതകളെ തള്ളിക്കളഞ്ഞ ഒരു ജനതയുടെ സ്വാതന്ത്ര്യദാഹത്തിന്റെ പ്രതീകമായി മാറിയ പരിശുദ്ധൻ.

"നടന്നുതുടങ്ങിയ ഒരാളും നടന്നു നീങ്ങാത്ത ഒരാളും തമ്മിലുള്ള ദൂരം സഞ്ചാരത്തിന്റെ ദൂരം മാത്രമല്ല അനുഭവത്തിന്റെ ദൂരം കൂടിയാണ്. നടന്നുതുടങ്ങിയ നിമിഷത്തിലറിയാം യഥാർത്ഥ പോരാളിക്ക് തന്റെ പാതയെപ്പറ്റി. കല്ലും വളവും പർവ്വതങ്ങളും അവനെ തളർത്തുകയില്ല. തലചായ്ക്കാനിടയില്ലാത്ത ദുരിതങ്ങൾ കൂടെയുണ്ടാവാം. ഉറക്കമില്ലായ്മകളുണ്ടാവാം. അവന് പരാതികളില്ല. യഥാർത്ഥ പോരാളിക്കറിയാം ഈ വഴി ദൈവത്തിന്റേതാണ്". പരി. വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി അന്വർത്ഥമാകുന്ന വാക്കുകളാണിവ.

സത്യത്തിന് കാവൽ നിൽക്കുക പരിപാവനമായ ആത്മീയ ദൗത്യമാണ്. സത്യം എന്ന പദം തന്നെ വിചാരണ ചെയ്യപ്പെടുന്ന ലോകത്താണ് നാം ജീവിക്കുന്നത്. നമ്മുടെ അന്വേഷണങ്ങൾ സത്യാനന്തര വിശുദ്ധിയെപ്പറ്റിയാണ്. വ്യാജത്തിന്റെ പതിപ്പുകളെ സത്യത്തിന്റെ പേരിലവതരിപ്പിക്കുന്ന സമീപനശൈലികളോടാണ് വിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി നടത്തിയ പോരാട്ടങ്ങൾ. വധഭീഷണികളുടെയും, കാലുമാറ്റങ്ങളുടെയും, ഭരണകൂട ഭീഷണികളുടെയും നടുവിൽ സത്യത്തിന്റെ വിശുദ്ധിയ്ക്കായി ഇമചിമ്മാതെ കാവൽ നിന്ന് മലങ്കരയുടെ മഹിതാചാര്യൻ ധീരോധാത്ത വിശുദ്ധനാണ്.



ഈ പുണ്യപിതാവിന്റെ ക്രാന്തദർശനങ്ങൾ മലങ്കരയുടെ ചരിത്രത്തിൽ പകർന്ന ആത്മവിശ്വാസം അക്ഷരങ്ങളിൽ ആവാഹിക്കുക ദുഷ്ക്കരമാണ്. ജനാധിപത്യത്തെയും എപ്പിസ്ക്കോപ്പസിയെയും സംയോജിപ്പിച്ചുകൊണ്ട് സുസ്ഥിരമായ ഭരണം മലങ്കരയിൽ ഉറപ്പാക്കുവാൻ തിരുമേനി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ഭരണപരമായ അസ്ഥിരതകളാണ് കൊളോണിയൽ നുഴഞ്ഞുകയറ്റത്തിന്റെ അവസരമെന്ന് തിരിച്ചറിഞ്ഞ പരിശുദ്ധൻ അത്തരം സാദ്ധ്യതകളെ ഇല്ലാതെയാക്കാൻ പരിശ്രമിച്ചതിന്റെ നിത്യസ്മരണയാണ് 1934 ലെ ഭരണഘടന. നീതിപീഠങ്ങൾ കാവൽ നിന്ന, കുതന്ത്രങ്ങൾക്ക് മായിച്ചുകളയാൻ കഴിയാത്ത മലങ്കരയുടെ രജതരേഖയായി ഈ ഭരണഘടന ഇന്നും പരിലസിക്കുന്നു.

നല്ല വാക്കുകൾ മാത്രമല്ല നല്ല നിലപാടുകൾ കൂടിയാണ് സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കുന്നത്. ദൈവത്താൽ നയിക്കപ്പെടുന്ന സഞ്ചാരിക്കേ സമർപ്പിതനാകാൻ കഴിയുകയുള്ളൂ. തന്റെ യാത്ര ഒരു കല്ലേറുദൂരത്താണ് എന്ന് തിരിച്ചറിയുമ്പോഴും ധീരരായ യാത്രക്കാർക്കറിയാം താൻ സഞ്ചരിക്കുന്നതും തന്റെ ജനതയെ കൊണ്ടെത്തിയ്ക്കുന്നതും വിമോചനത്തിന്റെ പൊൻപുലരിയിലേക്കാണെന്ന്. അപരനുവേണ്ടി ജീവിക്കുകയും ലോകത്തിനുവേണ്ടി സ്വപ്നം നെയ്യുകയും ചെയ്യുന്നവർ അവധാനതയോടും സ്നേഹത്തോടും ഏറ്റുവാങ്ങുന്ന തലവരകൾ ഉണ്ട്. ഈ തലവരകൾ വ്യക്തിജീവിതത്തിൽ അസ്വസ്ഥതകൾ കോറിയിടാമെങ്കിലും തലമുറയ്ക്ക് സ്വാതന്ത്ര്യത്തിന്റെ വെള്ളി വെളിച്ചം വിതറുക തന്നെ ചെയ്യും. മലങ്കരസഭയുടെ ചരിത്രത്തിലെ പകരക്കാരനില്ലാത്ത നാമവും സാന്നിദ്ധ്യവുമാണ് പരി. വട്ടശ്ശേരിൽ തിരുമേനി.

റോണി വർഗീസ് ഏബ്രഹാം
അൽമായ ട്രസ്റ്റി

# മാർത്തോമൻ നസ്രാണി സംഗമം

## വിശ്വാസ ജീവിത പാതയിലെ പുതിയൊരധ്യായം

കോട്ടയത്ത് വച്ച് 2024 ഫെബ്രുവരി മാസം 25 ന് നടക്കുന്ന മഹാ സംഗമം വിവിധ പ്രാധാന്യങ്ങളുള്ളതാണ്. ഭാരതത്തെ സുവിശേഷ വെളിച്ചത്താൽ ഭാസുരമാക്കിയ പരിശുദ്ധനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ സ്മരണയുടെ 1950–ാമത് വാർഷികവും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ വിദേശനുകത്തിൽ നിന്ന് കരകയറ്റുവാനായി തന്റെ പ്രാണൻ പോലും തൃണവൽക്കരിച്ച് സ്വാഭിമാനത്തോടെ പോരാടിയ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ തൊണ്ണൂറാമത് ഓർമ്മയും മലങ്കര സഭയ്ക്ക് സുദൃഢമായ ഒരു ഭരണഘടന രൂപീകരിക്കപ്പെട്ടതിന്റെ തൊണ്ണൂറാം വാർഷികവും സംയുക്തമായി മലങ്കരസഭ ആചരിക്കുകയാണ്.

മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും മലങ്കര സഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതും ശ്രേഷ്ഠവുമാണ്.

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹീക പാരമ്പര്യം ആദ്യകാലം മുതലേ കരഗതമായ, അതിൽ അഭിമാനം കൊള്ളുന്ന മലങ്കര സഭ ക്രിസ്തു സ്നേഹത്തിൽ നമ്മുടെ കർത്താവിന്റെ ജീവനുള്ള സുവിശേഷത്തിന്റെ വെളിച്ചത്തിൽ ആരാധനാ പാതയിൽ സ്വാതന്ത്ര്യ ബോധമുയർത്തിപ്പിടിച്ച് ഈ ഭാരതത്തിലും വിവിധ ദേശങ്ങളിലുമായി ഏറെ സാക്ഷ്യത്തോടെ ജനതകൾക്ക് പ്രകാശമായി ശോഭിക്കുന്നു.

ഭാരതത്തിനുള്ളിലും പുറത്തുമായി എത്രയോ മനുഷ്യരുടെ സങ്കടങ്ങളും ഭാരങ്ങളും വേദനകളും പരിഹരിക്കുവാൻ അനേകരെ മൂല്യാധിഷ്ഠിത ജീവിതത്തിലേക്ക് നയിക്കുവാൻ അനേകരുടെ ജീവിതയാത്രയിൽ പ്രകാശ സ്തംഭമായി നിൽക്കുവാൻ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ പൈതൃകം പേറുന്ന ഈ സഭയ്ക്ക് ആയിട്ടുണ്ട് എന്നത് തന്നെ മാർത്തോമാ നസ്രാണികളായ നമ്മെ സന്തോഷിപ്പിക്കേണ്ടതും നമ്മുടെ പൈതൃകത്തിൽ അഭിമാനം കൊള്ളുവാൻ പ്രേരിപ്പിക്കേണ്ടതുമാണ്.

പുരാതനത്വം അവകാശപ്പെടുന്ന സഭകളെല്ലാം ഇപ്പോൾ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹീക പാരമ്പര്യത്തെയും അവകാശിക്കാൻ ശ്രമിക്കുന്ന ദയനീയമായ കാഴ്ചയാണ് നമ്മുടെ ഇടങ്ങളിൽ കണ്ടുവരുന്നത്. ആയതിനാൽ ഈ രക്തസാക്ഷിത്വ സ്മരണ നിർവഹി ക്കുവാൻ ഏറ്റവും യോഗ്യതയുള്ളതും അവകാശപ്പെട്ടതും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് തന്നെയാണ്.



പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി നൽകിയ സഭാ സ്വാതന്ത്ര്യം ആ പരിശുദ്ധന്റെ നവതി സ്മരണ കൊണ്ടാടുന്ന ഈ സമയത്ത് ഏറെ ചർച്ച ചെയ്യപ്പെടേണ്ടതും അതിൽ നിന്ന് അണുവിട പോലും വ്യതിചലിക്കുവാൻ അനുവദിക്കാതിരിക്കേണ്ടതു



മാണ്. ഭാരതത്തിലെ സഭ ഭാരതത്തിന്റെ നിയമവ്യവസ്ഥയോടും ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന സമുദായങ്ങളോടുമുള്ള ഐക്യപ്പെടലിലും സ്നേഹത്തിലും തുടർന്നു പോകേണ്ടതാണ്. ഒരു വൈദേശികശക്തിക്കും അതിന്മേൽ ആധിപത്യമോ അതിൽ നിന്നും അവകാശങ്ങൾ എടുക്കുവാനോ സാധിക്കുകയില്ല. ഒരു വിദേശ മേലധ്യക്ഷന്റെയും പേര് പറഞ്ഞ് പരസ്പരം കലഹിക്കുവാനോ പോരടിക്കുവാനോ നമുക്കിടയാകരുത്. ഈ ദർശനങ്ങളാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി തന്റെ ജീവിതകാലത്ത് നടപ്പിലാക്കുവാൻ പരിശ്രമിച്ചതത്രയും. ആ പരിശുദ്ധന്റെ പ്രാർത്ഥനയുടെയും ജീവിത വിശുദ്ധിയുടെയും ബലമാണ് മലങ്കര സഭയ്ക്ക് കഴിഞ്ഞകാലങ്ങളിലും ഇന്നും അഭയ ശിലയായി നിലനി ൽക്കുന്നത്.

ഭാരതം അതിന്റെ ഭരണഘടനയെ സംബന്ധിച്ച് ചിന്തിക്കുന്ന നാളുകൾക്കു മുൻപേ മലങ്കര സഭ സ്വാതന്ത്ര്യ അഭിവാഞ്ച നിമിത്തം ഒരു ഭരണഘടന നിർമിച്ചു എന്നതാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയുടെ പ്രത്യേകത. സഭാ സ്നേഹികളായ ഒരു പറ്റം അൽമായ നേതാക്കളുടെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും സമർപ്പണവും ത്യാഗവും കൊണ്ട് രൂപപ്പെട്ട ഈ നിയമാവലികൾ മലങ്കര സഭയ്ക്ക് എന്നും മുതൽക്കൂട്ടാണ്.
വിദേശ മേധാവിത്വത്തിന്റെ പ്രബല കോട്ടകൾ തകർന്നുപോയത് ഈ ഭരണഘടനയുടെ മുൻപിലാണ്. പലപ്രാവശ്യം വിവിധ ന്യായാധിപന്മാരാൽ വിവിധ കോടതികളിൽ വരികൾ കീറി വ്യാഖ്യാനിച്ചിട്ടും ഇന്നും അത് ഒളിമങ്ങാതെ നിലനിൽക്കുന്നു. മലങ്കര സഭയുടെ കെട്ടുറപ്പിനായി ദൈവം നൽകിയ സ്നേഹസമ്മാനമാണ് ഈ ഭരണഘടന. അതിന്റെ നൂറാം വാർഷികം ആചരിക്കുമ്പോൾ നിയമവ്യവസ്ഥയിൽ ഊന്നി ഭാരതത്തിന്റെ ദേശീയ സഭയായി
പിതാക്കന്മാരുടെ സ്വാതന്ത്ര്യ ദർശനത്തെ നടപ്പിലാക്കുവാൻ നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം. അതിനായി ഒരുമിച്ച് അണിചേരാം.

ഈ സമ്മേളനം കേവലം ശക്തി പ്രകടനമോ ആൾബലത്തിന്റെ വേദിയോ ആയിട്ടല്ല മറിച്ച് നമ്മളുടെ ശ്രേഷ്ഠമായ പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്ന മലങ്കര നസ്രാണികളുടെ കൂടി വരവിന്റെ വേദിയായി കണ്ട് ഏവരുടെയും സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ...

o

**സുധീരനായ ക്രിസ്തുശിഷ്യൻ...**

12-ാം പേജിൽ നിന്നും...

വിശ്വാസം എന്താണെന്ന് തോമാശ്ലീഹാ പഠിപ്പിക്കുന്നു. തന്റെ ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ നോക്കിക്കാണുന്ന തോമസ് തന്റെ സംശയം, ഗുരുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള സംശയം ഭയലേശമില്ലാതെയാണ് ഉന്നയിച്ചത്. ചുറ്റുമുള്ളവർ എന്ത് ചിന്തിക്കും, എന്തു പറയും എന്നുള്ളതല്ലായിരുന്നു തോമസിന്റെ മുൻഗണന. വിശ്വാസം, പാരമ്പര്യം എന്നിവയെക്കുറിച്ച് സംശയങ്ങൾ ഉന്നയിക്കുകയും കൂടുതൽ ബോധ്യങ്ങളിലേക്ക് നയിക്കപ്പെടാൻ ചോദ്യങ്ങളും സ്വയം വിമർശനങ്ങളും ഉയർത്തുകയും ചെയ്യുന്നത് തങ്ങളുടെ വിശ്വാസത്തെ ക്രിയാത്മകമായി കൈകാര്യം ചെയ്യുന്നവരാണ്. ആൾക്കൂട്ട ആധ്യാത്മികതയല്ല, മറിച്ച് 'ഞാൻ തൊട്ടറിഞ്ഞ, എന്നെ തൊട്ട, ഞാൻ ഏറ്റുപറഞ്ഞ വിശ്വാസമാണ് ഞാൻ സാക്ഷ്യപ്പെടുത്തേണ്ടത്.' ഇവിടെ വിശ്വാസം വ്യക്തിപരമാകുന്നു. എന്നാൽ അതോടൊപ്പം അത് ആകർഷകവും ക്രിയാത്മകവുമാകുന്നു.

ആഴമുള്ള വിശ്വാസം അലസതയും നിശ്ചലതയുമല്ല; മറിച്ച് അത് ചലനാത്മകവും മാറ്റങ്ങളെ സ്വീകരിക്കാൻതക്ക തുറവിയുള്ളതുമാണ്. അതുകൊണ്ടാവാം, 'തോമസേ, നീ അവിശ്വാസിയാകാതെ വിശ്വാസിയാകുക,' എന്ന ഗുരുമൊഴിയിൽ തോമസ് മറ്റുള്ളവരുടെ മൊഴിയെ അടിസ്ഥാനമാക്കിയല്ല തന്റെ നേരിട്ടുള്ള വ്യക്തിപരമായ ബോധ്യത്തെ അടിസ്ഥാനമാക്കി 'എന്റെ കർത്താവേ, എന്റെ ദൈവമേ,' എന്ന് തന്റെ വിശ്വാസം പ്രഘോഷിച്ചത്.

കർത്താവ് എന്നെ, അവനെ, നിന്നെ തേടി വരുന്നതാണ് യഥാർത്ഥ വിശ്വാസത്തിന്റെ ആകർഷകത്വവും സൗന്ദര്യവും. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, ദൈവത്തെ സ്നേഹിക്കുന്നു എന്നതിലുപരി ദൈവം എന്നെ സ്നേഹിക്കുന്നു എന്ന ആഴമേറിയ ബോധ്യമാണ് യഥാർത്ഥ വിശ്വാസവും അതിന്റെ ക്രിയാത്മകതയും. അപ്പോഴാണ് ആ പരംപൊരുൾ 'എനിക്ക് എന്റെ കർത്താവും എന്റെ ദൈവവുമായി' മാറുന്നത്. അതുകൊണ്ടാണ്, 'നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും' എന്ന് സങ്കീർത്തനം 23:6 പറയുന്നത്;

തോമാശ്ലീഹായുടെ ആധ്യാത്മികതയുടെ സവിശേഷതകൾ നാം പരിശോധിക്കുമ്പോൾ, അത് യഥാർത്ഥ ബോധം ഉൾക്കൊള്ളുന്നതാണ്, സംസാരത്തേക്കാൾ സാക്ഷ്യം ആധാരമാക്കിയുള്ളതാണ്, ഔദ്യോഗിക പഠനങ്ങളെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സ്വതന്ത്രമായി ചിന്തിക്കാൻ ഉൾക്കരുത്ത് ലഭിക്കുന്നതാണ്, ആൾക്കൂട്ട ആധ്യാത്മികതയല്ല, മറിച്ച് ക്രിയാത്മകവും ആർഷകവുമാണ്, എല്ലാറ്റിനുമുപരി, ഞാൻ ദൈവത്തെ സ്നേഹിക്കുന്നതിനേക്കാൾ ദൈവം എന്നെ സ്നേഹിക്കുന്നു എന്ന അറിവിലേക്ക് നമ്മ നയിക്കുന്നതാണ്. 'ദൈവം നീയുമായി സ്നേഹത്തിലാണ്, ഈ ലോകത്തിൽ സ്നേഹത്തിന്റെ വെളിച്ചം പ്രകാശിപ്പിക്കാൻ ദൈവം നമ്മെ ഉപയോഗിക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നത് തുടരട്ടെ. നമ്മുടെ ഹൃദയം, പ്രകാശപൂരിതമായ ഒരു പ്രകാശമായിരിക്കട്ടെ.' മദർ തെരേസായുടെ വാക്കുകളാണിത്. അത് തോമാശ്ലീഹായിൽ പ്രകടമാണ്. നമ്മുടെ കാവൽപിതാവും ഭാരതത്തിന്റെ അപ്പോസ്തോലനുമായ പ. തോമാശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയും ആയിത്തീരട്ടെ.

കർത്താവിൻ ഇഷ്ടം ചെയ്തോർ
നിർമ്മലരേ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽനിന്നും നീങ്ങിടാൻ
കോപത്തിൻ അടിയും ദണ്ഡും.

o



**പ.** മാർത്തോമ്മാ ശ്ലീഹാ ഭാരതമണ്ണിൽ സ്ഥാപിച്ച ക്രിസ്തുമാർഗ്ഗമാണ് മലങ്കര സഭ. നമ്മുടെ കർത്താവിന്റെ 12 അപ്പോസ്തോലന്മാരിൽ ഒരുവനിൽ നിന്ന് നേരിട്ട് സത്യവിശ്വാസവും മാമോദീസായും സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച ലോകത്തിലെ അപൂർവ്വം ജനവിഭാഗങ്ങളിൽ ഒന്നാണ് മലങ്കര നസ്രാണികൾ എന്നത് തികച്ചും അഭിമാനകരമായ ഒരു വസ്തുതയാണ്. ലോകത്തിലെ ഒരു സഭയ്ക്കും മലങ്കരസഭയുടെ മാതൃത്വം അവകാശപ്പെടാനാവില്ല.

# മാർത്തോമ്മൻ പൈതൃകം: ഒരു മഹാ സ്വാതന്ത്ര്യം

**അഡ്വ. ബിജു ഉമ്മൻ**
അസോസിയേഷൻ സെക്രട്ടറി

കാലപ്രവാഹത്തിൽ അപ്പോസ്തോലിക ഉൽപ്പത്തിയുള്ള മലങ്കരയിലെ ക്രിസ്തുമാർഗ്ഗം 'നസ്രാണി മാർഗ്ഗം' എന്നറിയപ്പെട്ടു. നസ്രാണി മാർഗ്ഗത്തിന്റെ അടിസ്ഥാനം മാർത്തോമ്മൻ പൈതൃകമാണ്. 'നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാരുണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്തിൽ ജനിപ്പിച്ചത്.' (1 കൊരി. 4:15) എന്നാണല്ലോ പ. പൗലൂസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. അത്തരം ഒരു ഓർമ്മപ്പെടുത്തൽ ആവശ്യമില്ലാത്തവിധം തീവ്രമായിരുന്നു 'ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച' പരിശുദ്ധ പിതാവായ മാർത്തോമ്മാ ശ്ലീഹായോടുള്ള മലങ്കര നസ്രാണികളുടെ ഭക്തി. ആ തോമാവബോധമാണ് ഇരുപത് നൂറ്റാണ്ടുകാലം മലങ്കരസഭയെ നിലനിർത്തിയത് എന്നു നിസംശയം പറയാം.

പ. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതവൃത്തി നടന്ന ഒന്നാം ശതകത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല മാർത്തോമ്മൻ പൈതൃകം. ഈ നിമിഷവും നിലനിൽക്കുന്ന അനുസ്യൂതമായ ഒരു തുടർപ്രക്രിയയാണ്. ഈ പ്രവാഹത്തിൽ ഉയർച്ചതാഴ്ചകൾ ഉണ്ടായിട്ടുണ്ട്. ബാഹ്യസമ്മർദ്ദങ്ങളും ആഭ്യന്തര കലാപങ്ങളും ഉണ്ടായിട്ടുണ്ട്. അവയൊക്കയും ഇനിയും പ്രതീക്ഷിക്കാവുന്നതാണ്. ഈ സാഹചര്യങ്ങളിലൊക്കയും മലങ്കര നസ്രാണികളെ വീണു നിലംപരിശാവാതെ നിലനിർത്തിയ ഏറ്റവും പ്രധാന ഘടകം അവരുടെ കടുത്ത 'തോമാവബോധം' എന്ന മാർത്തോമ്മൻ പൈതൃകമാണ്.

കേരളത്തിൽ ചെറിയ തുരുത്തുകളായി മാത്രം നിലനിന്ന അപ്പോസ്തോലികമായ നസ്രാണി മാർഗ്ഗത്തിന് രാജകീയ പിൻബലമൊന്നും ഇല്ലായിരുന്നു. ലിഖിതമായ ചട്ടക്കൂടുകൾ ഒന്നും ഇല്ലാതിരുന്നിട്ടും ഈ സഭ നിലനിന്നത് മാർത്തോമ്മൻ പൈതൃകം എന്ന സുദൃഢമായ തന്തുവിനാൽ അതു ബന്ധിക്കപ്പെട്ടിരുന്നതിനാലാണ്. സ്വന്തമായി ഒരു മേല്പട്ടക്കാരൻ പോലും ഇല്ലാതിരുന്നിട്ടും പതിനഞ്ച് നൂറ്റാണ്ടുകാലം മലങ്കരസഭ ഒരു അപ്പോസ്തോലിക- എപ്പിസ്ക്കോപ്പൽ സഭയായി തുടർന്നത് മാർത്തോമ്മൻ പൈതൃകം എന്ന ഉറച്ച അടിസ്ഥാനത്തിൽ അത് പണിയപ്പെട്ടതിനാലാണ്. പട്ടത്വത്തിന് പേർഷ്യൻ സഭയുടെ സഹായം സ്വീകരിച്ചു പോന്നു. അതേസമയം അർക്കദിയാക്കോൻ എന്ന ജാതിക്കു തലവൻ, 'മലങ്കര പള്ളിയോഗം' എന്ന ജനപ്രതിനിധിസഭയുടെ സഹായത്തോടെ മലങ്കര നസ്രാണികളെ ഭരിച്ചു. തികച്ചും അനുരൂപമായ ഒരു സംവിധാനമായിരുന്നു അത്.

പക്ഷേ പതിനാറാം നൂറ്റണ്ടിലെ റോമൻ കത്തോലിക്കാ അധിനിവേശം മാറി ചിന്തിക്കാൻ മലങ്കര നസ്രാണികളെ പ്രേരിപ്പിച്ചു. തദ്ദേശീയരായ മെത്രാന്മാർ മാർത്തോമ്മൻ പൈതൃകത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണന്ന്



അവർ തിരിച്ചറിഞ്ഞു. അതിന്റെ ഫലമാണ് 1653-ലെ ഐതിഹാസികമായ കൂനൻകുരിശുസത്യത്തിനു ശേഷം അന്നത്തെ ജാതിക്കു തലവനെ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്ക്കോപ്പാ ആയി വാഴിച്ച് തദ്ദേശീയ മെത്രാൻ പരമ്പര സ്ഥാപിച്ചത്.

പതിനെട്ട് - പത്തൊമ്പത് നൂറ്റാണ്ടുകളിലെ ചില സംഭവ പരമ്പരകൾ കൂടുതൽ ആഴമായ ചിന്തിക്കാൻ നസ്രാണികളെ പ്രേരിപ്പിച്ചു. സഹായത്തിന്റെ ദൗത്യങ്ങൾ അധികാരത്തിന്റെ ഉരുക്കുമുഷ്ടികളായി മാറാൻ ശ്രമിച്ചതും സഭാവിജ്ഞാനീയത്തെക്കുറിച്ച് വികസിച്ച് കൊണ്ടിരുന്ന കാഴ്ചപ്പാടുകളുമായിരുന്നു ഇതിനു കാരണം. മാർത്തോമ്മൻ പൈതൃകം അഭംഗുരം നിലനിൽക്കണമെങ്കിൽ പരിശുദ്ധ സഭയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം വേണം. മേൽപട്ടക്കാരെയും പരിശുദ്ധ മൂറോനും ആവശ്യാനുസൃതം അഭിഷേകം ചെയ്യാനുള്ള സ്ഥിരം സംവിധാനം പരിശുദ്ധ സഭയ്ക്കുണ്ടായിരിക്കണം. ആ ഉദ്ദേശം മുൻനിർത്തിയാണ് നിലവിലുള്ള സഭാവിജ്ഞാനീയത്തിന് ഉള്ളിൽ നിന്നുകൊണ്ട്. 1912-ൽ മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിച്ചത്.

18-19 നൂറ്റാണ്ടുകളിലെ വിദേശ ഇടപെടലുകളാണ് 1889-ലെ തിരുവിതാംകൂർ റോയൽ കോടതി വിധിയിൽ കലാശിച്ചത്. ഈ സംഭവപരമ്പരകൾ മൂലം നൂറ്റാണ്ടുകളായി ലിഖിതമല്ലാത്ത കീഴ്‌വഴക്കങ്ങളെ മാത്രം അടിസ്ഥാനമാക്കി നടത്തിയിരുന്ന മലങ്കര സഭാ ഭരണവും മലങ്കര പള്ളിയോഗങ്ങളും കാലസ്ഥിതിക്കനുസരിച്ച് അപര്യാപ്തമാണന്നു മലങ്കര നസ്രാണികൾക്ക് മനസിലായി. ഈ പശ്ചാത്തലത്തിലാണ് 1876-ൽ മുളന്തുരുത്തിയിൽ സമ്മേളിച്ച മലങ്കര പള്ളിയോഗം കൃത്യമായ ചട്ടക്കൂടോടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിന്റെ മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചത്.

ആ വിധിപ്രകാരം മലങ്കരസഭയുടെ ഭരണാധികാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലും അതിന്റെ മാനേജിംഗ് കമ്മറ്റിയിലും നിക്ഷിപ്തമായി. അധികാരി സ്ഥാനത്ത് അസോസിയേഷൻ പ്രസിഡന്റ് കൂടിയായ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ മലങ്കര മെത്രാപ്പോലീത്താ ആണെന്നതും കോടതി അംഗീകരിച്ചു.

ഈ വിധിയിൽ അസ്വസ്ഥരായവർ കോടതി ശരിവെച്ച മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം ഒഴിഞ്ഞു കൊടുക്കാൻ ആവശ്യപ്പെട്ടു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായും മാനേജിംഗ് കമ്മറ്റിയും ഈ ആവശ്യം നിരാകരിച്ചു. നിരന്തരമായ ഈ ഉദ്യമത്തിന്റെ പീഡനങ്ങൾ മുഴുവൻ ഏറ്റുവാങ്ങേണ്ടിവന്നത് അദ്ദേഹത്തിന്റെ പിൻഗാമിയായ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ ആണ്.

തന്റെ ധിഷണാ പാടവത്തെ മുൻനിർത്തി പ. വട്ടശ്ശേരിൽ തിരുമേനിയ്ക്ക് മലങ്കര മല്പാൻ സ്ഥാനം നൽകിയത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണ്. പക്ഷേ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തതുമുതൽ മുൻഗാമിയോടെന്നപോലെ മലങ്കരസഭയുടെ അധികാരം കൈമാറാനുള്ള കടുത്ത സമ്മർദ്ദവും പ്രലോഭനങ്ങളും അദ്ദേഹത്തിന്റെ മേൽ ഉണ്ടായി. പക്ഷേ പ. സഭ ഏൽപ്പിച്ച ഉത്തരവാദിത്വത്തിൽനിന്നും പിൻമാറാൻ അദ്ദേഹം തയാറായില്ല. അതിന് അദ്ദേഹം സഹിക്കേണ്ടിവന്ന പീഡനങ്ങൾ അവർണ്ണനീയമാണ്. നിന്ദ, പരിഹാസം, മുടക്ക്, വധശ്രമം... ആ പട്ടിക നീളുന്നു. പക്ഷേ അവയെ എല്ലാം തരണം ചെയ്ത് അദ്ദേഹം സഭയെ വിജയ തുറമുഖത്ത് എത്തിച്ച് മലങ്കരസഭയുടെ സ്വാതന്ത്ര്യം നിലനിർത്തി. കാലം ചെയ്ത് തൊണ്ണൂറുവർഷം പിമ്പിടുമ്പോഴും അദ്ദേഹം നേരിടുന്ന ഭർത്സനങ്ങൾ ആ ത്യാഗത്തിന്റ വ്യാപ്തി എത്രയെന്നും അധികാര മോഹികളുടെ നിരാശയുടെ ആഴം എത്രയെന്നും വ്യക്തമാക്കുന്നു.

പരിശുദ്ധ സഭയുടെ സത്യവിശ്വാസത്തിലുള്ള നിലനിൽപ്പിനായി ആണ് പ. പിതാക്കന്മാർ കാലാകാലങ്ങളിൽ പ. സുന്നഹദോസുകളിലൂടെ പ. സഭയുടെ കാനോനുകൾക്ക് രൂപം കൊടുത്തത്. ആ പാരമ്പര്യപ്രകാരമാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിച്ചത്. അസോസിയേഷൻ നിയമാവലിക്ക് വ്യക്തത വരുത്തുവാനും പുതിയ ചട്ടങ്ങൾ രൂപികരിക്കുവാനും ഉള്ള അധികാരം അസോസിയേഷനിൽത്തന്നെ നിക്ഷ്പ്തമാണ്.

മലങ്കര സഭയുടെ നിലനില്പ്പിനും കാല-ദേശോചിതമായ സുഗമമായ പ്രവർത്തനത്തിനും കൂടുതൽ വ്യക്തമായ ഒരു ചട്ടക്കൂട് അനിവാര്യമാണെന്ന തിരിച്ചറിവിന്റെ ഫലമായാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 1934 ഡിസംബർ 26-ന് മലങ്കര സഭാ ഭരണഘടന പാസാക്കിയത്. മാർത്തോമ്മൻ പൈതൃകം എന്ന സ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലായ കാതോലിക്കേറ്റിന്റെ പദവിക്ക് ഇത് വ്യക്തത വരുത്തി. ഇടവക മുതൽ കാതോലിക്കേറ്റ് വരെയുള്ള ഭരണ സംവിധാനങ്ങൾ നിയതമാക്കി. മലങ്കര നസ്രാണികളുടെ പരമ്പരാഗതമായ ജനാധിപത്യത്തേയും എപ്പിസ്ക്കോപ്പസിയേയും സമജ്ഞസിപ്പിച്ച മലങ്കര സഭാ ഭരണഘടനയ്ക്ക് മഹത്തായ ഇന്ത്യൻ ഭരണഘടനയേക്കാൾ 26 വയസ് പ്രായക്കൂടുതൽ ഉള്ളതിൽ നമുക്ക് അഭിമാനിക്കാം.

പ. മാർത്തോമ്മാ ശ്ലീഹാ ഭാരതമണ്ണിൽ രക്തസാക്ഷിത്വം പ്രാപിച്ചതിന്റെ 1950-ാം വാർഷികാചരണത്തിന്റെ മദ്ധ്യത്തിലാണ് മലങ്കര നസ്രാണികൾ. മാർത്തോമ്മൻ പൈതൃകം അനസ്യൂതം നിലനിൽക്കുകയാണ്. അതിന്റെ ചക്രവാളങ്ങൾ വികസിക്കുകയാണ്. കാലദേശങ്ങൾക്കനുസരിച്ച് അതിൽ പരിവർത്തനങ്ങൾ ഉണ്ടാകാം. മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകം അവരുടെ ഉറച്ച തോമാവബോധത്തിലൂടെ എക്കാലവും നിലനിൽക്കും. അതാവും അവരെ നിലനിർത്തുക.

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

മാർതോമ്മാ ശ്ലീഹായുടെ പൈതൃകത്തിൽ ഊറ്റം കൊള്ളുന്നവരാണ് നസ്രാണികൾ. മാർതോമ്മാശ്ലീഹാ നമ്മുടെ കാവൽപിതാവും സഭയുടെ സ്ഥാപകനും എല്ലാമാണെന്നത് ഒരു വിശ്വാസത്തെക്കാൾ ഉപരി ഒരു വികാരമാണ്. തോമ്മാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതപ്രവർത്തനം സംബന്ധിച്ച് ചില പാശ്ചാത്യ ചരിത്രകാരന്മാർ ഉന്നയിക്കുന്ന സംശയങ്ങളൊന്നും നസ്രാണികളുടെ ഈ വികാരത്തെ ഹനിക്കുന്നില്ല. 'മാർത്തോമ്മായുടെ പ്രവർത്തികൾ' എന്ന രേഖയും, മാർ അപ്രേം, മാർ യാക്കോബ് മുതലായ ആദിമ സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും എല്ലാം മുൻനിർത്തി ആ വിശ്വാസം ശക്തമായി തന്നെ തുടരുന്നു. നസ്രാണി സമൂഹത്തിന്റെ ഭരണരീതികളും മാർത്തോമ്മൻ പൈതൃകത്തോട് ചേർന്നു നിൽക്കുന്നു.

നസ്രാണി സമൂഹത്തിന്റെ തലവനെ തിരഞ്ഞെടുക്കുന്ന പള്ളിയോഗം എന്ന കൂട്ടവും, ആ കൂട്ടത്തിന്റെ ജനാധിപത്യ മര്യാദകളും മാർത്തോമ്മൻ പാരമ്പര്യത്തോളംതന്നെ പുരാതനമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് ഇൻഡ്യയുടെ കാവൽപിതാവിന്റെ 1950-ാം രക്തസാക്ഷിത്വ സ്മരണ നമ്മൾ ആഘോഷിക്കുമ്പോൾ മാർത്തോമ്മ പൈതൃകത്തോളം തന്നെ പഴക്കമുള്ള ജനാധിപത്യ ഭരണക്രമങ്ങളുമായി ബന്ധപ്പെട്ട രണ്ടുകാര്യങ്ങളുടെ ആഘോഷംകൂടി ഒരുമിച്ചു നടത്തുന്നത് വളരെ പ്രസക്തമാണ്. ഒന്നാമത് ജനാധിപത്യ ഭരണക്രമങ്ങളെ നമ്മുടെ സഭയിൽ എന്നേക്കുമായി കുടിയിരുത്തുന്നതിന് അക്ഷീണം പരിശ്രമിച്ച പുണ്യാത്മാവായ പരി. വട്ടശേരിൽ മാർ ദിവന്നാസ്യോസിന്റെ ചരമ നവതിയും, അതേ ഭരണക്രമത്തെ എന്നാളും സഭയിൽ നിലനിർത്തുന്നതിനായി ക്രോഡീകരിച്ച സഭാഭരണഘടന സ്ഥാപിതമായതിന്റെ നവതിയും ഒരുമിച്ച് ഈ വർഷം സംഗമിക്കുകയാണ്.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഊട്ടിയുറപ്പിച്ച പുണ്യാത്മാവാണ് വട്ടശേരിൽ തിരുമേനി. ഭാരതത്തിലെ മറ്റു സഭകൾക്കൊന്നും തന്നെ ഇല്ലാതിരുന്ന ഒരു ഭരണക്രമം മലങ്കര സഭയ്ക്കുണ്ടാകണമെന്നും, ആ ഭരണക്രമം ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും മുൻകൂട്ടി സ്വപ്നം കണ്ട മഹാനാണ് അദ്ദേഹം. അന്ത്യോഖ്യ പാത്രിയർക്കീസ് എന്ന വിദേശ ശക്തിയുമായി പോരാടി ലഭിച്ച ഉൾക്കരുത്ത് മേൽപ്പറഞ്ഞ കാര്യം നടപ്പാക്കുന്നതിന് അദ്ദേഹത്തെ കൂടുതൽ ശക്തനാക്കി. തലച്ചോറിനെ ചെരിപ്പിനടിയിൽ സൂക്ഷിച്ചിരുന്ന ഒരു വ്യക്തിയായിരുന്നില്ല അദ്ദേഹം. തന്റെ സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തന്റെ ബുദ്ധിയെ പരമാവധി അദ്ദേഹം ഉപയോഗിച്ചു. മലയാളം, ഇംഗ്ലീഷ്, സുറിയാനി തുടങ്ങിയ ഭാഷകളിൽ അദ്ദേഹത്തിനു ലഭിച്ച പരിശീലനവും, ഉന്നത വിദ്യാഭ്യാസവും അതിന് അദ്ദേഹത്തെ സജ്ജനാക്കി. കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 90 വർഷം തികയുന്നു എങ്കിലും, മലങ്കരയുടെ മക്കൾ ഒരു നിമിഷംപോലും ആ പരിശുദ്ധനെ മറന്നില്ല. ഇന്ന് സഭ ദുഷ്ക്കരമായ പ്രതിസന്ധികളിൽക്കൂടി കടന്നുപോകുമ്പോൾ എല്ലാവർക്കും തിരിഞ്ഞുനോക്കി ഊർജ്ജം സംഭരിക്കുവാനുള്ള ഒരു പ്രതീകമായി മാറിയിരിക്കുന്നു ആ പിതാവ്. ഇന്നത്തെതിലും വലിയ പ്രതിസന്ധികൾ തരണം ചെയ്യുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചു എങ്കിൽ ഇന്നത്തേത് നിഷ്പ്രയാസം തരണം ചെയ്യുവാനാകും എന്ന പ്രത്യാശ നൽകുന്നു ആ പിതാവിന്റെ ജീവിതാനുഭവങ്ങൾ.

പരി. വട്ടശേരിൽ തിരുമേനി സഭയ്ക്ക് പ്രദാനം ചെയ്ത മറ്റൊരു മഹത്ക്കാര്യമാണ് സഭാ ഭരണഘടന. അദ്ദേഹത്തിന്റെ കാലശേഷം മാത്രമേ അത് പാസാക്കാനായുള്ളു എങ്കിലും, ഭരണഘടനയുടെ പ്രധാന ശിൽപ്പി വട്ടശേരിൽ തിരുമേനി ആയിരുന്നു എന്നത് സഭ അന്നുമുതലേ തിരിച്ചറിഞ്ഞിരുന്നു. ഒരു മെത്രാപ്പോലീത്തയുടെ ഏകനായ കത്വത്തിൽ ഭരിക്കപ്പെട്ടിരുന്ന മലങ്കരസഭയിലെ പ്രധാന അധികാര കേന്ദ്രങ്ങളെല്ലാം ജനാധിപത്യ മര്യാദകൾക്കനുസൃതമായി സമിതികളിൽ നിക്ഷിപ്തമാക്കികൊണ്ടുള്ള ഒരു സംവിധാനം അന്ന് വിഭാവനം ചെയ്യാനായത് ഒരു



ചെറിയകാര്യമായിരുന്നില്ല. 1934 ന് മുമ്പ് ഒന്നിലധികം മെത്രാപ്പോലീത്തമാർ സഭയിൽ ഉണ്ടായിരുന്നു എങ്കിലും മെത്രാന്മാരുടെ സുന്നഹദോസ് എന്നൊരാശയം രൂപീകൃതമായിരുന്നതായി തോന്നുന്നില്ല. മാനേജിംഗ് കമ്മറ്റി ഭരണഘടനയ്ക്കുമുമ്പും ഉണ്ടായിരുന്നു എങ്കിലും, ഇന്ന് ആ സമിതി വഹിക്കുന്ന അധികാരങ്ങളൊന്നും 1934 ന് മുമ്പ് അതിനുണ്ടായിരുന്നില്ല. മേൽപ്പട്ടക്കാരെ, വൈദികരും ജനങ്ങളും ചേർന്ന് തിരഞ്ഞെടുക്കുന്ന പതിവ് മലങ്കരയിൽ വളരെ പുരാതന കാലം മുതൽ നിലനിന്നിരുന്നു എങ്കിലും അതിന് കൃത്യത വരുത്തി വൈദികരുടെയും അത്മായരുടെയും പ്രാധാന്യം എടുത്തുകാട്ടി ക്രോഡീകരിക്കപ്പെട്ടത് സഭാ ഭരണഘടന നിലവിൽ വന്നതോടെയാണ്. മേൽപ്പട്ടക്കാരും പട്ടക്കാരും ജനങ്ങളും പരസ്പരധാരണയോടെ സ്നേഹവും സാഹോദര്യവും കൈവിടാതെ സഭയുടെയും ഭദ്രാസനത്തിന്റെയും, ഇടവകയുടെയും ഭരണം നടത്തണമെന്നാണ് നമ്മുടെ സഭാഭരണഘടന വിഭാവനം ചെയ്യുന്നത്. ആ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുമ്പോഴാണ് പലപ്പോഴും പ്രശ്നങ്ങൾ തലപൊക്കുന്നത്. മേൽപ്പട്ടക്കാർക്ക് മുൻതൂക്കം കൊടുത്തുകൊണ്ടും, എന്നാൽ അതേസമയം അവർക്ക് തനിയെ ഭരണം നടത്താൻ ആവാത്തവിധത്തിലും എല്ലാക്കാര്യങ്ങളിലും വിവിധ അളവുകളിൽ വൈദികരുടെയും അത്മായരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും സഭ ഭരിക്കപ്പെടണമെന്ന ആശയം ഒരുപക്ഷേ മലങ്കര സഭയുടെ മാത്രം ഭരണക്രമത്തിന്റെ ഒരു പ്രത്യേകതയാണ്.

മാർതോമ്മാശ്ലീഹായാണ് മലങ്കരസഭയുടെ സ്ഥാപകൻ എന്ന അടിയുറച്ച വിശ്വാസവും, ആ ബോധ്യത്തിൽ നിന്നും ഉണ്ടാകുന്ന സ്വാതന്ത്ര്യ ബോധവും, ആ സ്വാതന്ത്ര്യബോധത്തെ താങ്ങി നിർത്തുന്ന സഭാ ഭരണഘടനയും, അത് ക്രോഡീകരിച്ച മഹാരഥന്റെ ഓർമ്മയും എല്ലാംകൂടി ഉൾപ്പെടുന്നതാണ് മാർത്തോമ്മൻ പൈതൃകം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ മൂന്ന് കാര്യങ്ങളുടെയും സംഗമമാണ് 2024 ഫെബ്രുവരി 25 ന് നമ്മൾ ആഘോഷിക്കുന്നത്. മാർതോമ്മ നസ്രാണികളുടെ വീര്യം വിളിച്ചറിയിക്കുന്ന ഒരു സംഗമം കൂടി ആയിട്ട് അതിനെ കാണുവാൻ നമുക്കുസാധിക്കണം. ഈ സംഗമത്തിന് എല്ലാ ആശംസകളും വിജയവും നേരുന്നു.

o

## മാർത്തോമൻ പൈതൃക സംഗമം സ്തോത്രാർപ്പണവും...

15-ാം പേജിൽ നിന്നും...

സഭാ ഭരണഘടനയും അപ്രകാരം ഭേദഗതികൾക്ക് വിധേയമായി. 1951, 1967, 1997, 2006, 2011 എന്നീ വർഷങ്ങളി ൽ നിയമാനുസൃതം സഭാ ഭരണഘടന ഭേദഗതി ചെയ്യപ്പെട്ടു. മഹത്തായ ഭരണഘടനയുടെ ലാവണ്യം ഐക്യത്തോടെ അനുസരിച്ചവരിൽ ചിലർ പിന്നീട് പലഘട്ടങ്ങളിലും അതിന്റെ സ്വാധീനവും സ്വീകാര്യതയും വിവിധ മുൻസിഫ് കോടതികളിൽമുതൽ സുപ്രീംകോടതി യിൽവരെ ചോദ്യംചെയ്തിട്ടുണ്ട്. 1958, 1995, 2002, 2017, 2018 എന്നീ വർഷങ്ങളിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി, 1934-ലെ സഭാഭരണഘടനയുടെ സാംഗത്യവും സാധുതയും അടിവരയിട്ട് ഉറപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. 2017-ലെ സുപ്രീംകോടതിവിധി അസന്ദിഗ്ധമായി പ്രസ്താവിക്കുന്നത് '1934-ലെ ഭരണഘടന സാധുവാണെന്നും അതനുസരിച്ച് പള്ളികളിൽ ഭരിക്കപ്പെടുമെന്നു'മാണ്. മലങ്കര സഭയു ടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകവും അടിസ്ഥാനവുമാണ് സഭാഭരണഘടന. സഭയിൽ സമാധാനവും ഐക്യവും സാധ്യമാക്കുവാനും ആ നിലയിൽ സുസ്ഥിരമായി സാക്ഷ്യത്തോടെ വളരുവാനും 1934-ലെ സഭാ ഭരണഘടന എന്ന ഉറപ്പുള്ള അടിസ്ഥാനം പര്യാപ്തമാണെന്നത് മലങ്കര സഭയുടെ അനുഭവവും ബോധ്യവുമാണ്.

കാലാകാലങ്ങളിലുള്ള മലങ്കര മെത്രാപ്പോലീത്തമാർ സഭാഭരണഘടനയുടെ കാവൽക്കാരായി നിലകൊണ്ടു. ഭര ണഘടനയിൽ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരങ്ങൾ പരാമർശിക്കുന്നവയിൽ 94-ാം വകുപ്പ് ഇപ്രകാരമാണ്, 'മലങ്കര സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്ക് വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്.' സ്ഥാനത്തെത്തുന്നതിന് മുമ്പുതന്നെ സഭാഭരണഘടനയുടെ വിശ്വസ്തകാവൽക്കാരനായി പൊരുതിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, അതീവ കരുതലോടെ സഭാഭരണഘടനയെ സംരക്ഷിക്കുന്ന നാളുകളിലാണ് 'മലങ്കര സഭാ ഭരണഘടനയുടെ നവതി' ആഘോഷിക്കുവാൻ 'മാർത്തോമൻ പൈതൃകസംഗമ'ത്തിൽ മലങ്കരമക്കൾ പങ്കാളികളാകുന്നത്.

നിഖ്യാവിശ്വാസ പ്രമാണം പ്രഖ്യാപിക്കുന്ന സഭാവിശേഷണങ്ങളായ കാതോലികം, ശ്ലൈഹികം, ഏകം, വിശുദ്ധം എന്നീ അടിസ്ഥാന പ്രമാണങ്ങളിൽനിന്ന് മലങ്കരസഭ വ്യതിചലിച്ച് സഞ്ചരിക്കാതിരിക്കുവാൻ സഭയുടെ പൂർവ്വപിതാ ക്കന്മാർ എക്കാലത്തും സവിശേഷശ്രദ്ധ നൽകിയിട്ടുണ്ട്. ഭാരതത്തിന്റെ അപ്പോസ്തോലനായ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ നിണംവീണ മണ്ണിൽ മുളച്ച മലങ്കര നസ്രാണികൾ, ആ പൈതൃകത്തിൻന്റെ തനിമ എന്ത് ത്യാഗം സഹിച്ചും സംരക്ഷിക്കുന്നവരാണ്. തന്റെ ആയുസ്സ് മുഴുവൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി കാത്തുപരിപാലിച്ച ഈ സഭയുടെ സ്വാതന്ത്ര്യം, ഒരുകാലത്തും പോറലേൽക്കാതെ സംരക്ഷിക്കുവാൻ മലങ്കര മക്കൾ പ്രതിജ്ഞചെയ്യുന്ന അനന്യസാ ധാരണമായ സവിശേഷസന്ദർഭമാണ് 'മാർത്തോമൻ പൈതൃക സംഗമം'.

തയ്യാറാക്കിയത്:
H.G Dr. Joseph Mar Dionysius Metropolitan (Chairman)
H.G. Yakob Mar Elias Metropolitan (Chairman)
Fr. Dr. Thomas Varghese Amayil (Priest Trustee)
Sri. Ronny Varghese Abraham (Lay Trustee)
Published by : Adv. Biju Oommen
(Malankara Association Secretary)
Editted & Compiled by :
Sri. Mathai T Varghese (Convenor)

o



# വചനദീപ്തി

**ഫാ. ഡോ. തോമസ് പി. സഖറിയ**

ആരാധനാ വർഷത്തെ മൂന്നാമത്തെ കാലമായ വലിയ നോമ്പ് കാലത്തേക്ക് നാം പ്രവേശിക്കുന്നു. കൊത്നെ മുതൽ ക്യംതാ വരെയുള്ള 7 ഞായറാഴ്ചകൾ ഉൾക്കൊള്ളുന്ന കാലമാണിത്. ഇത് വേർതിരിക്കപ്പെട്ട കാലവും, രൂപാന്തരത്തിന്റെ കാലവും, സഹനത്തിന്റെ കാലവും, മനനത്തിന്റെ കാലവും, സ്വയം വിലയിരുത്തലിന്റെ കാലവും, തിരിഞ്ഞുനോട്ടത്തിന്റെ കാലവും, ചെത്തി വെടിപ്പാക്കലിന്റെ കാലവും, ആർദ്രതയുടെയും കരുണയുടെയും കാലവും, സമർപ്പണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള തിരിച്ചറിവിന്റെ കാലവും, കർത്താവിന്റെ കഷ്ടതകളോട് നമ്മുടെ കഷ്ടതകൾ ചേർത്തുവയ്ക്കുവാനുള്ള കാലവും, അവന്റെ പുനരുത്ഥാനത്തിന്റെ സന്തോഷം ആത്മാവിൽ പുതുക്കുവാനുള്ള കാലവുമാണ്. ദൈർഘ്യം കൊണ്ട് വലുതായ 'വലിയ നോമ്പ്' അതിൻെറ പ്രസക്തി കൊണ്ടും വലിയതു തന്നെയാണ്. നോമ്പ് നമ്മെ നയിക്കുന്നത് നമ്മുടെ രക്ഷകന്റെ സഹനങ്ങൾക്ക് ഓഹരിക്കാരാകുവാനാണ്. സഹന വഴികൾ നമ്മെ എത്തിക്കുന്നത് ശൂന്യമായൊരു മരക്കുരിശിങ്കലേക്കും, ഒഴിഞ്ഞ ഒരു കബറിടത്തിങ്കലേക്കുമാണ്. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്തോഷമാണിവിടെ നാം പുതുക്കുന്നത്. 'ഉപവാസം', 'നോമ്പ്' എന്നിവ നാം ഏറെ കേട്ട് പരിചയിച്ച വാക്കുകളാണ്. കർത്താവിനോടുകൂടെയിരിക്കുവാനും, ആത്മശരീരമനസ്സുകളുടെ ശിക്ഷണത്തിനും ഉള്ള കാലമാണിത്. ഉദരപൂരണത്തിന് അധ്വാനിക്കുന്ന മനുഷ്യൻ തീവ്രമായ ദൈവസംസർഗ്ഗ നിഷ്ഠകളിലൂടെ സ്വന്തം ജീവിതത്തെ ബാധിച്ചിരിക്കുന്ന കുറവുകളെ നീക്കുവാൻ ദൈവകൃപയാൽ പരിശ്രമിക്കുന്നു. നോമ്പ് കാല വേദധ്യാനങ്ങൾ വേദചിന്തകളെ മനനം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നോമ്പുകാലത്തെ നമസ്കാരങ്ങളുടെ രാഗങ്ങളും, പ്രാർത്ഥനകളും എല്ലാം ഉപവാസത്തിന്റെ അർത്ഥതലങ്ങളുടെ സാക്ഷാത്കാരത്തിന് നമ്മെ സഹായിക്കുന്നു. ഹൃദയത്തിൽ നിന്നുയരുന്ന നിരന്തരമായ പ്രാർത്ഥനയും, ദൈവവചന ധ്യാനവും, ദണ്ഡനമസ്കാരങ്ങളും എല്ലാം ദൈവസാന്നിധ്യം രുചിച്ചറിയുന്നതിനും പ്രാർത്ഥനയിലൂടെയുള്ള ദൈവസംസർഗത്തിന്റെ മധുരം തിരിച്ചറിയുവാനും ആന്തരിക ശുദ്ധീകരണത്തിനും നമ്മെ സഹായിക്കും. പ്രാർത്ഥനയും ഉപവാസവും തിരുവചന ധ്യാനവും ലൗകീക മോദങ്ങളിൽ നിന്ന് നമ്മെ അകറ്റുവാനും ദൈവസ്നേഹത്താൽ നിറഞ്ഞു കൊണ്ട് കരുണയുടെ വഴിയിൽ ചരിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ കുറവുകൾ ഓർത്ത് അനുതപിക്കുവാനും, ആത്മിക ജീവിതപുഷ്ടിക്കായി വർജ്ജനം ആചരിപ്പാനും, കണ്ണിയറ്റുപോയ ബന്ധങ്ങളെ പുനഃസ്ഥാപിക്കുവാനും, ദൈവസന്നിധിയിൽ നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് പുതുക്കം പ്രാപിപ്പാനും, ദൈവീകരണത്തിന് അനുയോജ്യരായി രൂപാന്തരം പ്രാപിക്കുവാനും നോമ്പ് നമ്മെ സഹായിക്കട്ടെ.

**2024 ഫെബ്രുവരി 11**
**കൊത്നെ ഞായർ**
വി. യോഹന്നാൻ 2:1-11.

**1. കർത്താവിന്റെ മഹത്വം വെളിപ്പെടുത്തിയ അടയാളം**

കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ സംഭവം കർത്താവിന്റെ അടയാളങ്ങളിൽ ആദ്യത്തേതായി വി.യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവിന്റെ ദൈവത്വം വെളിപ്പെടുന്നതും അവനിലെ മനുഷ്യത്വത്തിന്റെ പ്രകടനവും ഒരുമിച്ചു ചേരുന്ന കാഴ്ചയാണിവിടെ. കർത്താവിന്റെ സ്നേഹാർദ്രമായ സാന്നിധ്യം ഐഹിക സമ്പത്തു കുറഞ്ഞ മണവാളനെയും മണവാട്ടിയെയും ശ്രേഷ്ഠരാക്കി, കല്യാണമണ്ഡപത്തിലെ ആരവം സ്തുതിയും സ്തോത്രവുമായി ഭേദപ്പെട്ടു. പരിശുദ്ധ സഭയെ തന്റെ പരിശുദ്ധ വീഞ്ഞിനാൽ ലഹരിപ്പിച്ച അനാദ്യന്ത വചനം തന്റെ സമൃദ്ധിയിൽ നിന്ന് സൃഷ്ടിക്കായി നന്മകളെ ഭാഗിച്ചു കൊടുത്തു. കല്യാണവിരുന്നിലേക്ക് ഇറങ്ങിവന്ന് വെള്ളത്തെ വീഞ്ഞാക്കുകയും മണവാളനെയും മണവാട്ടിയെയും വിരുന്നുകാരെയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന യേശുവിനെ കർത്താവും ദൈവവുമായി അനുഭവിച്ചറിയുവാനും ആ അനുഭവത്തിന്റെ പുതുക്കത്തിൽ നടക്കുവാനും ആഗ്രഹിച്ചു കൊണ്ടാണ് സഭ ഈ ദിവസത്തിൽ പ്രാർത്ഥിക്കുന്നത്. വെള്ളത്തെ വീഞ്ഞാക്കിയതു പോലെ നാമോരോരുത്തരെയും കർത്താവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരാക്കണമെന്ന് സഭ അപേക്ഷിക്കുന്നു. 'കർത്താവിന്റെ ഉപദേശങ്ങളാകുന്ന നല്ല വീഞ്ഞിനാൽ ഞങ്ങൾ ലഹരിക്കണമെന്നും, കർത്താവിന്റെ സ്നേഹം എന്ന വീഞ്ഞിനാൽ ഞങ്ങൾ ആനന്ദിക്കണം എന്നും, സ്വർഗ്ഗരാജ്യത്തിലെ വിരുന്നിൽ ഞങ്ങളെ പങ്കു ചേർക്കണമെന്നും' നാം കർത്താവിനോട് അപേക്ഷിക്കുന്നു. ഈ നോമ്പ് അവന് ഇഷ്ടമുള്ളതായി തീരണം എന്നും, നോമ്പിനാലും നടപടികളാലും കർത്താവിനെ നമുക്ക് ഇഷ്ടപ്പെടുത്തുവാൻ ആകണം എന്നുമുള്ള നമ്മുടെ പ്രാർത്ഥന നാം ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. 'ശാശ്വതമായ ദിവ്യാത്ഭുതം താൽക്കാലിക കല്യാണത്തിൽ പ്രസിദ്ധമാകുവാൻ തക്കവണ്ണം' യേശുത

മ്പുരാൻ ക്ഷണിക്കപ്പെട്ടതായാണ് പിതാക്കന്മാർ എഴുതിയിരിക്കുന്നത്. ആദിയിൽ വചനം ദൈവത്തോടു കൂടെ ഉണ്ടായിരുന്നു എന്നും വചനം ദൈവമായിരുന്നു എന്നും യോഹന്നാനാൽ എഴുതപ്പെട്ടിരിക്കുന്നു (യോഹ. 1:1). ഇപ്രകാരം ദൈവത്തോടുകൂടെയുണ്ടായിരുന്ന വചനമായ ദൈവമാണ് കാലത്തികവിൽ മനുഷ്യാവതാരം ചെയ്തത് - പിതാവാം ദൈവത്തിന്റെ ഏകജാതനായ പുത്രൻ. അടയാളങ്ങളുടെ പ്രാരംഭമായി വെള്ളം വീഞ്ഞാക്കിക്കൊണ്ട് തന്റെ മഹത്വം അവൻ വെളിപ്പെടുത്തിയത് സൃഷ്ടിക്ക് ഉടയവനാകുന്നു എന്ന് പ്രഖ്യാപിക്കുവാനാണ്.

**2. ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരം പഴയനിയമത്തിലെ രക്ഷാ ചരിത്രത്തിന്റെ തുടർച്ച.**

ഈ ഞായറാഴ്ചയുടെ പഴയനിയമ വായനാഭാഗങ്ങളിൽ യഹോവ ഭൂമിയെ ഇനിയൊരു പ്രളയത്താൽ നശിപ്പിക്കയില്ല എന്ന് തന്റെ ജനത്തോടു ചെയ്യുന്ന സദാകാലത്തേക്കുമുള്ള ഉടമ്പടിയുടെ അടയാളമായി യഹോവയുടെ വില്ല് മേഘത്തിൽ വച്ചതിനെക്കുറിച്ചും (ഉല്പ. 9:12-21), തന്റെ ജനത്തിന് പത്തു കൽപ്പനകൾ നൽകിയതിനെക്കുറിച്ചും (പുറ: 20: 7-12), ഏലിയാവിന്റെ കർമ്മേലിലെ യാഗം കൈക്കൊണ്ടതിനെക്കുറിച്ചും (1 രാജാ. 18: 29 - 46) നാം വായിക്കുന്നു. ദൈവം തന്റെ ജനത്തെ കരുതുന്നതും അവരോട് ഉത്തരം അരുളി ചെയ്യുന്നതും അവരുടെ മധ്യേ സന്നിഹി തനാകുന്നതുമായ കാഴ്ചയാണ് ഇവിടെ കാണുന്നത്. ഇസ്രായേൽ മക്കളുടെ അടുത്തേക്ക് മേഘതമസ്സിൽ ഇറങ്ങിയവനായ യഹോവ യിസ്രയേലിന്റെ രക്ഷിതാവും പരിപാലകനുമായിരുന്നു. ജനത്തോടു കൂടെയുള്ള ദൈവസാന്നിധ്യം ഒരു യാഥാർത്ഥ്യമെങ്കിലും അതിന്റെ മഹത്വം പലപ്പോഴും വിസ്മരിക്കപ്പെട്ടു. കർത്താവ് കാനാവിലേക്ക് ഇറങ്ങിവന്നത്, അവിടെ തന്റെ മഹത്വം വെളിപ്പെടുത്തിയത്, തന്റെ രക്ഷയിലേക്ക് സകലരെയും താൻ വിളിച്ചടുപ്പിക്കുന്നു എന്ന് ബോധ്യപ്പെടുത്തുവാൻ കൂടെയാണ്. ഇത് പഴയ നിയമകാലത്ത് യഹോവയാം ദൈവം ആരംഭം കുറിച്ച രക്ഷാപ്രവൃത്തിയുടെ തുടർച്ചയാണ്. യേശുവിനെ .തന്റെ സൃഷ്ടിയിന്മേൽ പൂർണാധികാരമുള്ള കർത്താവും ദൈവവും എന്ന് തിരിച്ചറിയുവാനും അവന്റെ ദൈവത്വത്തെയും അലിവുള്ള ഹൃദയത്തെയും കുറിച്ചോർത്ത് അവനെ സ്തുതിക്കുവാനും നമുക്ക് അർഹത ലഭിക്കേണ്ടതിനാണ് ഈ ദിവസം നാം കർത്താവിനോട് പ്രാർത്ഥിക്കുന്നത്.

**3. ദൈവകൃപയാലുള്ള ലഹരി - ഹൃദയങ്ങളെ കീറുവാനും, യഹോവയ്ക്ക് ഇഷ്ടമുള്ള ഉപവാസത്തിനും.**

പ്രളയത്തിനുശേഷം നോഹ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി, അതിലെ വീഞ്ഞു കുടിച്ച് കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. അത് സ്വന്ത പുത്രൻ ഹാമിന്റെ നാശത്തിലേക്ക് വഴി തുറന്നു (ഉല്പ. 9:18) ആത്മാവിനെയും ജീവിതങ്ങളെയും നശിപ്പിക്കുന്ന ലഹരിക്കായല്ല, ഹൃദയങ്ങളെ തന്നെ ദൈവസന്നിധിയിൽ കീറിക്കൊണ്ട് കർത്താവിങ്കലേക്ക് തിരിഞ്ഞ് അവന്റെ കൃപയും ദീർഘക്ഷമയും മഹാദയയും പ്രാപിക്കുന്നതിലൂടെയുള്ള ആത്മീയ ലഹരിയിലേക്കാണ് നാം നയിക്കപ്പെടേണ്ടത്. അതിനായുള്ള ദൈവകൃപയ്ക്കായി നാം പ്രാർത്ഥിക്കണം. 'വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി എങ്കലേക്ക് തിരിയുവിൻ, യഹോവ കൃപയും ദീർഘക്ഷമയും മഹാദയവുമുള്ളവനല്ലോ' (യോവേൽ 2:13). ആർദ്രതയും കരുണയും കൈമുതലാക്കിയുള്ള ഉപവാസമാണ് കർത്താവിന് പ്രിയമുള്ളത് (യെശ. 58: 6-14).

**4. ജനത്തെ കർത്താവിങ്കലേക്ക് തിരിച്ച ദൈവമാതാവ്**

ഓർത്തഡോക്സ് സഭയുടെ ഐക്കണുകളിൽ പരിശുദ്ധ ദൈവമാതാവിനെ ചിത്രീകരിച്ചിരിക്കുന്നത് യേശുക്രിസ്തുവിനെ ലോകത്തിന് കാട്ടി കൊടുക്കുന്നവളും അവന്റെ പക്കൽ അപേക്ഷ സമർപ്പിക്കുന്നവളുമായാണ്. അവളുടെ കൈകൾ ക്രിസ്തുവിനെ ചേർത്തു പിടിച്ചിരിക്കുന്നതായും ക്രിസ്തുവിനെ ചൂണ്ടിക്കാട്ടുന്നതായും വരച്ചു ചേർക്കാറുണ്ട്. തന്റെ പുത്രന്റെ പക്കൽ അപേക്ഷ സമർപ്പിച്ചവൾ അവന്റെ മഹത്വം ദർശിക്കുവാൻ ദൈവകൃപ ലഭിച്ചവളാണ്. സ്വന്ത പുത്രൻ ആരെന്ന് അറിയാവുന്ന മാതാവ് അവരോട് ' അവൻ എന്തെങ്കിലും കൽപ്പിച്ചാൽ അപ്രകാരം ചെയ്യുവിൻ' എന്ന് നിർദ്ദേശിക്കുന്നു. യേശുവിന്റെ വാക്ക് പൂർണമായും അനുസരിച്ച് ശുദ്ധീകരണത്തിനായി ഉള്ള ആറ് കൽപ്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുന്ന ശുശ്രൂഷകർ കർത്താവിന്റെ പ്രവർത്തനത്തിലൂടെ പച്ചവെള്ളത്തിനുണ്ടാകുന്ന രൂപാന്തരത്തിന് സാക്ഷികളായി തീരുന്നു. പ. കന്യക മറിയാമിന്റെ വിശ്വാസവും സമർപ്പണവും മാദ്ധ്യസ്ഥവും ഇന്നും അവളുടെ ഏകപുത്രനായ യേശു ക്രിസ്തുവിനെ ലോകത്തിന് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**5. ക്രിസ്തു കാട്ടിയ അടയാളം നമ്മെ നയിക്കേണ്ടത് പരിശുദ്ധാത്മ പുതുക്കത്തിലേക്ക്.**

യേശു കാട്ടിയ അടയാളം നമ്മെ നയിക്കേണ്ടത് ക്രിസ്തുവിൽ അനുനിമിഷമുള്ള പുതുക്കത്തിലേക്കാണ്. കുറവിനെ നിറവാക്കി മാറ്റുന്ന ക്രിസ്തു സാമീപ്യവും, നമ്മുടെ ബോധ്യങ്ങൾക്ക് അപ്പുറം പ്രവർത്തിക്കുവാൻ കഴി വുള്ള കർത്താവിനെക്കുറിച്ചുള്ള തിരിച്ചറിവും, വിശുദ്ധ കുർബാനയിലൂടെ നമുക്ക് ലഭിക്കുന്ന കൃപകളും ക്രിസ്തു സാക്ഷികളുടെ ദൗത്യം യഥാവിധി നിർവഹിക്കുവാൻ നമ്മെ സഹായിക്കട്ടെ. കർത്താവിന്റെ കൈ കൂടെയിരുന്ന ബർന്നബാസിനെക്കുറിച്ച് നാം വായിക്കുന്നു : ചെല്ലുന്നിടത്തൊക്കെയും കർത്താവിനോട് ചേർന്നു നിൽക്കുവാൻ ജനത്തെ അവൻ പ്രബോധിപ്പിച്ചു; നല്ല മനുഷ്യനും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറഞ്ഞവനുമായിരുന്നു (അ.പ്ര. 11:19-26). പഴയ മനു ഷ്യനെ ഉപേക്ഷിച്ച് ഉള്ളിലെ ആത്മാവ് സംബന്ധിച്ച് പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ നാം ധരിക്കണം (എഫെ. 4:17-22); ക്രിസ്തുവിനെ അറിയുന്നവരും, ധാർമികതയിൽ തികവുള്ളവരും, ദൈവഹിതം അന്വേഷിക്കുന്നവരും, വാക്കും വിചാരവും പ്രവൃത്തിയും ദൈവഹിതത്തിന് അനുരൂപമാക്കുന്നവരുമാകണം. യേശുവിന്റെ അടയാളം കണ്ടവർ പിശാചിന് ഇടം കൊടുക്കരുത്, 'തമ്മിൽ തമ്മിൽ ദയവും മനസ്സലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിച്ചും കരുതിയും' ക്രിസ്തുവിന്റെ പുതുക്കത്തിൽ നടക്കുവാൻ നമുക്കിടയാകണം.

**2024 ഫെബ്രുവരി 18**

## വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച (കുഷ്ഠരോഗി)

ലൂക്കോസ് 5:12-16, 4:40-41.

'ഊരാടുന്നോൻ, രോഗാരിഷ്ഠൻ, ഗേഹ ഭ്രഷ്ഠൻ, മിത്രങ്ങൾ തൻ ചാരേ ചെല്ലാൻ പാടില്ലാത്തോൻ' - കർത്താവിന്റെ അടുക്കൽ എത്തിച്ചേർന്ന കുഷ്ഠരോഗിക്ക് നൽകിയിരിക്കുന്ന വിശേഷണങ്ങളാണിവ. ഗർബോ ഞായറാഴ്ചയുടെ പ്രത്യേക ഗീതങ്ങളിൽ നാം ഇത് ചൊല്ലാറുണ്ട്. രോഗം

ശരീരത്തെയും മനസ്സിനെയും ഒരുപോലെ വികൃതമാക്കുകയാണ്; അംഗഭംഗം, സഹജീവികൾ ഭയത്തോടും വെറുപ്പോടും കൂടെ അകറ്റിനിറുത്തുന്ന സാഹചര്യം. ജനപദങ്ങളിൽ നിന്നകന്ന്, സമൂഹ ജീവിതത്തിൽ നിന്ന് നിർബന്ധ പൂർവം അടർത്തിമാറ്റപ്പെട്ടുള്ള ജീവിതം; ചികിത്സയില്ലാത്ത രോഗം എന്നതു പോകട്ടെ, ഒരു തൊഴിൽ ചെയ്തെങ്കിലും ജീവിതം പുലർത്തുവാൻ സാഹചര്യമില്ല; ഒരിറ്റു ദയയ്ക്കും കരുണയ്ക്കും യാതൊരു സാധ്യതയുമില്ല, വിശപ്പിന്റെ ആധിക്യം മൂലം അല്പം ഭക്ഷണം ഇരന്നുവാങ്ങുവാൻ പോലും ഊഹിക്കാവുന്നതിലേറെ പ്രയാസം. യേശു തമ്പുരാന്റെ കാലത്ത് കുഷ്ഠരോഗികളുടെ ക്ലേശങ്ങൾ വാക്കുകൾ കൊണ്ടു് വിവരിക്കാവുന്നതിലും എത്രയോ വലുതായിരുന്നു. ലേവ്യ പുസ്തകം 13, 14 അദ്ധ്യായങ്ങൾ കുഷ്ഠരോഗി പാലിക്കേണ്ട നടപടികളെക്കുറിച്ചും, കുഷ്ഠരോഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നു. കുഷ്ഠരോഗിയുടെ അശുദ്ധി അപരനിലേക്ക് പകരാതിരിക്കുവാനായി അകലം പാലിച്ചു കൊണ്ട്, 'അശുദ്ധൻ, അശുദ്ധൻ' എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ് നടക്കണം. ഇപ്രകാരം നിന്ദയുടെയും നിരാസത്തിന്റെയും രോഗക്ലേശങ്ങളുടെയും വലിയ ഭാണ്ഡം പേറിയാണ് ഓരോ കുഷ്ഠരോഗിയും ജീവിതം തള്ളിനീക്കിയിരുന്നത്. ഇത്തരമൊരു മനുഷ്യന്റെ ജീവിതത്തിലുണ്ടായ രൂപാന്തരത്തെക്കുറിച്ചുള്ള വിവരണമാണ് ഇന്നത്തെ ചിന്തയ്ക്ക് ആധാരം. മർക്കൊസ് 1:40-45, മത്തായി 8:1-4 എന്നീ ഭാഗങ്ങളിലും കുഷ്ഠരോഗിയെ കർത്താവ് സൗഖ്യമാക്കുന്ന സംഭവം വിവരിക്കുന്നു.

**1. മനസ്സലിവും മഹാദയവും ഉള്ള ദൈവമായ കർത്താവ്'**

ദൈവത്തിന്റെ കരുണയും, സൃഷ്ടിയോടുള്ള കരുതലും വെളിപ്പെടുത്തുന്ന വേദഭാഗങ്ങളാണ് പഴയനിയമ വായനയ്ക്കായി നൽകപ്പെട്ടിരിക്കുന്നത്. ജനങ്ങളുടെ അകൃത്യം ഹേതുവായി ഭൂമിയെ പ്രളയം കൊണ്ടു് നശിപ്പിക്കുവാൻ നിശ്ചയിച്ചവൻ നോഹയെയും ഭാര്യയെയും, മക്കളെയും, പുത്രഭാര്യമാരെയും, ജീവനുള്ള സകലത്തെയും പെട്ടകത്തിൽ സംരക്ഷിക്കുന്നു. യഹോവ പെട്ടകത്തിന്റെ വാതിലടച്ചു. നാല്പതുരാവും നാല്പതുപകലും പെയ്ത മഴ മൂലമുണ്ടായ പ്രളയത്തിലും പെട്ടകം സംരക്ഷിക്കപ്പെട്ടു (ഉല്പ 7:6-19).

'ആ നാളുകളിൽ, ആ കാലത്ത് യിസ്രയേൽമക്കളും യഹൂദാമക്കളും ഒരുമിച്ച് കരഞ്ഞുകൊണ്ടുവന്ന് തങ്ങളുടെ ദൈവമായ യഹോവയെ അന്വേഷിക്കും' (യിരെമ്യാ.50:4-7). നീ മടങ്ങി വന്നാൽ ഞാൻ നിന്നെ എന്റെ മുമ്പാകെ നിൽപ്പാൻ തക്കവണ്ണം കൈക്കൊള്ളും, നീ ഉത്തമമായത് പ്രസ്താവിച്ചാൽ നീ എന്റെ വായ് പോലെയാകും, നിന്നെ വിടുവിപ്പാനും രക്ഷിപ്പാനും ഞാൻ നിന്നോടു കൂടെയുണ്ട് (യിരെ. 15: 16, 19 - 21). യിസ്രയേൽ യഹോവയെ കാത്തിരുന്ന് അവനോട് കൃപ യാചിച്ചു, കഷ്ടകാലത്ത് തങ്ങളുടെ രക്ഷയ്ക്കായി അവനെ വിളിച്ചപേക്ഷിച്ചു (യെശയ്യാ. 33: 2,5). സൈന്യങ്ങളുടെ ദൈവമായ യഹോവ തന്റെ ജനത്തോട് മനസ്സലിവും മഹാദയയും ഉള്ളവനായിരുന്നു. പിതാവാം ദൈവത്തിന്റെ ഏകജാതനായ ക്രിസ്തുവും മനസ്സലിവിന്റെയും ഭൂതദയയുടെയും ഉറവിടമായിരുന്നു. സത്യപ്രകാശവും നിത്യവെളിച്ചവുമായിരുന്ന യേശുവാണ് കുഷ്ഠരോഗിയുടെ ജീവിതത്തെ ബാധിച്ച ഇരുളിനെ നീക്കിയത്. യേശു മനസ്സലിഞ്ഞു, 'കൈ നീട്ടി അവനെ തൊട്ടു, എനിക്കു മനസുണ്ട്, ശുദ്ധമാക' എന്നു പറഞ്ഞു (ലൂക്കോ. 5:13 ) യഹൂദമതത്തിന്റെ ശുദ്ധീകരണ നിയമപ്രകാരം തികച്ചും നിഷിദ്ധമായ ഒന്നാണ് യേശു ചെയ്തത്. കുഷ്ഠരോഗിയെ കൈനീട്ടി തൊടുക എന്നത് അക്കാലത്ത് അചിന്ത്യമായിരുന്നു. കർത്താവിന്റെ ആംഗ്യമോ വാക്കോ മാത്രം സൗഖ്യദാനത്തിന് മതിയായതായിരുന്നു എന്നിരിക്കെ യേശു മനുഷ്യത്വത്തിന്റെ പുതുചരിത്രമാണിവിടെ രചിക്കുന്നത്. യേശുവിന്റെ സ്പർശനമാത്രയിൽ തന്നെ രോഗം അവനെ വിട്ടുമാറുന്നു. കർത്താവിന്റെ വിശുദ്ധി അവനിലേക്കൊഴുകിയതോടെ അവന് നഷ്ടപ്പെട്ട ലോകം തിരികെ ലഭിക്കുകയാണ്. സമൂഹത്തിൽ നിന്ന് തിരസ്കൃതനായവൻ അവിടേക്ക് തിരികെ പ്രവേശനം നേടുന്നു. ദൈവാലയവും, സമൂഹ ജീവിതവും, മാന്യമായ തൊഴിലും, സൗഹൃദങ്ങളും - ഒന്നും ഇനി അവന് അന്യമല്ല. രോഗം വിട്ടകന്ന ശരീരവും, തെളിഞ്ഞ മനസ്സുമായി ഇനി ജീവിക്കാം. യേശുവിന്റെ സ്നേഹവും മനസ്സലിവും മൂലം പുതുജന്മം പ്രാപിച്ചവനാണവ നിന്ന്. ക്രിസ്തുവിന്റെ സ്നേഹ സ്പർശം രൂപാന്തരം നൽകുന്നതും വെടിപ്പാക്കുന്നതും ആകയാൽ പുതിയൊരു പ്രകാശത്തിലേക്കാണ് കർത്താവ് അവനെ ഉപനയിച്ചത്. ഇത് നാമോരോരുത്തരുടെയും ജീവിതത്തിൽ വലിയ പ്രത്യാശയാണ് പകർന്നു തരുന്നത്.

**2. ഉത്തമ വിശ്വാസത്തോടെ കർത്താവിന്റെ സന്നിധിയിൽ മുട്ടുക.**

യേശു തമ്പുരാനെ കാണുവാനും അവന്റെ ഉപദേശം കേൾക്കുവാനും അനേകർ അവനെ അനുഗമിച്ചിരുന്നു. അവനിൽ വിശ്വസിച്ചവർ അവനെ പിൻപറ്റി. സംശയിക്കുകയും, ഒരിക്കലും അവനെ ഉൾക്കൊള്ളുവാൻ കഴിയാതിരിക്കുകയും ചെയ്ത യഹൂദ മതപണ്ഡിതന്മാരും നേതാക്കളും അവന് ചുറ്റും ഉണ്ടായിരുന്നു. ഇപ്രകാരമൊരു സാഹചര്യത്തിൽ ഒരു കുഷ്ഠരോഗി കർത്താവിനടുത്തെത്തി അവന്റെ മുമ്പിൽ മുട്ടുകുത്തുക എന്നത് ഏതാണ്ട് അസാധ്യം തന്നെയായിരുന്നു. അവന്റെ വിശ്വാസ സ്ഥിരത മൂലം മാത്രമാണ് അവന് യേശുവിനരികിലെത്താൻ കഴിഞ്ഞത്. 'അശുദ്ധൻ, അശുദ്ധൻ' എന്ന് വിളിച്ചു പറഞ്ഞു കൊണ്ട് അകന്നു നിൽക്കേണ്ടവൻ വിശുദ്ധിയുടെ പൂർണതയായവങ്കലേക്ക് വന്നിരിക്കുന്നു. സൗഖ്യം അവൻ ആഗ്രഹിച്ചു. എന്നാൽ അവന് യേശുവിന്റെ മനസ്സെന്ത് എന്നാണ് അറിയേണ്ടിയിരുന്നത്. 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കുവാൻ നിനക്ക് കഴിയും' എന്ന വാക്കുകൾ ക്രിസ്തുവിലുള്ള അവന്റെ ഉറച്ച വിശ്വാസത്തെയും, കർത്താവിന്റെ ഹിതത്തിന് സ്വയം വിധേയപ്പെടുത്തുവാനുള്ള അവന്റെ മനസ്സൊരുക്കത്തെയും വെളിപ്പെടുത്തുന്നു. രോഗ സ്ഥിതിയോ, കാഴ്ചക്കാരുടെ പ്രതികരണങ്ങളോ ഒന്നും അവന്റെ വിശ്വാസപ്രഖ്യാപനത്തിന് തടസമാകുന്നില്ല. 'സ്വന്ത സൃഷ്ടിയുടെ രോഗങ്ങളെ സുഖപ്പെടുത്തിയ സ്വർഗീയ വൈദ്യൻ, സൗഖ്യത്തിന്റെ ഉറവയും സഹായത്തിന്റെയും ഔഷധത്തിന്റെയും അരുവിയുമായവൻ' തന്റെ സ്പർശനത്താൽ അവന് സൗഖ്യം നൽകുന്നു. കർത്താവിനെ പിൻപറ്റുന്നവരുടെ വിശ്വാസം ദൃഢതയുള്ളതാവണം. പൗലോസിനെ കർത്താവ് വിളിച്ച ശേഷം അവൻ സ്വജീവനെക്കാളുപരി കർത്താവിനെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തു (റോമർ 8: 38); യേശു തന്നെ ക്രിസ്തു എന്ന് പ്രാഗത്ഭ്യത്തോടെ തെളിയിച്ചു (അപ്പൊ. പ്ര. 9:22-31).

വിശ്വാസം മൂലം സകലരെയും നീതീകരിക്കുന്ന ദൈവത്തിലാണ് നാം വിശ്വസിക്കുന്നത് (റോമർ. 3:27-4:5). ക്രിസ്തുവിന്റെ മനസെന്തെന്ന് ആരാഞ്ഞറിയുവാനും അതിന് വിധേയപ്പെടുവാനുമുള്ള മനസ്സ് നമ്മിൽ പൂർണമാകുന്നത് നമ്മുടെ വിശ്വാസത്തിന് പൂർണ്ണതയുണ്ടാകുമ്പോഴാണ്. അതിനാൽ തന്നെ 'വിശ്വാസത്തിന്റെ നായക

നും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുവാൻ' (എബ്രാ.12: 2) നമുക്ക് കർത്താവിങ്കലേക്ക് അടുത്തു ചെല്ലാം.

## 2024 ഫെബ്രുവരി 25
## നോമ്പിലെ മൂന്നാം ഞായർ (പക്ഷവാതരോഗി)
### മർക്കോസ് 2: 1-12

നോമ്പിലെ മൂന്നാം ഞായറാഴ്ച വി. കുർബാനയിലെ ഏവൻഗേല്യോൻ വി.മർക്കോസ് 2:1-12 ആണ്. കഫർന്നഹൂമിൽ ഒരു ഭവനത്തിൽ വച്ച് യേശു പക്ഷവാതരോഗിയെ സൗഖ്യമാക്കുന്ന സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. പ്രഭാതനമസ്കാരത്തിന്റെ വായനയിൽ കർത്താവ് ബെഥേസ്ദാ കുളത്തിന്റെ കരയിൽ 38 വർഷം രോഗിയായിരുന്നവനെ യേശു സുഖമാക്കുന്നതും അനുസ്മരിക്കുന്നു. പാപമോചനം രോഗസൗഖ്യത്തിന് എന്ന കാഴ്ചപ്പാട് ഇവിടെ വ്യക്തമാണ്. ആത്മാവിനെ ബാധിക്കുന്ന പാപരോഗങ്ങൾ ശരീരത്തെ ബാധിക്കുന്ന രോഗങ്ങളിലേക്ക് നമ്മെ നയിക്കുന്നു. അതുകൊണ്ട് പാപമോചനമാണ് രോഗസൗഖ്യത്തിലേക്കുള്ള വഴി എന്ന് കർത്താവ് പഠിപ്പിക്കുന്നു. നോമ്പും ഉപവാസവും, അനുതാപത്തിന്റെ കണ്ണീരും, കാരുണ്യ പ്രവൃത്തികളുമെല്ലാം പാപമോചനത്തിലേക്കും, അതിലൂടെ ആത്മശരീരമനസ്സുകളുടെ വിശുദ്ധിയിലേക്കും നമ്മെ നയിക്കുന്നു.

**1. ചുമന്നു കൊണ്ടു വന്നവരുടെ വിശ്വാസം സൗഖ്യത്തിന് മുഖാന്തിരം**

കുഷ്ഠരോഗിയുടെ വിശ്വാസവും സമർപ്പണവും കണ്ട് മനസ്സലിഞ്ഞ കർത്താവ് ഇവിടെ പക്ഷവാതരോഗിയുടെ സ്നേഹിതരുടെ മനസ്സ് കാണുന്നു. കൂട്ടുകാരന്റെ വേദനയും നിസ്സഹായതയും കണ്ടവർ സഹതപിക്കുകയല്ല, സൗഖ്യത്തിന് സാധ്യമായ മാർഗങ്ങൾ അന്വേഷിക്കുകയാണ്. ഒറ്റയ്ക്കല്ല, ഒരുമിച്ചു ചേർന്ന് തങ്ങളുടെ സ്നേഹിതനുവേണ്ടി വിശ്വാസത്തോടെ അധ്വാനിക്കുന്നു. കഫർന്നഹൂമിലെ ആൾത്തിരക്കോ, യേശു വന്നിരുന്ന ഭവനത്തിലുണ്ടായിരുന്ന ജനബാഹുല്യമോ - ഒന്നും അവരെ തങ്ങളുടെ സ്നേഹിതനുവേണ്ടിയുള്ള അവരുടെ അധ്വാനത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നില്ല. അവിടെയുള്ള ഭവനങ്ങളുടെ മേൽക്കൂര അത്ര ഉറപ്പുള്ളതായിരുന്നില്ലയെങ്കിലും ഒരു തളർവാതരോഗിയെ കട്ടിലോടെ ഉയർത്തി, ഭവനത്തിന്റെ മേൽക്കൂരയിലൂടെ താഴേക്കിറക്കുക എന്നത് അത്ര ലളിതമായ പ്രവൃത്തിയല്ല. എന്നാൽ തങ്ങളുടെ സ്നേഹിതനുവേണ്ടി വിശ്വാസപൂർവ്വം പ്രവർത്തിക്കുവാനാണവർ നിശ്ചയിച്ചത്. കുടുംബങ്ങൾ ശിഥിലമാവുകയും വ്യക്തി ബന്ധങ്ങളുടെ പ്രസക്തി ചോദ്യ ചിഹ്നമാവുകയും ചെയ്യുന്ന ഇക്കാലത്ത് സ്നേഹത്തിന്റെ ഈ വലിയ മാതൃക പ്രസക്തം തന്നെയാണ്. ഗണ്യമായൊരു സംഖ്യ ഭവനങ്ങൾ കേരളക്കരയിൽ ഒഴിഞ്ഞു കിടക്കുന്നു. വാർദ്ധക്യത്തിന്റെ ദീനതയും വിഹ്വലതയും പലേടത്തു നിന്നും കാണാനാവുന്നു. 'കൂട്ടുകാരനു വേണ്ടി സ്വന്ത ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹമില്ല ' എന്ന സന്ദേശം തലമുറകളിലേക്ക് കൈമാറേണ്ട സന്ദർഭമാണിത്. പക്ഷവാതരോഗിയുടെ സ്നേഹിതരുടെ വിശ്വാസ മാതൃക ഇന്നും നമുക്ക് പ്രത്യാശ പകരുന്നതാണ്. അവരുടെ വിശ്വാസം കണ്ടിട്ടാണ് യേശു പക്ഷവാത രോഗിക്ക് സൗഖ്യം നൽകുന്നത്. നമ്മുടെ സഹോദരങ്ങൾക്കു വേണ്ടി വിശ്വാസത്തിന്റെ ശ്രേഷ്ഠമാതൃക പുലർത്തുവാൻ കർത്താവ് നമ്മെ വിളിക്കുന്നു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാൽ നമുക്കു ചുറ്റുമുള്ളവർക്ക് കർത്താവിന്റെ അനുഗ്രഹങ്ങൾ സമ്പാദിക്കുവാൻ കർത്താവ് ഇടയാക്കട്ടെ.

**2. പാപം ആത്മശരീര മനസുകൾക്ക് രോഗകാരണം**

ദുഷ്പ്രവൃത്തിക്കാർ ദേശം അവകാശമാക്കയില്ല, ജനങ്ങളുടെ മ്ലേച്ഛതകൾ നിമിത്തം ഞാൻ അവയെ പാഴും ശൂന്യവുമാക്കും (യെഹെ. 33:30, 31). യിസ്രയേലിന്റെ ഇടയന്മാർ ആടുകളെ മേയ്ക്കുന്നില്ല - ബലഹീനമായതിനെ ശക്തീതീകരിക്കുകയോ, ദീനം പിടിച്ചവയെ ചികിത്സിക്കുകയോ, ഒടിഞ്ഞതിന്നു മുറിവു കെട്ടുകയോ ..... ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു (യെഹെ. 34:4-12). ജീവിച്ചിരിക്കുമ്പോൾ തന്നെ മത്സരികളായ ജനം യഹോവയ്ക്ക് അനിഷ്ടം ചെയ്ത് അവനെ കോപിപ്പിക്കുന്നതു കൊണ്ട് നിനക്ക് അനർത്ഥം ഭവിക്കും (ആവ 31: 19-30). തിന്മയ്ക്ക് നന്മ എന്ന് പേർ പ റകയും ഇരുട്ടിനെ വെളിച്ചവും, വെളിച്ചത്തെ ഇരുളുമാക്കുന്നവർക്ക് അയ്യോ കഷ്ടം! (യെശയ്യാ 5:20). കിടക്കമേൽ നീതികേടു പ്രവർത്തിച്ച് തിന്മ പ്രവർത്തിക്കുന്നവന് കഷ്ടം, നേരായി നടക്കുന്നവന് എന്റെ വചനങ്ങൾ ഗുണകരമല്ലയോ (മീഖാ 2: 7). തിന്മയും, അനുസരണക്കേടും, വ്യാജവും പാപരോഗങ്ങൾക്ക് കാരണമാണ്. രോഗകാരണത്തെ നീക്കം ചെയ്യുന്ന കർത്താവ് പാപമോചനം നൽകുന്നു. പാപമോചനം പ്രാപിച്ചവനോട്, 'മനുഷ്യാ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു' എന്നരുളിയ കർത്താവ് അവനെ ചുമന്നുകൊണ്ടു വന്ന കിടക്ക എടുത്ത് വീട്ടിലേക്കു പോകുവാൻ അവനോട് കല്പിക്കുന്നു. പാപക്ഷമ നേടിയവൻ രോഗസൗഖ്യം പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തി മടങ്ങിപ്പോവുകയാണ്. നോമ്പും ഉപവാസവും ഇപ്രകാരമൊരു സൗഖ്യത്തിലേക്ക് നമ്മെ വഴി നടത്തണം.

**3. സൗഖ്യദാനത്തിന്റെ സന്തോഷം കാണുന്നതിനു പകരം ക്രിസ്തുവിൽ ദൈവദൂഷണം ആരോപിച്ചവർ**

തങ്ങളുടെ കൺമുമ്പിൽ നടന്ന അതിശയ പ്രവൃത്തി അനേകരെ യേശുവിങ്കലേക്ക് ആകർഷിച്ചു. 'നാം ഇന്ന് അപൂർവകാര്യങ്ങളെ കണ്ടു' എന്ന് അവർ പറഞ്ഞു. എന്നാൽ, ശാസ്ത്രിമാരും പരീശന്മാരും ഈ കാഴ്ച കാണുകയല്ല, യേശു ദൈവദൂഷണം പറയുകയും, അവൻ ദൈവസമനാണെന്ന് അവകാശപ്പെടുകയും ചെയ്തു എന്നു പറഞ്ഞു കൊണ്ട് അവനെ കൊല്ലുവാൻ അന്വേഷിച്ചു. കർത്താവിന്റെ പ്രവൃത്തി അവരുടെ മനം തിരിവിന് കാരണമാകുന്നില്ല. അവർ പ്രതീക്ഷിച്ചിരുന്ന മശിഹായുടെ പ്രവൃത്തികൾ അവരുടെ കണ്മുമ്പിൽ കണ്ടിട്ടു പോലും മാനസാന്തരമോ, രൂപാന്തരമോ, പാപബോധമോ അവരുടെ ഉള്ളിൽ ലവലേശം ഇല്ല. ഇപ്രകാരമുള്ളൊരു പ്രതികരണത്തിന്റെ മദ്ധ്യേ സ്വന്തം ദൈവത്വം വെളിപ്പെടുത്തുന്നവനായ കർത്താവിനെ നമുക്കു കാണാം. ക്രിസ്തു അവന് നൽകിയ സൗഖ്യം പൂർണതയുള്ളതാണ്. അവിശ്വാസം, ക്രിസ്തുവിലുള്ള പ്രത്യാശ എന്നിവ ഓരോ വിശ്വാസിയും കൈമുതലാക്കണം. പൗലോസ് റോമയിൽ തടങ്കലിലായിരിക്കുമ്പോൾ അവനെ വന്നു കണ്ട റോമാക്കാരോട് സുവിശേഷം പ്രസംഗിച്ചു. എന്നാൽ അവരിൽ പലരും വിശ്വസിച്ചില്ല എന്നു കണ്ട് പൗലോസ് നൊമ്പരപ്പെട്ടു. 'സ്വന്ത ജനത്തിന്റെ കാതുകൾ കേൾപ്പാൻ മന്ദമായിരിക്കുന്നു, അവരുടെ ഹൃദയം തടിച്ചിരിക്കുന്നു, അവരുടെ കണ്ണ് അടച്ചിരിക്കുന്നു' എന്നും പരിശുദ്ധാത്മാവ് നിങ്ങളുടെ പിതാക്കന്മാരോടു പറഞ്ഞത് ശരി തന്നെ (യെശ. 6:10) എന്നും അതുമൂലം ദൈവം ഈ രക്ഷ ജാതികൾക്ക് അയച്ചിരിക്കുന്നു

എന്നും പൗലോസ് പ്രസ്താവിക്കുന്നു (അപ്പൊ.പ്ര 28:17–28). ദൈവത്തിന്റെ പ്രവൃത്തി തിരിച്ചറിയുവാൻ നമ്മുടെ കണ്ണുകൾ തുറന്നിരിക്കണം അങ്ങനെയെങ്കിൽ മാത്രമേ നമ്മിൽ ക്രിസ്തു സാന്നിധ്യത്തിന്റെ സന്തോഷം അനുഭവിച്ചറിയാൻ ആവുകയുള്ളു.

**4. ദൈവത്തിലുള്ള പ്രത്യാശയോടെ കർത്താവിൽ പ്രശംസിക്കുന്നവരാകുക**

തളർവാതം മൂലം പ്രത്യാശ നഷ്ടപ്പെട്ടവനായ രോഗിയെ ബെഥേസ്ദാ കുളത്തിനരികെ നിന്ന് സൗഖ്യമാക്കുന്ന യേശുവിനെക്കുറിച്ച് യോഹന്നാൻ 5:1-18 വാക്യങ്ങളിൽ കാണാം. കുളം കലങ്ങുമ്പോൾ ആദ്യമിറങ്ങുന്നവന് സൗഖ്യമുണ്ടാകും. മുപ്പത്തിയെട്ട് ആണ്ടായി തളർന്നു കിടക്കുന്നവന് കുളത്തിലിറങ്ങി സൗഖ്യം പ്രാപിപ്പാൻ കഴികയില്ല. സഹായിപ്പാൻ അവനൊപ്പം ആരുമേയില്ല – ക്രിസ്തുവൊഴികെ. യേശു അവനെ കണ്ടു, അവന്റെ പാപങ്ങൾ ക്ഷമിച്ച് അവന്റെ കിടക്ക എടുത്ത് നടക്കുവാൻ കല്പിക്കുന്നു. പ്രത്യാശിക്കുവാനോ, പ്രശംസിക്കുവാനോ ഒന്നുമില്ലാത്ത അന്ധകാരം നിറഞ്ഞ ജീവിതങ്ങളിൽ പ്രത്യാശയുടെ പുതുവെളിച്ചം പകരുന്നവനാണ് യേശുക്രിസ്തു.

അവനിൽ വിശ്വസിക്കുന്നതിനാൽ നാം നീതീകരിക്കപ്പെട്ടിട്ട് അവൻ മൂലം നാം ദൈവത്തോട് സമാധാനം പ്രാപിക്കുന്നു. കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു (റോമർ 5:1, 2). നമുക്ക് ദൈവത്തോട് നിരപ്പുണ്ടായത് യേശുക്രിസ്തു മൂലമാണ്. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടവരായ നാം അവനാൽ കോപത്തിൽ നിന്ന് രക്ഷ പ്രാപിക്കും (റോമ. 5:11).

**2024 മാർച്ച് 3**
**വലിയ നോമ്പിലെ നാലാം ഞായറാഴ്ച**
**(കനാന്യ സ്ത്രീ)**
വി. മത്തായി 15: 21– 31.

ഉറച്ച വിശ്വാസവും അത്രതന്നെ ഉറപ്പുള്ള സ്ഥിരോത്സാഹവും കൊണ്ട് കർത്താവിനെ പ്രീതിപ്പെടുത്തിയ കനാന്യ സ്ത്രീയുടെ മാതൃക നമ്മുടെ വിശ്വാസ ജീവിതത്തിന് എന്നും മുതൽക്കൂട്ടാണ്. മത്തായി15:21 മുതലുള്ള വാക്യങ്ങളിലും, മർക്കോ. 7:24 മുതലുള്ള വാക്യങ്ങളിലും അവളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ പ്രവർത്തനമുണ്ടായതിനെക്കുറിച്ച് വിവരിക്കുന്നു: സ്വന്തമകൾക്ക് ഭൂതോപദ്രവം കലശലായിരിക്കുന്നു. ശ്രുതിഭംഗം വന്ന ജീവിതമാണവളുടേത്, താളം തകർന്നു പോയ ജീവിതം, ഇരുൾ നിറഞ്ഞ ജീവിതം – ഓരോ പ്രഭാതവും ആശങ്കകളാണവൾക്ക് സമ്മാനിക്കുന്നത്. വെളിച്ചത്തിന്റെ തുരുത്തുകൾ ഒന്നും തന്നെ കാണ്മാനില്ല, സമൂഹത്തിൽ നിന്നകന്ന്, ഒറ്റപ്പെട്ട്, സ്വന്ത പുത്രിക്കുവേണ്ടി ജീവിതം ഹോമിക്കുകയാണവൾ.

യേശുവിന് സ്വന്ത പുത്രിയെ സൗഖ്യമാക്കാൻ കഴിയും എന്നതിനാൽ അവനോട് അവൾ അപേക്ഷിക്കുന്നു. അവളുടെ വിശ്വാസത്തിന്റെ ആഴം ഗ്രഹിക്കുന്ന കർത്താവ് അവളുടെ പുത്രിക്ക് സൗഖ്യം നൽകുന്നു.

**1. കനാന്യ സ്ത്രീ – കുറഞ്ഞു പോകാത്ത വിശ്വാസത്തിന്റെ ഉദാത്ത മാതൃക**

സോർ – സീദോൻ പ്രദേശങ്ങൾ 'ദൈവത്തിന്റെ സ്വന്തജന'ത്തെക്കാൾ കൂടുതലായി അന്യ ജാതിക്കാർ വസിച്ചിരുന്ന ഇടങ്ങളാണ്. അവിടെ നിന്ന് വന്ന കനാന്യ സ്ത്രീ യേശുവിനെ അഭിസംബോധന ചെയ്യുന്നത് 'കർത്താവേ, ദാവീദുപുത്രാ' എന്നാണ്. യേശു കർത്താവാകുന്നു എന്നും ദാവീദ് വംശത്തിൽ പിറന്ന മിശിഹായാകുന്നു എന്നും അവൾ കേട്ടിരുന്നു. അത് പൂർണമായും വിശ്വസിച്ചു കൊണ്ട് ക്രിസ്തുവിലുള്ള വിശ്വാസം മുറുകെപ്പിടിച്ചാണ് അവൾ യേശുവിനെ വിളിക്കുന്നത്. സ്വന്ത പുത്രിക്ക് സൗഖ്യം നൽകുവാൻ അവന് കഴിവുണ്ട് എന്ന് അവൾ സംശയലേശമെന്യേ വിശ്വസിച്ചു. യേശുക്രിസ്തു ആവർത്തിച്ച് അവഗണിച്ചിട്ടും, നിരസിച്ചിട്ടും അവൾ കർത്താവിനെ മുറുകെപ്പിടിച്ചു. 'കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ, എന്റെ മകൾക്ക് ഭൂതോപദ്രവം കലശലായിരിക്കുന്നു' എന്ന അവളുടെ അപേക്ഷയ്ക്ക് മറുപടിയൊന്നും ലഭിച്ചില്ല. 'അവൾ പിന്നാലെ നിലവിളിച്ചു കൊണ്ടുവരുന്നു, അവളെ പറഞ്ഞയയ്ക്കേണമേ' എന്ന സ്വന്തശിഷ്യരുടെ അപേക്ഷയും പരിഗണിക്കപ്പെട്ടില്ല. എങ്കിലും, 'കർത്താവേ എന്നെ സഹായിക്കണമേ' എന്നുപറഞ്ഞ് അവൾ അവനെ നമസ്കരിച്ചു. 'മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്കു കൊടുക്കുന്നത് വിഹിതമല്ല' എന്ന മറുപടിയും അതിലടങ്ങിയ പരിഹാസവും അവളെ പിന്തിരിപ്പിച്ചില്ല. മേശമേൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നു വളരുന്ന നായക്കുട്ടിയെങ്കിലും ആയാൽ മതിയാകും എന്ന ബോധ്യമാണ് അവളുടെ വാക്കുകളിൽ തെളിഞ്ഞു കാണുന്നത്. ഉത്തമവിശ്വാസത്തിൽ നിന്നും ഉടലെടുക്കുന്ന ഈ ബോധ്യത്തെ കർത്താവ് ആദരിക്കുന്നു. അവളുടെ പുത്രി സൗഖ്യം പ്രാപിക്കുന്നു. ഏതുജാതിയിലും, ഏതു ഭാഷയിലും, ഏതു സാഹചര്യത്തിലും ആയിക്കൊള്ളട്ടെ, ഉത്തമവിശ്വാസത്തോടെ അവനെ പിൻപറ്റുന്നവർക്ക് കർത്താവിന്റെ അനുഗ്രഹങ്ങൾ സമൃദ്ധിയായി ലഭിക്കും.

**2. കർത്താവിലുള്ള വിശ്വാസം ഏറ്റവും വിലയേറിയത്.**

കർത്താവിലുള്ള വിശ്വാസം ഏറ്റവും വിലയേറിയതായി കരുതുവാൻ നാം കടപ്പെട്ടവരാണ്. ആത്മാവിൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്ക് പോകുവാൻ ഒരുങ്ങുന്ന പൗലോസിനെ അവിടെ കാത്തിരിക്കുന്നത് ബന്ധനവും കഷ്ടങ്ങളുമാണ് എന്ന് അവനറിയാം. എങ്കിലും അവൻ സ്വന്ത പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല, തന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശുതന്ന ശുശ്രൂഷയും തികയ്ക്കണമെന്നേ ചിന്തയുള്ളൂ ( അപ്പൊ. പ്ര. 20: 23 –24, 31– 32). സഹദേന്മാർ സ്വന്ത ജീവൻ സമർപ്പിച്ചതും, പിതാക്കന്മാർ സ്വന്തജീവിതം മുഴുവനും കർത്താവിനു വേണ്ടി ഏല്പിച്ചു കൊടുത്തതും ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തമായിരുന്നു. ക്രിസ്തുവിലായവൻ അവനോട് ഒന്നു ചേർക്കപ്പെട്ടിരിക്കുന്നവനും

അവന്റേതായി ജീവിക്കുന്നവനുമാകുന്നു. ദൈവത്തിന്റെ ആത്മാവു വസിക്കുന്ന മന്ദിരങ്ങളും, ദൈവകൃപയാൽ നിറയപ്പെട്ടിരിക്കുന്ന ആലയങ്ങളും തന്നെ. 'ബുദ്ധി കൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും, ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിച്ച്, ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മ നാം ചെയ്യുന്നുവോ?' (റോമർ. 7:18, 24, 25) എന്ന് പൗലോസ് ശ്ലീഹായോടു ചേർന്ന് നമുക്ക് നമ്മോടുതന്നെ ചോദിക്കാം.

### 3. ശുദ്ധീകരണത്തിനായി കർത്താവിനോടു യാചിക്കുന്ന വരുടെ സംഘത്തിൽ ഉൾപ്പെട്ടവരാണ് നാം.

നമ്മുടെ ആരാധനകളിൽ പൊതുവായും, നോമ്പു കാലത്ത് പ്രത്യേകിച്ചും, കർത്താവിന്റെ പക്കൽ നിന്നുള്ള ശുദ്ധീകരണത്തിനായി യാചിക്കുന്നവരാണ് നാം. കർത്താവാണ് നമ്മുടെ ശക്തിയും ബലവും. യഹോവ യിസ്രയേൽ മക്കളോടു കൂടെയിരുന്ന് ഫെലിസ്ത്യരുടെ മേൽ യിസ്രയേലിന് ജയം നൽകി. 'ഇത്രത്തോളം യഹോവ സഹായിച്ചു - എബെൻ ഏസെർ' എന്നു പറഞ്ഞു കൊണ്ട് ഒരു കല്ല് ശമുവേൽ മിസ്പായ്ക്കും ശേനിനും മദ്ധ്യേ നാട്ടി. ദൈവത്താൽ നേടുന്ന വിജയമാണ് ശാശ്വതം. അതുകൊണ്ടു തന്നെ സഭയൊന്നാകെ കർത്താവിന്റെ കൃപയ്ക്കു വേണ്ടി യാചിച്ച് പ്രാർത്ഥിക്കുന്നു: 'കർത്താവേ, ഞങ്ങളുടെ പക്കലേക്ക് ചെവി ചായിച്ച് നിന്റെ ഇടവകയുടെ നിലവിളി കേൾക്കേണമേ, നിൻെറ നീതി ഞങ്ങളുടെ കുറ്റങ്ങളെ സൂക്ഷിക്കരുതേ, നിൻെറ കോപം ഞങ്ങളിൽ ശക്തിപ്പെടരുതേ, നിന്റെ ആടുകളുടെ കണ്ണുനീരുമൂലം അവരോട് രമ്യപ്പെടേണമേ. നിന്റെ ദാസന്മാരുടെ സങ്കടം കേൾക്കണമേ, നിൻെറ ആരാധകരുടെ നിലവിളി ശ്രദ്ധിക്കണമേ, നിൻെറ ശിക്ഷയെ ഞങ്ങളിൽനിന്ന് നീക്കേണമേ, നിൻെറ വൈരാഗ്യത്തെ അടക്കി ക്രോധത്തെ ദൂരീകരിക്കേണമേ, നിന്റെ ദയ ഞങ്ങൾക്ക് കാണിച്ചു തരേണമേ, ഞങ്ങളുടെ പ്രാർത്ഥന നിൻെറ സന്നിധിയിൽ പ്രവേശിക്കണമേ, കരുണയുടെ വാതിൽ ഞങ്ങൾക്ക് തുറന്നു തരണമേ, ഞങ്ങളുടെ സഹായത്തിനായി നിൻെറ ദയയും, പ്രാർത്ഥനയ്ക്കായി നിന്റെ സഹായവും, പാപത്തെ പ്രതി നിന്റെ പുണ്യവും, കളങ്കത്തെ പ്രതി നിന്റെ ശുദ്ധീകരണവും വന്നുചേരണമേ, നിന്റെ സോപ്പായാൽ പാപങ്ങളിൽ നിന്ന് ഞങ്ങൾ കഴുകപ്പെടണമേ, നിന്റെ തളിപ്പുമൂലം കറകളിൽ നിന്ന് ഞങ്ങൾ വെടിപ്പാക്കപ്പെടണമേ, നിന്റെ സ്നേഹത്താൽ എന്റെ എല്ലാ ഇന്ദ്രിയങ്ങളും ശുദ്ധീകരിക്കണമേ, തകർന്നവരെ ചികിത്സിക്കുന്നവനും, കാണാതെ പോയവരെ തേടിപ്പിടിക്കുന്നവനും, പാപികൾക്ക് പരിഹാരം നൽകുന്നവനും നീയാകുന്നു' (സെദറാ - ക്നാനൈത്താ ഞായർ പ്രഭാതം). ശാബതിനെ അശുദ്ധമാക്കാതെ പ്രമാണിക്കുവാനും, ദോഷം ചെയ്യാതെ ന്യായം പ്രമാണിച്ച് നീതി പ്രവർത്തിക്കുവാനും യഹോവ കൽപ്പിക്കുന്നു (യെശയ്യാ 56: 2-3). കർത്താവിൽ നിന്നുള്ള പാപക്ഷമയ്ക്കും, നമ്മുടെ രൂപാന്തരത്തിനുമായി വിശ്വാസപൂർവ്വം നമുക്ക് നമ്മുടെ കർത്താവിനോട് പ്രാർത്ഥിക്കാം. ○


**18-ാം ചരമ വാർഷികം, 07-02-2024**



**സാറാമ്മ ഏബ്രഹാം**
**(കുഞ്ഞമ്മ)**

**പുത്തൻപുരയ്ക്കൽ, ചിങ്ങവനം**

*"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"*

എന്ന്,
സന്തപ്ത കുടുംബാംഗങ്ങൾ



## മലങ്കരസഭ

**വരിസംഖ്യ**

| | | |
|---|---|---|
| ഇന്ത്യയിൽ | | |
| ഒറ്റപ്രതി | : | ₹ 25 |
| ഒരുവർഷം | : | ₹ 250 |
| 4 വർഷം | : | ₹ 900 |
| വിദേശത്തേക്ക് | | |
| ഒരു വർഷം | : | ₹ 4000 |

**TARIFF**

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full ,, | : | 15,000 |
| Half ,, | : | 8,000 |
| Quarter ,, | : | 5,000 |
| Minimum (Colour) | : | 2,500 |
| Favours Block (Stamp Size) | : | 1000 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) | : | 1500 |

*കൂടുതൽ വിവരങ്ങൾക്ക്:*
**0481 2573234, 9947804477**



40th Anniversary of Eternal Abode
on 05-03-2024



*In Fond Memory of*

**REV FR. K J MATHAI BA.LT.**
**KALLUVILAYIL**
**CHENNITHALA**
**(Former HM St. Mary's High School- Niranam)**

ആചാര്യേശാ മശിഹാ കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

With Love and Prayers - Family Members

# M.G.M. Senior Secondary School

*(Owned by Malankara Orthodox Syrian Church, Kerala)* [Estd : 1985]
*(Managed by Mar Gregorious Orthodox Cathedral, Bhilai)* *(Minority run Institution)*
(Affiliated to Central Board of Secondary Education, New Delhi Under 10+2 Pattern)
**Sector - VI, Bhilai, Durg (Dist) - 490 006, Chhattisgarh**




## REQUIRES

# PRINCIPAL

| | |
|---|---|
| Qualification | 50% marks in Graduation and Post Graduation with B.Ed./M.Ed. from a recognized university as a regular student and studied in English Medium. |
| Teaching Experience<br><br>Administrative Experience | Minimum 10 Years regular Teaching Experience in Secondary/ Sr. Secondary Classes.<br><br>Minimum 8 years Administrative Experience as Principal of a Recognized Senior Secondary School having strength of 2000 students or above. |
| Age | Minimum 45 Years. |
| Language Command | English & Hindi |
| | Candidates should have thorough knowledge of CBSE norms. |

i. Salary will not be a constraint for the deserving candidate.
ii. The decision of the School Management will be final in all matters.
iii. Preference will be given to Orthodox Church Members having experience in Schools of North India.

Eligible & Interested candidates may submit their application with full Bio Data along with self attested copies of Certificates and a Passport size photograph to the following address on or before 28-02-2024.

**Address:**
**The Hon. Correspondent**
**M.G.M. Senior Secondary School**
**Sector-6, Bhilai**
**Durg, C.G. (490006)**
**Mob. : 7566668126**
**Email: correspondentoff.mgmbhilai@gmail.com**

**Hon. Correspondent**

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# പൗലോസ് വിവിധ വിചാരണ വേദികളിൽ I

(അപ്പോ. പ്ര. 21:37-23-35)

അടുത്ത അഞ്ച് അധ്യായങ്ങളിലായി പൗലോസ് വിവിധ വിചാരണവേദികളിൽ നിലയ്ക്കുന്നതാണ് ലൂക്കോസ് വിവരിയ്ക്കുന്നത്. അതിൽ ആദ്യ രണ്ടു രംഗങ്ങൾ യഹൂദന്മാരുടെ മുമ്പിലും പിന്നീടുള്ളത് റോമൻ ഭരണാധികാരികളുടെ മുൻപാകെയുമാണ്.

### a. യറുശലേമിലെ ജനക്കൂട്ടത്തിനു മുൻപിൽ പൗലോസിന്റെ സാക്ഷ്യം (21:3722:29)

പൗലോസിനെതിരായി യറുശലേമിലെ മതതീവ്രവാദികൾ വലിയ ആരോപണങ്ങൾ ഉന്നയിച്ച പശ്ചാത്തലത്തിലാണ് അദ്ദേഹം പാരമ്പര്യമനുസരിച്ചുള്ള നേർച്ച സമർപ്പിക്കുന്നതിനായി ശപഥം ചെയ്ത നാലു പുരുഷന്മാരോടൊപ്പം തന്നെ തന്നെ ശുദ്ധിവരുത്തി തല ക്ഷൗരം ചെയ്ത് യറുശലേം ദേവാലയത്തിൽ എത്തിയത്. എന്നാൽ ജനക്കൂട്ടത്തിന്റെ ആരവം വലുതായി അദ്ദേഹം തടവിലാക്കപ്പെടുകയാണുണ്ടായത്. ജനം അദ്ദേഹത്തെ കൊന്നുകളയുമെന്ന നിലയായപ്പോൾ പടയാളികൾ അദ്ദേഹത്തെ എടുത്തു കോട്ടയിൽ എത്തിച്ചത് നാം പരിശോധിച്ചുകഴിഞ്ഞു. കോട്ടയിൽ കടക്കുന്നതിനു മുൻപ് പൗലോസ് സഹസ്രാധിപനോട് ഒരു അപേക്ഷ ഉണർത്തിച്ചു. തനിയ്ക്കു ജനത്തോട് സംസാരിപ്പാൻ അനുവാദം തരണമെന്നുള്ളതായിരുന്നു അത്. സഹസ്രാധിപൻ പൗലോസിനെ തെറ്റിദ്ധരിച്ച് 4000 ആയുധധാരികളായ വിപ്ലവകാരികളെ മരുഭൂമിയിലേക്ക് വിളിച്ചുകൊണ്ടുപോയ ഈജിപ്റ്റുകാരനായിരിക്കുമെന്നാണ് വിചാരിച്ചത്. എന്നാൽ അദ്ദേഹം റോമാ പൗരനാണെന്നും ഗ്രീക്കുഭാഷ നന്നായി വശമുണ്ടെന്നുള്ളതും സഹസ്രാധിപനെ അത്ഭുതപ്പെടുത്തി. പൗലോസിന്റെ ന്യായമായ ആവശ്യം സഹസ്രാധിപൻ അനുവദിച്ചു. ഇളകി മറിഞ്ഞു നിന്ന ജനത്തോട് പൗലോസ് എബ്രായ ഭാഷയിൽ തന്നെ തന്റെ ഭാഗം വിവരിച്ചു. റോമാ സാമ്രാജ്യത്തിലെ കിലിക്യ പ്രവിശ്യയിൽ തർസൊസ് എന്ന പട്ടണത്തിലെ ഒരു യഹൂദനാണ് താനെന്നു പറഞ്ഞാണ് പൗലോസ് പ്രഭാഷണമാരംഭിച്ചത്. ന്യായപ്രമാണം തന്നെ പഠിപ്പിച്ചത് യരുശലേമിലെ പ്രസിദ്ധനായ ഗമാലിയേൽ എന്ന ഗുരുവാണ് എന്നും താൻ ക്രിസ്ത്യാനികളെ വകവരുത്തുവാൻ തീഷ്ണതയോടെ പ്രവർത്തിയ്ക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത യഹൂദനാണെന്നും പൗലോസ് വിവരിച്ചു. അതിനുശേഷം ദമസ്കോസിലേക്കുള്ള വഴിയിൽ തനിയ്ക്കു ലഭിച്ച ദർശനവും താൻ ക്രിസ്തു വിശ്വാസിയായിത്തീർന്നതിന്റെ രഹസ്യവും അദ്ദേഹം വ്യക്തമാക്കി. ഇതൊക്കെ കേട്ടിട്ടും ജനത്തിന്റെ വികാരത്തിനു മാറ്റമുണ്ടായില്ല. എന്നുമാത്രവുമല്ല, "അവനെ കൊന്നുകളക" എന്ന മുദ്രാവാക്യവുമായി കുറെപ്പേർ വലിയ ബഹളവും ഉണ്ടാക്കി (22:22-23). ജനത്തെ പ്രീതിപ്പെടുത്താനായി അവനെ ചമ്മട്ടികൊണ്ടടുപ്പിയ്ക്കുവാൻ സഹസ്രാധിപൻ ആജ്ഞാപിക്കുന്നതിനിടയിൽ പൗലോസിന്റെ റോമാ പൗരത്വം ചർച്ചാവിഷയമായി. ധാരാളം പണം അടച്ച് പൗരത്വം സമ്പാദിച്ച സഹസ്രാധിപന് പൗലോസ് ജനിച്ച നാൾ മുതൽ റോമാ പൗരനായിരുന്നു എന്ന് കേട്ടത് വലിയ അത്ഭുതമുളവാക്കി. പൗലോസിന്റെ പിതാവ് സാമ്രാജ്യത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായതിനാൽ റോമാ പൗരത്വം ലഭിയ്ക്കുകയും തദ്വാരാ അദ്ദേഹത്തിന് ജനിച്ച മകന് പൗരത്വം കിട്ടുകയും ചെയ്താകാനാണ് സാധ്യത.

### b. പൗലോസ് ന്യായാധിപ സംഘത്തിനു മുൻപിൽ (22:30-23:30)

പൗലോസ് സന്നിദ്രിം സംഘത്തിനു മുൻപിൽ വിസ്താരത്തിനു വിധേയനാകുന്നതാണ് ഈ ഭാഗത്ത് വിവരിച്ചിരിയ്ക്കുന്നത്. മഹാപുരോഹിതന്റെ അധ്യക്ഷതയിൽ കൂടിയ ന്യായാധിപ സംഘം പൗലോസിനെ വിസ്തരിക്കുന്ന വേളയിൽ നിയമത്തിനു വിരുദ്ധമായി തന്നെ ഉപദ്രവിയ്ക്കുന്നതിൽ പൗലോസ് പരിഭവം പ്രകടിപ്പിയ്ക്കുന്നുണ്ട്. എന്നാൽ ദൈവത്തിന്റെ മഹാപുരോഹിതനെ അദ്ദേഹം വലിയ ബഹുമാനത്തോടെ ആദരിയ്ക്കുന്നുമുണ്ട്. ഇതിനിടയിൽ ന്യായാധിപസംഘത്തിലെ പ്രബല വിഭാഗങ്ങളായ പരീശന്മാരെയും സാദൂക്യരെയും കക്ഷിതിരിഞ്ഞു തർക്കിയ്ക്കുവാൻ പൗലോസ് ഒരു അവസരം ഉളവാക്കി; തന്നെ വിസ്തരിക്കുന്നത് മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി താൻ പറഞ്ഞതിന്റെയടിസ്ഥാനത്തിലാണെന്നുള്ള പൗലോസിന്റെ പ്രഖ്യാപനം മൂലം ആത്മാവിന്റെ തിന്മയിൽ വിശ്വാസമുണ്ടായിരുന്ന പരീശന്മാർ അദ്ദേഹത്തെ കുറ്റവിമുക്തനാക്കി പ്രഖ്യാപിച്ചു. എന്നാൽ ഇതിനെ എതിർത്ത് സാദൂക്യർ അവനെ ഇല്ലാതാക്കുവാൻ അരയും തലയും മുറുക്കി പരിശ്രമിച്ചു. ഇതിനിടയിൽ നാല്പതിലധികം വരുന്ന യഹൂദ തീവ്രവാദികൾ രഹസ്യമായി ശപഥം ചെയ്തത് പൗലോസിന്റെ അനിന്തിരവൻ അദ്ദേഹത്തെ അറിയിച്ചു. അവരുടെ തീരുമാനം പൗലോസിനെ കൊല്ലുകയായിരുന്നു. പൗലോസ് ഈ വിവരം സഹസ്രാധിപനെ അറിയിച്ചു. വിവരമറിഞ്ഞ സഹസ്രാധിപൻ റോമാ പൗരനായ പൗലോസിനെ നീതിന്യായ കോടതിയിൽ എത്തിക്കേണ്ടത് അത്യാവശ്യമെന്ന് ബോധ്യപ്പെട്ട് രാത്രിയിൽ തന്നെ കൈസര്യായിൽ ആസ്ഥാനമുണ്ടായിരുന്ന ഫെലിക്സ് എന്ന ദേശാധിപതിയുടെ അടുക്കലേക്ക് എത്തിയ്ക്കുവാൻ രഹസ്യമായ തയ്യാറെടുപ്പുകൾ നടത്തി. സഹസ്രാധിപന്റെ കത്തുവായിച്ച ഫെലിക്സ് പൗലോസിനെ അദ്ദേഹത്തിന്റെ ജന്മസ്ഥലം പരിഗണിച്ച് ഹെരോദാവ് അഗ്രിപ്പാ രാജാവിന്റെ ആസ്ഥാനത്തിൽ സുരക്ഷിതനായി എത്തിച്ചു.

## രണ്ടാം ചരമ വാർഷികം
## 09–03–2024



**ഫാ. ജോർജ് ജോസഫ് (85)**

(കാലം ചെയ്ത അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ സഹോദര പുത്രൻ)

**കല്ലുപുരക്കൽ**
**നഞ്ച്യാർകുളങ്ങര**

- കോട്ടയം വാരിക്കാട്ട് കുടുംബയോഗം മുൻ രക്ഷാധികാരി
- പുത്തനങ്ങാടി കല്ലുപുരയ്ക്കൽ കുടുംബാംഗം
- ബോംബേ, നിരണം, മാവേലിക്കര ഭദ്രാസനങ്ങളിലെ നിരവധി പള്ളികളിൽ മുൻ വികാരി

ആചാര്യേശാ മശിഹാ കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച കാർത്തികപ്പള്ളി സെ. തോമസ് കത്തീഡ്രലിൽ അഭി. ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെടും.


*Inserted by:*
Family

---

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു"

**67th Death Anniversary**
(07-12-2023)

**Sixth Death Anniversary**
(13-01-2024) (12-02-2024)



**CHANDY EASOW**



**T.E. MATHAI**
(Rtd. Supdt. District Agriculture Office, Idukki)



**MARIAMMA MATHEW**
(Rtd. HM, Govt. LPS,Vazhamuttam)

**CHUNDACKAMANNIL, MALLASSERY, PATHANAMTHITTA**

Fondly remembered by: CA. Jacob Mathew (Babu) & Family
Mrs. Lizy Babu & Family

# സോദരസംഘം വാർത്തകൾ

# സഹോദരൻ

(പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ ചാരിറ്റി പദ്ധതി)

**Sahodaran (Brother) 2023-24**
**30-Dec-23 to 26-JANU-24**

| | |
|---|---|
| Educational Aid | 16,99,125.00 |
| Housing Aid | 27,09,900.00 |
| Marriage Aid | 3,50,000.00 |
| Medical Aid | 12,18,106.00 |
| SPECIAL AID | 1,32,341.00 |
| **Grand Total** | **61,09,472.00** |

**പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.**

**29 December2023 to 25 January 2024**

2131. P.C Leelamma Thrissur
2132. Mathew Thomas
2133. Fr.Mathew Nedumparampil
2134. Jincysuni Pampady
2135. Mathew T.M
2136. Fr.Anil Joy Jaipur
2137. Biju George
2138. Mathew George Chungathara
2139. Thumpamon St.Thomas O.S.C KeeruKuzhy
2140. Philipose Philip NY USA
2141. Mabby USA
2142. Jacob P Peter NJ USA
2143. Ajith Varghese & Anu
2144. Zacharia George & Joice George NY USA
2145. Saju A George NJ USA
2146. Joby John
2147. Benony Kochupurackal NJ USA
2148. Shoba A Cherian NY USA
2149. Mathew George & Sheeba Cherian NY USA
2150. Alummoottil K Cherian & Molly A Cherian USA
2151. Jai K Paul NY USa
2152. Eldho Varghese NY USA
2153. Saji M Pothen NY USA
2154. Annamma George NY USA
2155. Thomas k Ninnan & Ajith Ninan NJ USA
2156. Koppara Binu Samuel NY USA
2157. P P K John NJ USA
2158. Scaria P Mathew NY USA
2159. Fr.Paul Cherian NY USA
2160. Abit Joe USA
2161. Usha Rajan PTM
2162. OCYM Germany.St.Thomas Indian Orthodox Church Thiruvalla
2163. K.V Mathew Mannar
2164. Mathai Samuel Kannanakuzhy
2165. jaimson Pappachen Kannanakuzhy
2166. Dn.Daniel Kollam
2167. Fr.K.V.Paul Ramban Parumala
2168. Sheeba Titus Aluva
2169. K.V Thomas kalathipady
2170. St.George Orthodox Valiapally Kollam
2171. Choir St.Peters & St.Pauls O.C Malapally
2172. Rev.Fr.K.A Abraham & K.A Thomas Parackal
2173. Vinoj Koshy Manarcadu KTM
2174. St.Peters & St.Pauls O.C Mallapally
2175. St.Marys O.C Mallassery PTM
2176. Fr.Santhosh Varghese Mumbai
2177. St.Marys Orthodox Cathedral Mumbai
2178. St.Johns Higher Secondary English Medium School Kunnamkulam
2179 St.Marys O.C Atlanta USA
2180. K.I Paulose Kunnackal
2182. Aneesh Babu Haripad
2183. Fr. Dileep Cherian USA
2184. Sudish & Jinu
2185. Saji Cherian USA
2186. Rev Fr.Varghese M Daniel & Smitha Varghese USA
2187. Jojo P John Puthupally
2188. Vinu Kuriakose
2189. Mathew Varkey Kallooppara
2067. Christy Aroopala TX
2068. Fr.Aji K Varghese Kottappurath PTM
2069. Sr.Selin St.Marys Convent Kozhimala
2070. Sr.Elsa & Selin Kozhimala
2071. Eldho Sosamma Anna,EKM
2072. Mathew Lilly Thomas Piravom
2073. I C Cheriyan MOTR Scans & Laboratory PTM
2074. MOTR Scans & Laboratory(Travancore Scan) PTM
2075. Sr.Rachel, St.Marys Convent Kozhimala
2076. Aleyamma Cherian & Korah P Cherian PA
2077. Abraham Thomas & Susha Abraham NY
2078. Mathew T & Mercy M NY
2079. Rev Fr. Neelankal Cherian & Kunjamma Cherian N
2080. Jacob Chacko Karackal
2081. Joy E Mathew & Asha Joy Mathew
2082. Raju Philip NY
2083. Thomas Mathew & Mariamma Mathew NY
2084. George Thomas & Kunjumol George NY
2085. Johnson paulose NY
2086. Gilayad Samajam St.Marys Orthodox Valiyapally PTM
2087. Vicar St.Peters & St.Pauls Orthodox S.C Kolencherry
2088. Issac Jacob NJ
2089. Vicar St.Johns Orthodox Church Meenadom KTM
2090. Varghese Pallithazhe Meenadom
2091. Abraham Ipe Meenadom
2092. Mercy Jacob Meenadom
2093. Abin Mathew Meenadom
2094. St.johns Martha Mariyam Samajam Meenadom
2095. Susamma Scariah Meenadom
2096. Ashil & Ashik Meenadom
2097. E N Punnoose Meenadom
2098. Joshua Jacob Abby Meenadom
2099. P.K Chacko Parackal Meenadom
2100. Zephari Mathew Subin Puthuppally
2101. C.P Thomas Thottakkadu
2102. V.V Kurian Meenadom
2103. Dubai Friends Meenadom
2104. Fr.Jai Zachariah Puthuppally
2105. K.C Jose Meenadom
2106. Abraham Punoose Meenadom
2107. Sachu Punnen Kuruvila Meenadom
2108. Saji T Kuriakose Meenadom
2109. Ente Sabha – Malankara Sabha Vazhoor
2110. Santhamma Varghese Pulikkal Kavala
2111. Shaju N.C Koothattukulam
2112. St.Peters Sunday School Vazhoor
2113. Thankamma Baby Secretary Martha Mariam Vanitha Samajam Kandanad.
2114. Jose K Cherian Vazhoor
2115. Vicar St.Marys O.C Atlanta GA
2116. Bilu & Julie NY
2117. Shyla P George NY
2118. Paulose P George NY
2119. Murthiyath k Mathew NY
2120. Babu P Paulose NY
2121. Boby Varghese NY
2122. Liju P Paul NY
2123. Bindu P Paulose & Paule p Paulose NY
2124. Thyyil M Zachariah NY
2125. Oommen K George NY
2126. Jinu George & Aleyamma Parackal
2127. jeson Varghese & Chinnus S Varrghese NY
2128. Mabby karithadathil Mathew USA
2129. Plant Lipids Social Initiative Cochin
2130. Oommen P Oommen Sharjah UAE
2131. Geevarghese Yohanan Kottarakkara

**Address:**
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

***ACCOUNT DETAILS:***

*Indian Currency*

| | | |
|---|---|---|
| Account Name | : | Baselios Marthoma Mathews III |
| Account Number | : | 50220001884863 |
| IFSC | : | ESMF0001132 |
| Bank & Branch | : | ESAF Small Finance Bank, Kottayam |

*Foreign Currency*

| | | |
|---|---|---|
| Account Name | : | Malankara Orthodox Syrian Church |
| Account Number | : | 40059833606 (FCRA Savings Account) |
| IFSC | : | SBIN0000691 |
| Bank & Branch | : | State Bank of India, New Delhi Main Branch |
| Swift | : | SBININBB104 |

Malankara Orthodox Syrian Church

Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500,
2578499,
*Email:*
catholicos@mosc.in
*Web Manager :*
webmanager@mosc.in
*Public Relations officer :*
pro@mosc.in

**സംഭാവനയായി പണം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ 9074925272 എന്ന വാട്ട്സപ് നമ്പറിലേക്ക് അഡ്രസ്സ് അയയ്ക്കുക.**




ഡൽഹിയിൽ നടന്ന ദേശീയ നൂനപക്ഷ കമ്മീഷന്റെ മീറ്റിംഗിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഡൽഹി ഭദ്രാസനത്തിൽ നിന്ന് 21 അംഗങ്ങൾ പങ്കെടുത്തു. രാജ്യത്ത് ക്രൈസ്തവർ നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്തു. ഇന്ന് വരെ രാജ്യത്ത് ക്രൈസ്തവർ ചെയ്തു വന്നിട്ടുള്ള, രാജ്യത്തിന്റെ വളർച്ചയിൽ സഹായിച്ചിട്ടുള്ള സംഭാവനകൾ ഒരിക്കലും വിസ്മരിക്കരുതെന്നും, എന്നും അത് അംഗീകരിക്കപ്പെടേണ്ടത് ആണെന്നും ആവശ്യപ്പെട്ടു. ഭാരതം വിദേശ ശക്തികളിൽ നിന്നും സ്വതന്ത്രമാകുന്നതിനും കാലങ്ങൾക്ക് മുൻപ് തന്നെ വിദേശ ശക്തികളിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തെ കുറിച്ച് ചിന്തിക്കുകയും 1653 ൽ കൂനൻ കുരിശ് സത്യത്തിലൂടെ വിദേശ ആധിപത്യം വേണ്ട എന്ന് വെക്കുകയും ചെയ്ത സഭയാണ് നമ്മുടെ സഭ എന്നും അതിനാൽ രാജ്യത്തിന്റെ വളർച്ചയിൽ കൂട്ടായി എന്നും ഒപ്പം ഉണ്ടാകും എന്ന് ഉറപ്പ് നൽകി. മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും 13 വൈദീകർ ഉൾപ്പെടെ 21 ആളുകൾ പങ്കെടുത്ത മീറ്റിംഗിൽ മണിപൂരിൽ ക്രൈസ്തവർ നേരിട്ട വേദനകൾ ഒരിക്കലും കണ്ടില്ല എന്ന് നടിക്കരുതെന്നും രാജ്യത്ത് പലയിടങ്ങളിലും ക്രൈസ്തവർക്ക് നേരെ ഉണ്ടാകുന്ന അക്രമങ്ങൾ ഒറ്റപെട്ട സംഭവങ്ങളായി കാണാൻ സാധിക്കില്ല എന്നും ശക്തമായി പ്രതികരിച്ചു.



കോട്ടയം: എറണാകുളത്ത് ജനുവരി 12-ന് നടന്ന കേരള സ്റ്റേറ്റ് മാസ്റ്റേഴ്സ് ഗെയിംസിൽ ഫിഫ്റ്റി പ്ളസ് വിഭാഗത്തിൽ കോട്ടയം ജില്ലയ്ക്കായി മത്സരിച്ച സോളമൻ തോമസ് പവർലിഫ്റ്റിങ്ങിൽ ഒന്നാം സ്ഥാനം നേടി സ്വർണ്ണ മെഡലും, പഞ്ചഗുസ്തിയിൽ രണ്ടാം സ്ഥാനവും നേടി വെള്ളി മെഡലും കരസ്ഥമാക്കി.

കോട്ടയം സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയ പള്ളി മഹാഇടവകയിൽ കളത്തിപ്പടി കണ്ണംപള്ളിയിൽ പരേതനായ കെ.സി. തോമസിന്റെയും ശോശാമ്മയുടെയും മകൻ.



നാഗാലൻഡിലെ ICFAI യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് നേടിയ ശ്രീമതി നിമ്മി വർഗ്ഗീസ്.

ഭിലായി ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയുടെ എക്സിക്യൂട്ടീവ് വൈസ് ചെയർമാനും, നാഗാലാൻഡ് MGM കോളേജ് പ്രിൻസിപ്പലുമായ ഫാ.ഡോ.പി. എസ്.വർഗ്ഗീസിന്റെ സഹധർമ്മിണിയും, ബോംബെ മലാഡ് സെന്റ് തോമസ് വലിയപള്ളി ഇടവകാംഗമായ പന്തളം കുരമ്പാല കഴുത്തുമ്മൂട്ടിൽ പാപ്പച്ചൻ കെ വർഗ്ഗീസിന്റെയും സാലമ്മയുടേയും മകളുമാണ്.


## ഓർമ്മ



മലങ്കരസഭാ ഭാസുരൻ
പ. ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി)
90-ാം ഓർമ്മ (ഫെബ്രു 24, കോട്ടയം പഴയ സെമിനാരി)



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 12-ാം ഓർമ്മ (ഫെബ്രു. 16, മാവേലിക്കര സെ. പോൾസ് ചാപ്പൽ)



തോമസ് മാർ മക്കാറിയോസ്
മെത്രാപ്പോലീത്തായുടെ 16-ാം ഓർമ്മ
(ഫെബ്രു. 23, ദേവലോകം കാതോലിക്കേറ്റ് അരമന)

**30th Death Anniversary**
**18-2-2024**



# P.V. Joseph

**(Kuttachan Sir)**

**Vattasseril Poikudiyil**
**Chengaroor**

*Inserted by:*
Mrs. Annamma Joseph
&
Family

# നാർസിസിസം!

'എന്തുപറ്റി-പെങ്ങളെയും അളിയനെയും ഒന്നും കല്യാണത്തിന് കണ്ടില്ലല്ലോ' "ഓ എന്നാ പറയാനാ-കല്യാണ ഡ്രസ് എടുക്കുന്നതിനെപ്പറ്റി അളിയൻ പറഞ്ഞ അഭിപ്രായം വേണ്ടത്ര ഗൗനിച്ചില്ലെന്ന് പുള്ളിക്ക് ഒരു തോന്നൽ. അളിയനും വന്നില്ല, പെങ്ങളെയും മക്കളെയും വിടില്ല. എന്തു പറയാനാ-ആകെ എല്ലാവർക്കും മനപ്രയാസമായി. ഞങ്ങൾപ്പോയി കാലു പിടിച്ചിട്ടും പുള്ളി ആകെ കലിപ്പിലാണ്"-രംഗം ഒന്ന്.

'പെരുന്നാൾ റാസയ്ക്ക് ഇത്തവണ പാപ്പച്ചന്റെ വക ഫ്ളോട്ടും പന്തലും ഒന്നും കണ്ടില്ലല്ലോ-പാപ്പച്ചനെ ആ വഴിക്ക് കണ്ടില്ലല്ലോ'. "ഞാൻ പറയുന്നതിന് ഒരു വിലയും ഇല്ലാത്തിടത്ത് എന്റെ ചെലവിൽ ആരും ഞെളിയണ്ടാ എന്ന് ഞാൻ തീരുമാനിച്ചു-അത്രതന്നെ. എന്നെ സഹകരിപ്പിക്കാതെ പുതിയ വികാരിയും കൂട്ടിനുള്ള പുത്തൻ പണക്കാരും എവിടെ വരെ പോകും എന്ന് എനിക്കും ഒന്ന് കാണണമല്ലോ"- രംഗം രണ്ട്.

നാർസിസം (Narcicism) എന്ന മാനസികാവസ്ഥയുടെ ഉദാഹരണങ്ങളാണ് മേൽവിവരിച്ച രണ്ട് രംഗങ്ങളും. 'ഞാൻ ഒരു മഹാനാണ്. എന്നിൽ കവിഞ്ഞ് മറ്റാരുമില്ല മറ്റെല്ലാവരും ഞാൻ പറയുന്നതിനെ മാനിച്ചു കൊള്ളണം, മറ്റുള്ളവർക്കില്ലാത്ത ചില പ്രത്യേക അവകാശങ്ങൾ എനിക്കുണ്ട്. മറ്റെല്ലാവരെയും പരിഹസിക്കാനും വിമർശിക്കാനും എനിക്ക് അവകാശമുണ്ട്. പക്ഷേ എന്നെ ആരെങ്കിലും തിരുത്താൻ ശ്രമിച്ചാൽ എനിക്ക് സഹിക്കൂലാ' ഇതാണ് ഒരു നാർസിസ്റ്റിന്റെ നിലപാട്.




ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

ഗ്രീക്ക് പുരാണത്തിൽ നിന്നാണ് നാർസിസിസം എന്ന വാക്ക് വരുന്നത്. നാർസിസസ് എന്ന യുവ കോമളൻ തന്റെ സുന്ദരമായ പ്രതിച്ഛായ ഒരു ജലാശയത്തിൽ പ്രതിഫലിച്ച് കാണാനിടയായി (കണ്ണാടി കണ്ടുപിടിച്ചിട്ടില്ലാത്ത കാലമായിരുന്നു അത്). തന്റെ മുഖസൗന്ദര്യത്തിൽ താൻ തന്നെ ആകൃഷ്ടനായി, അതിൽ നിന്നു. ഇമ മായ്ക്കാൻ കഴിയാതെയുള്ള ആ ഇരിപ്പ് ആഴ്ചകളോളം മാസങ്ങളോളം നീണ്ടുപോയി. സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഒന്നും പ്രേരണ ഏശിയില്ല. ജലപാനവും ഭക്ഷണവുമില്ലാതെ പാവം നാർസിസസ് അവിടെ കിടന്നു മരിച്ചു. പോയിയെന്നതാണ് കഥ. അമിതമായ ആത്മപ്രണയത്തെ കുറിക്കുവാൻ പിൽക്കാലത്ത് മനോവിജ്ഞാനീയത്തിൽ ഈ കഥകളും ഈ പേരും ഉപയോഗിക്കപ്പെട്ടു വന്നു.

സ്വന്തം ആകാര ഭംഗിയെപ്പറ്റി, വിദ്യാഭ്യാസത്തെപ്പറ്റി, ജോലിയെപ്പറ്റി, സമ്പത്തിനായി ഒക്കെ ആത്മപ്രശംസ നടത്തുന്ന വ്യക്തികൾക്ക് നാർസിസസിന്റെ ആസക്തിത കുറേശ്ശേ ഉണ്ടാവാം. തന്റെ കഴിവിനെപ്പറ്റിയും തന്റെ മക്കളുടെ നേട്ടങ്ങളെപ്പറ്റിയും ഒക്കെ ഇവർ വാചാലരാകും. മറ്റുള്ളവർ ഇത് പലതവണ കേട്ടിട്ട് മടുത്തിരിക്കുന്നവരാണ് എന്നത് ഒന്നും നമ്മുടെ ആത്മപ്രശംസയ്ക്ക് പ്രശ്നമില്ല. "ഇതൊന്നും ഞാൻ ആത്മപ്രശംസയ്ക്കു പറയുന്നതല്ല" എന്ന് കൂടെക്കൂടെ പറഞ്ഞെന്നുമിരിക്കും. സഹികെട്ട് ആരെങ്കിലും ഒന്നും മറുത്തുപറഞ്ഞാൽ, കളിയാക്കിയാൽ പിന്നെ അവരോട് കടുത്ത പകയായിരിക്കും.

നാർസിസ്റ്റിക് സ്വഭാവക്കാർക്ക് നേതൃത്വവാസന സ്വതവേ കൂടുതലുണ്ടാകാം. അവരുടെ ആത്മവിശ്വാസവും അനുയായികളിൽ ചിലരുടെ വിധേയത്വവും നേതൃസ്ഥാനങ്ങളിൽ എത്താൻ അവരെ സഹായിക്കുന്നുമുണ്ടാകാം. പക്ഷെ പ്രതിപക്ഷ ബഹുമാനമില്ലായ്മയും, മറ്റുള്ളവരോടുള്ള പരിഗണന ഇല്ലായ്മയും, തനിക്കെതിരെയുള്ള വിമർശനങ്ങളോടുള്ള അസഹിഷ്ണുതയും ഇവരുടെ സൽഗുണങ്ങളെ ഇല്ലാതാക്കിക്കളയുന്നു. കുടുംബ ജീവിതത്തിലും സാമൂഹിക ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതം കൂടി ഇതുമൂലം ദുസ്സഹമാകുന്നു.

ആദ്യം പറഞ്ഞ രണ്ട് രംഗങ്ങളും നോക്കുക-ആങ്ങളയുടെ മകന്റെ വിവാഹത്തിന് സംബന്ധിക്കാൻ ഉൽസാഹത്തോടെ കാത്തിരുന്ന പെങ്ങളുടെയും മക്കളുടെയും മാനസികാവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കുടുംബ ബന്ധങ്ങളിൽ വിള്ളലുണ്ടാകുന്ന നാർസിസിസം! രണ്ടാമത്തെ രംഗം നോക്കാം-ഒരു ദേവാലയത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും വിഘാതമാകുന്ന നാർസിസത്തെ ആണ് ഇവിടെ കാണുന്നത്.


ഒന്ന്, ആത്മാർത്ഥമായി ആത്മപരിശോധന ചെയ്യുന്ന നമ്മുടെയൊക്കെ ഉള്ളിൽ നാർസിസസത്തിന്റെ അംശം പതുങ്ങിയിരുപ്പുണ്ട്. നമ്മുടെ വ്യക്തിബന്ധങ്ങളെയും കുടുംബ ഭദ്രതയെയും തകർത്തു കളയുന്ന നാർസിസിസം.

**ഇതിന്റെ പ്രതിവിധി എന്താണ്?**

നാർസിസ്റ്റായ വ്യക്തിക്ക് തന്റെ വ്യക്തിത്വത്തിലെ ഈ വലിയ പോരായ്മയെപ്പറ്റി വേണ്ടത്ര ഉൾക്കാഴ്ച ഉണ്ടാവുക എന്നതാണ് ഏറ്റവും ആദ്യത്തെ പടി. ഇതിനുള്ള മനഃശാസ്ത്ര മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച പരിഹാരം നോമ്പ് നമുക്ക് നൽകുന്ന ആത്മീയ മാർഗ്ഗമാണ്. "ഗാത്രം ഭക്ഷിക്കും മുമ്പേ തന്നെത്താനെ ശോധിപ്പിൻ" എന്ന് നമ്മൾ പാടുന്നുണ്ട്. തന്നിലുള്ള ആത്മ പ്രണയത്തിന്റെ അംശത്തെ കണ്ടെത്താനും, ഇല്ലാതാക്കാനും നോമ്പിൽ നടത്തുന്ന ആത്മപരിശോധന നമ്മെ സഹായിക്കട്ടെ.

എന്നിലെ 'ഞാൻ ഭാവം' കുറയാനും 'ക്രിസ്തുഭാവം' വളരാനും സഹായിക്കുന്ന വലിയ നോമ്പിനായി നമുക്ക് ഒരുങ്ങാം!.

# ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് : കാലാതീത മിഷൻ ദർശനങ്ങളുടെ പിതാവ്



**പ്രൊഫ . കെ. സി. മാണി**
(സെക്രട്ടറി, മിഷൻ ബോർഡ്)

കർമ്മോത്സുകരായ ദാർശനീകരാണ് മിഷനറിമാർ. ലബ്ധപ്രതിഷ്ഠ നേടിയ ദാർശനികർ ചരിത്രത്തിൽ വിരളമായിട്ടു മാത്രം പ്രത്യക്ഷപ്പെടുന്നു. അവരിൽതന്നെ പിൻതലമുറകൾക്ക് പിൻപറ്റാവുന്ന മാതൃകാപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർ അപൂർവ്വം. മഹത്തായ മിഷൻ ദർശനങ്ങളെ പ്രാവർത്തികമാക്കിയ യുഗപ്രഭാവനായിരുന്നു മലങ്കര സഭാരത്നം ഡോ. ഗീവർഗീസ് മാർ ഓസ്താത്തിയോസ് മെത്രാപ്പോലീത്താ. ക്രിസ്തീയ സഭകളുടെ ദൗത്യം എന്താണെന്നും അതെങ്ങനെ നടപ്പാക്കണമെന്നും തിരുമേനിക്ക് വ്യക്തതയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മിഷൻ ദർശനങ്ങൾ വേറിട്ടതും കാലാതീതവും അനുകരണീയവുമാണ്. ഫെബ്രുവരി 16,17 തീയതികളിൽ അദ്ദേഹത്തിന്റെ പന്ത്രണ്ടാമത് ഓർമ്മപ്പെരുന്നാൾ ആചരിക്കുമ്പോൾ, ആ പിതാവിന്റെ അതുല്യമായ മിഷൻ ദർശനങ്ങളിൽ താഴെപ്പറയുന്ന ചിലതെങ്കിലും സ്മരണയിൽ കൊണ്ടുവരുന്നത് അനുഗ്രഹമായിരിക്കും. തിരുമേനിക്ക് സാധിച്ചതുപോലെ അപ്രകാരം ദൗത്യനിർവ്വഹണം നടത്തിയാൽ 'അത് കർത്താവാകുന്നു' എന്ന് മറ്റുള്ളവർ പറയുകയും ചെയ്യും.

**1. മിഷനും ലോകവും:** ദൈവം ലോകത്തെ സ്നേഹിച്ചു, സ്വപുത്രനെ തന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും" (യോഹ. 3:16) എന്ന സുവിശേഷം പ്രഖ്യാപിക്കുവാൻ മാത്രമല്ല, നിലനിൽക്കുന്ന അനീതികളെ തിരുത്തുവാനും ചൂഷിതരെ ആശ്വസിപ്പിക്കുവാനും കൂടിയാവണം. ദരിദ്രരോട് സുവിശേഷമല്ല, ദരിദ്രരുടെ സുവിശേഷത്തിൽ സഭകളും ഭാഗ്യാവസ്ഥയിലെത്തണം. സമഗ്ര വികസന മാർഗ്ഗം, സമ്പന്ന രാജ്യങ്ങളുടെ ക്യാപ്പിറ്റലിസമോ, ദരിദ്രരാജ്യങ്ങളുടെ സോഷ്യലിസമോ, ഭാരതത്തിന്റെ സങ്കലന സാമ്പത്തികശാസ്ത്രമോ അല്ല. ആഗോള പങ്കിടൽ സാധിക്കുന്ന ഒരു പുതിയ വ്യവസ്ഥിതിയാണ്. ഒരു ലോക കുടുംബ വ്യവസ്ഥിതിയാണ്. സഹവർത്തിത്വവും പരസ്പര പങ്കിടലും നടക്കുന്ന ആഗോളകുടുംബം. നിർമ്മനുഷരല്ലാത്തവരുടെ ഉത്തരവാദിത്തവും കാര്യവിചാരകത്ത്വവും മനസ്സിലാക്കി പ്രതികരിക്കുന്ന ഒരു സമൂഹം.

**2. മിഷനും രാജ്യവും:** വിവിധത്വമുള്ള ഒരു സമൂഹമാണ് ഭാരതത്തിലുള്ളത്. മതബഹുലത ഈ രാജ്യത്തിന്റെ പ്രത്യേകതയാണ്. നീതിയ്ക്കും വിമോചനത്തിനും ദാഹിക്കുന്ന ഏവരും മത വ്യത്യാസം കൂടാതെ അയൽക്കാരാണ്, സഹോദരങ്ങളാണ്. മുറിവേറ്റ അയൽക്കാർക്കു വേണ്ടത്, ഭൗതീക പരിചരണത്തോടൊപ്പം ധൈര്യവും പ്രത്യാശയും നല്കുന്ന സ്നേഹമാണ്. ത്രിയേക ദൈവം എല്ലാവർക്കും ദൈവം ഹിന്ദുവിനും മുസൽമാനും. കാരണം ദൈവം നിത്യസത്യസ്നേഹ സ്വരൂപിയാണ്. ത്രിത്വാധിഷ്ഠിത മിഷൻ വൈവിദ്ധ്യതയിൽ ഏകത്വവും സമത്വവും നടപ്പാക്കുന്നതാണ്. ത്രിത്വാധിഷ്ഠിത മിഷൻ സ്നേഹത്തിന്റെ കുത്തൊഴുക്കാണ്. മതപരിവർത്തനത്തിനല്ല സ്നേഹത്തിന്റെ ചലനാത്മക മിഷൻ മനസ്സിന്റെ മഹാപരിവർത്തനത്തിനാണ്. സ്നേഹമതം ഒന്നേയുള്ളു. വിശ്വാസമതമാണ് പലത്. സ്നേഹത്തിന്റെ പ്രകാശരശ്മിയിൽ ഏഴു നിറമുള്ള മഴവില്ലായി വിവിധ മതങ്ങൾ മാറണം.

**3. മിഷനും സഭയും :** യേശുക്രിസ്തു ലോകത്തിന്റെ ജീവനാണ്, സഭയുടേതെന്ന് ചുരുക്കരുത്. സഭകൾക്ക് ലോകത്തിനുവേണ്ടി മരിച്ച് ലോകത്തിന് ജീവൻ നല്കുന്ന മിഷനാണാവശ്യം. മിഷൻ ദൈവത്തിന്റേതാണ്. സഭയ്ക്ക് തനതായ മിഷനില്ല. ഒരേ അപ്പം പങ്കിടുന്ന പങ്കാളിത്ത മിഷനിൽ ഭാഗഭാക്കാവുമ്പോൾ സമത്വം ഉളവാകും. പുതിയ ആകാശവും പുതിയ ഭൂമിയും സാക്ഷാത്കരിക്കപ്പെടും. ഇന്നത്തെ വികലമായ മതഭക്തിമാറി, ത്യാഗികളുടെ കൂട്ടായ്മയായി സഭകൾ മാറിയാൽ മിഷൻ ഇളകാത്ത കുറ്റികളും നീട്ടാവുന്ന കയറുകളുമുള്ള നിത്യസ്നേഹകൂടാരങ്ങൾ തീർക്കും.

**4. മിഷനും വ്യക്തിയും :** പാപത്താൽ വികലമായ വ്യവസ്ഥിതിയുടെ ഉത്തരവാദിത്തം മുറിവേറ്റവനു മാത്രമല്ല, മുറിവേല്പിച്ചവനും കൂടിയാണ്. ആ തിരിച്ചറിവുകൾ അതിൽ നിന്നുത്ഭവിക്കുന്ന അനുതാപവുമാണ് മിഷനു മുൻപ് ഉണ്ടാകേണ്ടത്. "അവൻ വളരേണം ഞാനോ കുറയണം" (യോഹ 3:30) എന്ന ജീവിതാദർശമുള്ള വ്യക്തികളായി മാറിയാൽ, ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നുയെന്ന് പ്രവർത്തിയിലൂടെ കാണിക്കാനാവും. അവരുടേതാണ് ക്രിസ്തീയ ദൗത്യം.




ഡോ. സിബി തരകൻ

1

# Youth Junction

## നിശബ്ദതയെ തകർക്കുക: സ്റ്റിഗ്മ കുറയ്ക്കുക, യുവാക്കളുടെ മാനസികാരോഗ്യം വളർത്തുക

യുവാക്കൾ ഇന്ന് മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് പല വെല്ലുവിളികളും നേരിടുന്നുണ്ട്. ആന്തരിക പോരാട്ടങ്ങൾക്കുള്ള സാധ്യതകൾ ഇക്കാലത്തു ഏറെയാണ്. എന്നാൽ, വൈകാരിക പ്രശ്നങ്ങളുമായി മല്ലിടുന്നുണ്ടെങ്കിലും, അതിനെക്കുറിച്ച് സംസാരിക്കുന്നതിനോ സഹായം തേടുന്നതിനോ പലരും വിമുഖരാണ്.

പഠനവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങൾ, തൊ ഴിലിനെക്കുറിച്ചുള്ള പ്രതീക്ഷകൾ, വ്യക്ത്യന്തര ബന്ധങ്ങളിലെ പാകപ്പിഴകൾ, എന്നിങ്ങനെ ഒരുപാട് പ്രശ്നങ്ങൾ യുവാക്കൾക്ക് കൈകാര്യം ചെയ്യേണ്ടതായി വരുന്നു. ഇവയെല്ലാം സ്വയം കൈകാര്യം ചെയ്യാൻ ശ്രമിക്കു മ്പോൾ പരാജയപ്പെടുകയും, അത് മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. മാനസിക സമ്മർദ്ദം, ഉത്കണ്ഠ, ദുഃഖം, വിഷാദം എന്നിവയൊക്കെ ഈ സാഹചര്യത്തിൽ സാധാരണമാണ്; എന്നാൽ ഈ വികാരങ്ങളെക്കുറിച്ച് തുറന്ന് സംസാരിക്കുന്നത് അത്ര സാധാരണമല്ലതാനും.

മാനസികാരോഗ്യത്തെക്കുറിച്ച് പലരും നമ്മുടെ നാട്ടിൽ സംസാരിക്കുന്നത്, ഭയത്തോടെയാണ്. ആളു കളെ ഇക്കാര്യം അസ്വസ്ഥരാക്കുന്നു. മാനസികാരോഗ്യം ഒരു യഥാർത്ഥ പ്രശ്നമാണെന്ന് പലരും അംഗീകരിക്കു ന്നില്ല എന്നതാണ് തഥാർത്ഥ്യം. വൈകാരിക പ്രശ്നങ്ങൾ ഉള്ളവർപോലും അക്കാര്യം തുറന്ന് സമ്മതിക്കാറില്ല. തങ്ങൾ ദുർബലരാണെന്നോ ഇച്ഛാശക്തി കുറവുള്ളവരാണെന്നോ ഒക്കെ മറ്റുള്ളവർ കരുതുമെന്നു അവർ വിചാരിക്കുന്നു.ഇങ്ങനെയുള്ള അപമാന ചിന്തയെ സ്റ്റിഗ്മ (Stigma) എന്നാണു മനഃശാസ്ത്ര ഭാഷയിൽ വിളിക്കുന്നത്.

### സ്റ്റിഗ്മ കുറയ്ക്കുന്നതിനുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്?

മതിയായ വിവരങ്ങൾ ലഭിക്കുന്നില്ല : പല ചെറുപ്പക്കാർക്കും മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കാര്യമായ അറിവില്ല. തങ്ങളിലോ മറ്റുള്ളവരിലോ ഉള്ള ലക്ഷണങ്ങൾ അവർ തിരിച്ചറിയുന്നില്ല. ഈ അറിവില്ലായ്മ മാനസികാരോഗ്യത്തെക്കുറിച്ച് തുറന്ന് സംസാ രിക്കുന്നത് പ്രയാസകരമാക്കുന്നു.

**സാംസ്കാരിക സമ്മർദ്ദം:** പരമ്പരാഗത സാംസ്കാരിക കാഴ്ചപ്പാടുകൾ, വൈകാരികപ്രശ്നങ്ങളെക്കുറിച്ച് തുറന്ന് സംസാരിക്കുന്നതിൽനിന്ന് ആളുകളെ തടയുന്നു. സാമൂഹത്തിന്റെ പ്രതീക്ഷകൾ നിറവേറ്റാൻ തങ്ങളുടെ ആന്തരിക പോരാട്ടങ്ങൾ മറച്ചുവെക്കണമെന്ന് പലരും വിചാരിക്കുന്നു.

പരിഹസിക്കപ്പെടുമോ എന്ന ആശങ്ക: സുഹൃത്തുക്കളും ബന്ധുക്കളുമൊക്കെ പരിഹസിക്കുമോ വിമർശിക്കുമോ എന്നൊക്കെയുള്ള പേടിയാണ് പല യുവാക്കളെയും സഹായം തേടുന്നതിൽനിന്ന് വിമുഖരാക്കുന്നത്. മാനസികാരോഗ്യ പ്രശ്നങ്ങൾ, ഒറ്റപ്പെടലിലേക്കോ വിവേചനത്തിലേക്കോ നയിക്കുമെന്ന് അവർ ആശങ്കപ്പെടുന്നു.

സമർത്ഥനായ ഒരു വിദ്യാർത്ഥിയെ, കോളേജിലെ പഠന സമ്മർദവും കുടുംബത്തിന്റെ അമിത പ്രതീക്ഷകളും, വൈകാരികമായി തളർത്തിക്കളഞ്ഞു. അവൻ കടുത്ത വിഷാദത്തിലേക്ക് കൂപ്പുകുത്തി. ആളുകൾ തന്നെക്കുറി ച്ചു എന്തുവിചാരിക്കും എന്ന തോന്നൽ, മറ്റുള്ളവരോട് സഹായം ചോദിക്കുന്നതിൽനിന്ന് അവനെ പിന്തിരിപ്പിച്ചു. ആത്മഹത്യയെക്കുറിച്ചു ആലോചിച്ചുകൊണ്ടിരുന്ന അവനെ, കൗൺസിലറുമായി സംസാരിക്കാൻ ഒരു സുഹൃത്ത് പ്രേരിപ്പിച്ചപ്പോഴാണ് വിഷാദം തരണം ചെയ്യാൻ അവനു കഴിഞ്ഞത്.

നിശബ്ദതയെ തകർക്കണം, അതിനു എന്തൊക്കെയാണ് വേണ്ടത്?

**1) ബോധവത്കരണം :** സ്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും പള്ളികളിലും മാനസികാരോഗ്യത്തെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ടത് പ്രധാനമാണ്. വൈകാരിക പ്രശ്നങ്ങളോടുള്ള സ്റ്റിഗ്മ തകർക്കുന്നതിനുള്ള ആദ്യപടിയാണ് ബോധവത്കരണം.

**2) സാധാരണ സംഭാഷണത്തിന്റെ ഭാഗമാക്കുക:** ദൈനംദിന ജീവിതത്തിൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള അനൗപചാരിക സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുക. അത്, ശാരീരിക ആരോഗ്യത്തെക്കുറിച്ച് സംസാരിക്കുന്നതുപോലെയാണെന്ന് ആളുകൾ തിരിച്ചറിയുമ്പോൾ, അതിനോടുള്ള സ്നിഗ്മ കുറഞ്ഞുവരും.

**3) സാമൂഹിക പിന്തുണ:** ആളുകൾക്ക് തങ്ങളു ടെ അനുഭവങ്ങൾ പങ്കിടാൻ സുരക്ഷിതമായ ഒരു സാമൂഹിക സാഹചര്യം ഉണ്ടാക്കേണ്ടത് പ്രധാനമാണ്. പിന്തുണ നൽകുന്ന ഗ്രൂപ്പുകൾക്കും സാമൂഹിക സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ സഹായിക്കാൻ കഴിയും.

നമ്മുടെ യുവാക്കൾക്കു നേരിടേണ്ടിവരുന്ന മാനസികാരോഗ്യ വെല്ലുവിളികൾ അസംഖ്യമാണ്. സഹായം തേടുന്നതിലെ സ്റ്റിഗ്മാ അത് കൂടുതൽ പ്രയാസത്തിലാക്കുന്നു. സാമൂഹിക അവബോധം ഉണ്ടാക്കുന്നതിലൂടെയും മാനസികാരോഗ്യത്തെക്കുറിച്ച് സംസാരിക്കുന്നതിലൂടെയും സ്റ്റിഗ്മാ ഒഴിവാക്കാനാകും.

പിന്തുണയ്ക്കുന്ന കൂട്ടായ്മകൾ (support groups) വിദ്യാലയങ്ങളിലും പള്ളികളിലും തൊഴിലിടങ്ങളിലും ഉണ്ടാകണം. നമ്മുടെ യുവാക്കളുടെ സർഗ്ഗശേഷി നിലനിർത്തേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്.


Bethclave
An Educational Conclave by Bethany
Inter-School Media Seminar
All Kerala Inter-School
QUIZ COMPETITION
BETHANY
Group of Institutions
Managed by Bethany Asram Ranni - Perunad
BETHANIA
INSTITUTE OF
MANAGEMENT STUDIES
DARKNESS TO LIGHT
BETHANIA INSTITUTE
of Management Studies
Kunnamkulam
BETHANY
St. John's EHS School
Kunnamkulam
BLOOMING BUDS BETHANIA
Senior Secondary School
Marathamkode
BETHANY
St. Marys Nursery School
Kunnamkulam
BETHANY
High School
Ranni - Perunad

## BRIDE WANTED

ഓർത്തഡോക്സ് യുവാക്കൾ, സർക്കാർ സർവ്വീസിൽ സ്ഥിരം ജോലി, മിഡിൽ ക്ലാസ്സ്, 33 വയസ്സ്, പൊക്കം 170, എം. എ ഇക്കണോമിക്സ്, കോട്ടയം ജില്ല. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9562537723 (Mob.)**
**9847556117 (Whatsapp)**

## BRIDE WANTED

ഓർത്തഡോക്സ് യുവാവ് 29, 168 cm, M Com. നിരണം ഭദ്രാസനം. ഇടത്തരം കുടുംബം. പ്രൈവറ്റ് കമ്പനി യിൽ അക്കൗണ്ടന്റ്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**Ph:80865 36282**

## BRIDE WANTED

ഓർത്തഡോക്സ് യുവാവ്, 35/160, പ്രൈവറ്റ് ഫിനാൻസിൽ ജോലി ചെയ്യുന്നു. BA, അനുയോജ്യമായ വിവാഹ അലോചനകൾ ക്ഷണിക്കുന്നു.

**Contact No. : 9495618017**

## BRIDE WANTED

ഓർത്തഡോക്സ് യുവാവ് 32 വയസ്സ്, Restaurant Manager, Kuwait. ഉടൻ നാട്ടിൽ വരും. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**Contact No. :**
**+91-9207210876, +965-6903 0239**

## വരനെ ആവശ്യമുണ്ട്

ഓർത്തഡോക്സ് യുവതി 31/170, അസിസ്റ്റന്റ് പ്രഫസർ, സ്ഥിരം, എയ്ഡഡ് കോളജ്, പത്തനംതിട്ട ജില്ല. കേരളത്തിൽ ജോലിയോ ബിസിനസോ ഉള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**Mob. 9496985048**


For Favours Received





T D GEORGE & P A AMMINI KUTTY

## അനുമോദനങ്ങൾ...



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ മികച്ച പ്രഭാഷകയ്ക്കുള്ള വാഗ്മി തിലകമായി ജ്യോത്സന റോയി തെരഞ്ഞെടുക്കപ്പെട്ടു. വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും അടൂർ കരുവാറ്റ സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിനിയുമാണ്. ഞാലിയാകുഴി വള്ളവൻകടവിൽ ശ്രീ. റോയി വറുഗീസിന്റെയും (Postal Civil Division തിരുവനന്തപുരം) ഷൈലാ റോയിയുടെയും (അധ്യാപിക, സെന്റ് മേരീസ് എച്ച് എസ് എസ് അടൂർ) മകളാണ്.




സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ പാഴ്‌വസ്തുക്കൾ കൊണ്ടുള്ള ഉൽപന്ന നിർമാണ മത്സരത്തിൽ (എച്ച്എസ്എസ് വിഭാഗം) സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം പുത്തൻകാവ് മെട്രോപ്പോലിറ്റൻ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥി ആരോൺ ഫിലിപ്പ് തോമസ്. മാന്തുക സെ. തോമസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. കെ.ഒ. തോമസിന്റെയും അധ്യാപിക മറിയാമ്മ ഫിലിപ്പിന്റെയും മകൻ.


## വിശുദ്ധനാട് യാത്ര

വിശുദ്ധനാട് യാത്രകൾക്ക് നേതൃത്വം നൽകി ഇസ്രായേൽ ഗവൺമെന്റിന്റെ ഗുഡ്‌വിൽ അംബാസിഡർ പദവി ലഭിച്ച പരിചയസമ്പന്നനായ ഫാ. ജിജു ജോൺ വയലിറക്കത്തിന്റെ നേതൃത്വത്തിൽ ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നിവിടങ്ങളിലുള്ള നൂറുകണക്കിനുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും പ്രാർത്ഥിക്കുവാനും ആയി **2024 ഏപ്രിൽ 8 നും മെയ് 20 നും സെപ്റ്റം. 23 നും** പുറപ്പെടുന്നു. നിങ്ങളുടെ സീറ്റുകൾ ഉടൻ ബുക്ക് ചെയ്യുക.

**Contact:**
**9447353706, 8921324901**



ദീർഘദർശിയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനുമായ
പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്
Mankoottathil Geevarghese
Memorial Charity Trust
KALLISSERY - CHENGANNUR
E-mail: nightingale_india@yahoo.com

# വേദാനുഭവം 6

**ഫാ. യാക്കോബ് റമ്പാൻ**
*മാനേജർ, ദേവലോകം അരമന*



**"ആകയാൽ യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ; ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നത് എനിക്കു നന്ന് എന്നു പറഞ്ഞു."**

(യോന. 4:3)

നിരാശ ബാധിച്ച് മരിച്ചാൽ മതി എന്നാഗ്രഹിക്കുന്ന ഒരു പ്രവാചകനാണ് യോന. നമ്മുടെ എല്ലാം ജീവിതത്തിൽ നാം ആഗ്രഹിക്കുന്നപോലെ കാര്യങ്ങൾ നടന്നില്ല. എങ്കിൽ വലിയ അമർഷവും നിരാശയും ഉണ്ടാവുക സ്വാഭാവികമാണ്. മനുഷ്യ ഹൃദയത്തെ ദൈവസന്നിധിയിൽ നിന്നും അകറ്റുവാൻ സാത്താന്റെ നിരന്തരമായ പരീക്ഷണങ്ങളുടെ ഫലമാണ് നിരാശ ബാധിക്കുക എന്നുള്ളത്. ധീരരും ശക്തരുമായ പ്രവാചകന്മാരുടെ ജീവിതത്തെപോലും നിരാശയിലേക്ക് തള്ളിവിടാൻ സാത്താന് സാധിച്ചു. സാധാരണക്കാരായ അനേകം ആളുകളും അതുപോലെ ഉന്നതരായ വ്യക്തികളും എല്ലാം ഒരുപോലെ നിരാശ ബാധിച്ച് ആത്മഹത്യ ചെയ്യുന്നത് നാം ദൈനംദിനം കണ്ടുവരുന്നു.

ഇവിടെ യോനയുടെ ജീവിതം നാം നോക്കുമ്പോൾ ശക്തനും ധീരനുമായ ഒരു സുവിശേഷകനായിരുന്നു യോന എന്ന് നമുക്ക് കാണുവാൻ സാധിക്കും. ആ സമൂഹത്തിൽ ഉന്നതമായ സ്ഥാനം യോനയ്ക്ക് ഉണ്ടായിരുന്നു. യോന പ്രവാചകൻ ഒരു കാര്യം പറഞ്ഞാൽ അത് അച്ചട്ടായി സംഭവിച്ചിരിക്കും. ആയതിന്റെ അല്പം ആത്മീയ അഹങ്കാരവും യോനയും ഉണ്ടായി എന്നു വേണം കരുതാൻ. ആത്മീയ അഹങ്കാരം വളരെ ആപത്കരമായ ഒരു സംഗതിയാണ്. ഇന്നത്തെ ആത്മീയ മേഖലകളിലും ആത്മീയ അഹങ്കാരം ബാധിച്ച നേതാക്കന്മാരെയും വിശ്വാസികളെയും കാണുവാൻ സാധിക്കും. താൻ പ്രാർത്ഥിച്ചാൽ എന്തും ലഭിക്കും. എന്തെങ്കിലും കാര്യങ്ങൾ നേടണമെങ്കിൽ തങ്ങളുടെ അടുക്കൽ വന്ന് ജനത്തെ തെറ്റുദ്ധരിപ്പിക്കുന്ന അനേകം ആത്മീയ നേതാക്കന്മാരെയും പ്രസ്ഥാനങ്ങളെയും നമുക്ക് ചുറ്റും കാണുവാൻ സാധിക്കും.

നിനുവെക്കാർ പാപികളാണ്. അവിടെ പോയി പ്രസംഗിച്ചാൽ വലിയ അംഗീകാരമൊന്നും ലഭിക്കില്ല. എന്ന ചിന്തയാകാം യോനയെ തർശ്ശീസിലേക്ക് യാത്രയാകാൻ പ്രേരിപ്പിച്ചത്. തർശ്ശീസിൽ നല്ല സ്വീകാര്യതയും സ്വീകരണവും ലഭിക്കും. യോനയെപ്പോലെ മഹാനായ പ്രവാചകൻ പ്രസംഗിക്കാൻ വരുന്നു എന്നു കേൾക്കുമ്പോൾ തർശ്ശീസിൽ ആളുകൂടും. വചനം കേൾക്കാൻ അനേകം ആളുകൾ പല ദേശത്തുനിന്നും തർശ്ശീസിൽ എത്തിച്ചേരും. യോനായുടെ പ്രസിദ്ധി കൂടും. അതുകൊണ്ട് തർശ്ശീസിലേക്ക് പോകാൻ യോന തീരുമാനിച്ചു.

എന്നാൽ സംഭവിച്ചത് മറിച്ചായിരുന്നു. കടലിൽ വലിയ ക്ഷോഭം ഉണ്ടായി. കപ്പലിലുള്ളവർ പ്രാണഭയത്തിലായി. അവർ മരണത്തെ മുഖാമുഖം കണ്ടു. തങ്ങളുടെ ദൈവത്തോട് പ്രാണഭയത്തോടെ നിലവിളിച്ചുകരഞ്ഞു. ഇതൊന്നും അറിയാതെ യോന കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുകയായിരുന്നു. എല്ലാവരും യോനയെ വിളിച്ചുണർത്തി പ്രാർത്ഥിക്കാൻ പറഞ്ഞു.

പ്രവാചകനായ യോനയ്ക്കു കാര്യം മനസ്സിലായി. താൻ മൂലമാണ് ഈ ആപത്തുണ്ടായത് എന്ന് യോന പറഞ്ഞു. തന്റെ ജീവൻ നഷ്ടപ്പെട്ടാലും കടലിൽ ഉള്ളവർക്ക് നാശം ഉണ്ടാകരുത് എന്ന് യോന ആഗ്രഹിച്ചു. യോന പറഞ്ഞു "താൻ മൂലമാണ് ഈ അനർത്ഥം ഉണ്ടായത്. അതുകൊണ്ട് എന്നെ എടുത്ത് കടലിൽ ഇട്ടുകളയുക. തന്റെ തെറ്റിനെപ്രതി മരണത്തെ പുൽകുവാനും യോന തയാറായി. ദൈവം കരുതുമെന്നുള്ള ഉറച്ച വിശ്വാസവും ധൈര്യവും യോനയ്ക്കുണ്ടായിരുന്നു. യോനയെ എടുത്തു കടലിൽ ഇട്ടുകളഞ്ഞു എങ്കിലും യോനയെ വിഴുങ്ങുവാൻ ദൈവം ഒരു മത്സ്യത്തെ ആക്കി. മത്സ്യം യോനയെ വിഴുങ്ങി. മത്സ്യത്തിന്റെ വയറ്റിൽ കിടന്നു യോന ദൈവത്തോടു പ്രാർത്ഥിച്ചു. ഏതു പ്രതിസന്ധിയിൽ നാം ആയിരുന്നാലും അവിടെ ദൈവത്തിന്റെ കരം ചേർത്തു പിടിക്കുവാനും ദൈവത്തിൽ ആശ്രയിക്കുവാനും നമുക്ക് സാധിക്കുമെങ്കിൽ, അനുപമമായ ദൈവകരുതൽ അനുഭവിക്കുവാൻ സാധിക്കുമെന്ന് യോനയുടെ ജീവിതം കാണിച്ചു തരുന്നു. മത്സ്യം യോനയെ കരയിൽ ഛർദിച്ചു.

നിനുവെക്കു വിരോധമായി പ്രസംഗിക്കുവാനാണ് ദൈവം യോനയെ അയച്ചത്. എന്നാൽ തർശ്ശീസിലേക്ക് പോകാൻ കഴിയാത്തതിന്റെ അമർഷവും നിരാശയും യോനയുടെ പ്രസംഗത്തിൽ പ്രതിഫലിച്ചു. 40 ദിവസം കഴിയുമ്പോൾ നിനുവെ പട്ടണം നശിക്കുമെന്ന് യോന പ്രവചിച്ചു. മാത്രമല്ല ആ പട്ടണത്തിന്റെ പതനം കാണുവാൻ ആഗ്രഹിച്ചു അവൻ കാത്തിരുന്നു. ജനങ്ങൾ മാനസാന്തരപ്പെട്ട് ദൈവസന്നിധിയിലേക്ക് തിരിയുന്നതിനെക്കാൾ ആ പട്ടണം നശിക്കുന്നതും അതുവഴി തന്റെ പ്രവചനം അതുപോലെ സംഭവിക്കുന്നതുമാണ് യോന ആഗ്രഹിച്ചത്. അത്രയും ജനങ്ങൾ രക്ഷപെടുന്നതിനെക്കാൾ വലുത് തന്റെ പേരും പ്രശസ്തിയും നിലനിൽക്കുന്നതാണ് എന്നതാണ് യോന ചിന്തിച്ചത്. നമുക്ക് സ്വീകാര്യരായ ആളുകളെ മാത്രം അംഗീകരിക്കുവാനും അല്ലാത്തവരെ അവഗണിക്കുവാനും യോനയെപോലെ ഇന്നത്തെ സുവിശേഷകരും ചിന്തിക്കുന്നു. പുച്ഛഭാവത്തോടെയാണ് യോന നിനുവയിലെ

ജനങ്ങളെ കണ്ടത്. എന്നാൽ യോനയുടെ പ്രസംഗം കേട്ട രാജാവുമുതൽ താഴെയുള്ള പൈതങ്ങൾ വരെ മാസാന്തരപ്പെട്ട് അനുതപിച്ച് രട്ടിലും വെണ്ണീറിലും കിടന്നു പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു. അതുതപിക്കുന്ന പാപിയെകുറിച്ച് സ്വർഗ്ഗത്തിൽ മാലാഖമാർ സന്തോഷിക്കും എന്ന് പറഞ്ഞ കർത്താവ് തന്നെ അവരുടെ അനുതാപത്താൽ താൻ നടത്താനിരുന്ന ശിക്ഷാവിധിയിൽ നിന്നും പിൻവാങ്ങുന്നു.

ഇത് യോനയ്ക്ക് അനിഷ്ടമായി. യോന പ്രാർത്ഥിച്ചു. "എന്റെ പ്രാണനെ എടുത്തുകൊള്ളണമേ!" എന്ന്. സഹിക്കാൻ പറ്റാതെ മരണത്തെക്കുറിച്ച് യോന ചിന്തിക്കുന്നു. മനുഷ്യനിൽ അഹങ്കാരവും വിദ്വേഷവും വർദ്ധിക്കുമ്പോൾ അവൻ നിരാശനാകുന്നു. മരിച്ചാൽ മതി എന്നുള്ള ചിന്ത അവനെ മദിക്കുന്നു. നമ്മുടെ അഹങ്കാരവും വിദ്വേഷവും മാറ്റിവച്ച് ദൈവസന്നിധിയിൽ വിനയപ്പെടുക. ദൈവം യോനയ്ക്ക് തണലായി അവഗണിച്ചതിനെ വളർത്തിയതുപോലെ തന്റെ ദൂതനെയും നമുക്ക് കാവലായി അയച്ചു തരും. ദൈവത്തിൽ മാത്രം പ്രത്യാശ വയ്ക്കുക. അവൻ നിശ്ചയമായും നമ്മെ കരുതും. സംരക്ഷിക്കും ഉള്ളം കൈയിൽ വഹിക്കും. ○



അഖില മലങ്കര സൺഡേ സ്കൂൾ സൗത്ത് സെൻട്രൽ സോൺ സഹപാഠ്യമത്സരങ്ങളിൽ ജൂനിയർ വിഭാഗം സിംഗിൾ സോങ്, ഗ്രൂപ്പ് സോങ് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനവും, പ്രസംഗത്തിന് രണ്ടാംസ്ഥാനവും കരസ്ഥമാക്കിയ രേഹാൻ സ്ലീബാ മാത്യു. പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗവും, വാകത്താനം ജറുസലേം മൗണ്ട് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളുമായ ഡോ. മാത്യു പി. ജോർജിന്റെയും, എലിസബത്ത് കെ. സ്ലീബയുടെയും മകൻ.

## മാർ അന്ത്രയോസ് ബാവയും കല്ലട വലിയ പള്ളിയും



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ തെക്കൻ മേഖലയിലെ പ്രഥമ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രവും പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥാപിതവുമായിരിക്കുന്ന അതിപുരാതന ദൈവാലയവുമാണ് കല്ലട വലിയപള്ളി എന്ന് അറിയപ്പെടുന്ന കല്ലട സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്. 1678 ൽ മലങ്കരയിലെത്തി മുളന്തുരുത്തി, കുറുപ്പുംപടി, വെട്ടിക്കൽ, മണർകാട്, കുറവിലങ്ങാട്, പുത്തൻകാവ് തുടങ്ങിയ സ്ഥലങ്ങളിലുള്ള ദൈവാലയങ്ങൾ സന്ദർശിച്ച് 1682 ൽ കല്ലടയിലെത്തിയ കല്ലട വല്ല്യപ്പൂപ്പൻ അഥവാ കല്ലട ബാവ എന്നറിയപ്പെടുന്ന മാർ അന്ത്രയോസ് ബാവായുടെ കബറിടത്താൽ അനുഗ്രഹിക്കപ്പെട്ട ദൈവാലയമാണിത്.

പോർച്ചുഗീസുകാരുടെ ആഗമനത്തോടെ മലങ്കര സഭയ്ക്കു വിശ്വാസാചാരങ്ങളോട് സാമ്യമുള്ള വിദേശ സഭകളെ ആശ്രയിക്കേണ്ടതായി വരുകയും അതിന്റെ പരിണതഫലമായി എല്ലാ കഷ്ടപ്പാടും പ്രയാസവും സഹിച്ച് സിറിയയിൽ നിന്നും വന്ന പരിശുദ്ധ പിതാവ് സത്യവിശ്വാസസംരക്ഷകനായി മലങ്കരയിൽ പ്രവർത്തിച്ചു. രണ്ടാമത്തെ യെരുശലേം എന്ന് വിശേഷിപ്പിച്ചിട്ടുള്ള മുളന്തുരുത്തി പള്ളിയിൽ എത്തി ചേർന്ന പരിശുദ്ധ പിതാവ് ദീർഘനാൾ അവിടെ താമസിക്കുകയും പിന്നീട് യാത്രചെയ്ത് കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ സംഗമസ്ഥലവും വ്യാപാര കേന്ദ്രവുമായ വെട്ടിക്കൽ എത്തി അവിടെ കുരിശ്പള്ളിയോട് ചേർന്ന് ഒരു ഭവനം നിർമ്മിച്ച് താമസം ആരംഭിക്കുകയും ചെയ്തു. വെട്ടിക്കൽ നിന്നും യാത്രതിരിച്ച മാർ അന്ത്രയോസ് ബാവാ കുറുപ്പുംപടി, മണർകാട്, കുറവിലങ്ങാട്, പുത്തൻകാവ് തുടങ്ങിയ സ്ഥലങ്ങളിലും സന്ദർശിച്ച് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. 1682 ൽ പ. പിതാവ് യാത്രചെയ്ത് കല്ലടയിൽ എത്തി ചേർന്നു.

എ. ഡി. ഒൻപതാം നൂറ്റാണ്ടിൽ കല്ലടയിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ദൈവാലയം സ്ഥാപിതമായിരുന്നു. ജലമാർഗ്ഗം വന്നു ചേരുന്നതിനുള്ള സൗകര്യവും ദൈവാലയത്തിന്റെ പൗരാണികതയും മൂലം കല്ലട ദേശം തന്റെ പ്രവർത്തന കേന്ദ്രമാക്കി തീർത്തു. കല്ലട പള്ളിയിൽ താമസിച്ചുകൊണ്ട് സത്യവിശ്വാസം പഠിപ്പിക്കുവാനും മറ്റുള്ളവരെ ദൈവത്തിങ്കലേക്ക് ആകർഷിക്കുവാനും ആ പുണ്യപിതാവിന് കഴിഞ്ഞു. ഏ.ഡി. 1692 മാർച്ച് 2 ( 867 കുംഭം 19) ന് കാലം ചെയ്ത പിതാവിന്റെ ഭൗതിക ശരീരം കല്ലട പള്ളിയിലെ വിശുദ്ധ മദ്ബഹയിൽ കബറടക്കി.

മലങ്കരസഭയിലെ തെക്കൻ മേഖലയിലെ തീർത്ഥാടന കേന്ദ്രമായ ദൈവാലയം പരിശുദ്ധ അന്ത്രയോസ് ബാവായുടെ നാമത്തിലുള്ള ഏക തീർത്ഥാടന കേന്ദ്രമായി പരിലസിക്കുന്നു. കല്ലടയുടെ പടി ചവിട്ടുന്ന പതിനായിരങ്ങൾക്ക് ആത്മീയ ചൈതന്യം കൊണ്ടും അത്ഭുതസിദ്ധി കൊണ്ടും നിരാശ്രയർക്ക് ആശ്രയമായും നിരാലംബർക്ക് ആലംബമായും വിശുദ്ധിയുടെ പരിമളമായും പരിശുദ്ധ അന്ത്രയോസ് ബാവായുടെ കബറിടം പരിലസിക്കുന്നു. പരിശുദ്ധനായ മാർ അന്ത്രയോസ് ബാവായുടെ കബറിടം കൊണ്ട് അലംകൃതമായ ദൈവാലയവും പരിശുദ്ധ പിതാവ് ഉപയോഗിച്ച പള്ളിമേടയും, സൗഖ്യദാനകിണർ എന്നറിയപ്പെടുന്ന കിണറും, പള്ളിക്കുളവും, പള്ളിക്കടവും വിശ്വാസികളായ നാനാ ജാതിമതസ്ഥരുടെ ഹൃദയങ്ങളിൽ ആത്മനിർവൃതി പകരുന്നു.

മാർ അന്ത്രയോസ് ബാവായുടെ 332-മത് ഓർമ്മപ്പെരുന്നാളും കൺവൻഷനും 2024 ഫെബ്രുവരി 25 മുതൽ മാർച്ച് 3 (1199 കുംഭം 12 മുതൽ 19 ) വരെയുള്ള തീയതികളിൽ ആചരിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. കൊല്ലം മെത്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടേയും, കോട്ടയം മെത്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് തിരുമേനിയുടേയും, ഡൽഹി മെത്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദെമത്രിയോസ് തിരുമേനിയുടേയും മുഖ്യ കാർമ്മികത്വത്തിൽ വന്ദ്യ കോർ-എപ്പിസ്ക്കോപ്പമാർ, റമ്പാന്മാർ, വൈദീകശ്രേഷ്ഠർ, അനുഗ്രഹീതരായ വാഗ്മികൾ എന്നീവർ പെരുന്നാൾ ശുശ്രൂഷകൾക്കും കൺവൻഷനും നേതൃത്വം നൽകുന്നു.



പരിശുദ്ധനായ മാർ അന്ത്രയോസ് ബാവായുടെ കബറിടം കൊണ്ടും അദൃശ്യമായ സാന്നിദ്ധ്യം കൊണ്ടും അനുഗ്രഹീതമായ കല്ലട എന്ന പുണ്യഭൂമിയിലെ ശ്രാദ്ധപെരുന്നാൾ ശുശ്രൂഷകളിലേക്ക് ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഫാ. ദാനിയേൽ ജോർജ്ജ് പട്ടാഴി
വികാരി-9562033747


"നീതിമാന്റെ ഓർമ്മ വാഴ്‌വിന്നായി തീരട്ടെ"
സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ചർച്ച്, അൽ ഐൻ
EMERALD JUBILEE
Emerald Jubilee
എമറാൾഡ് ജൂബിലി
അലൈൻ പ്രദേശത്തെ ഓർത്തഡോക്സ് വിശ്വാസി സമൂഹത്തിനായി
ആദ്യത്തെ വി. കുർബാന അർപ്പിച്ചതിന്റെ
55-ാം വാർഷികവും
ദേവാലയ കൂദാശയുടെ
10-ാം വാർഷികവും
ഇടവക കാവൽപിതാവ് മലങ്കര സഭാ ഭാസുരൻ പരിശുദ്ധ
വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ
ചരമ നവതിയും
മാർത്തോമ്മൻ പൈതൃക സംഗമവും
2024 മാർച്ച് 2,3 (ശനി,ഞായർ)
മുഖ്യകാർമ്മികത്വം
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ
സഹകാർമ്മികത്വം
ഡെൽഹി ഭദ്രാസന മെത്രാപ്പോലീത്ത അഭി.ഡോ. യൂഹാനോൻ മാർ ദെമിത്രിയോസ് തിരുമേനി
മുഖ്യപ്രഭാഷണം വെരി.റവ. അഡ്വ. എം. തോമസ് പോൾ റമ്പാൻ
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു.എ.ഇ സോൺ നേതൃത്വം നൽകുന്ന അലൈൻ തീർത്ഥാടന സംഗമം



# വിശുദ്ധ മാമ്മോദീസാ

ഫാ. സജി യോഹന്നാൻ

പരിശുദ്ധ സഭയുടെ വിശുദ്ധ കൂദാശകളിൽ പ്രാഥമികവും അടിസ്ഥാന പരവുമായ കൂദാശാ എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന വിശുദ്ധ മാമ്മോദീസാ, ഒരു വിശ്വാസിയുടെ സഭാ പ്രവേശത്തിന്റെ ആദ്യ പടവാണ്. അതിലൂടെ പരിശുദ്ധ സഭയുടെ അംഗത്വവും, എല്ലാ കൂദാശാകളും സ്വീകരിക്കാനുള്ള യോഗ്യതയും വിശ്വാസി നേടിയെടുക്കുന്നു. വിശുദ്ധ മാമോദീസ മൂലം പുരോഹിതനും, രാജാവും, പ്രവാചകനുമായി അവരോധിക്കപ്പെടുന്ന ഓരോ വിശ്വാസിയും തങ്ങളുടെ നിത്യ പുരോഹിതനും, രാജാവും, കർത്താവുമായ ക്രിസ്തുവിനെ പരിചയപ്പെടുന്ന അനർഘ നിമിഷങ്ങളാണ് വിശുദ്ധ കൂദാശയുടെ ആദിയോടന്തമുള്ള ശുശ്രുഷകൾ. വിശുദ്ധ മാമ്മോദീസ്സായിലൂടെ ആരംഭിക്കുന്ന ക്രിസ്തു പരിചയം നിതൃപരിചയത്തിന്റെ വേദിയാകുന്നു. പേരുചൊല്ലിവിളിക്കുന്നു, ജീവപുസ്തകത്തിൽ പേര് ചേർക്കപ്പെടുന്നു, സാത്താനെ ഉപേക്ഷിച്ചു മിശിഹായെ ഏറ്റു പറഞ്ഞു സ്വീകരിക്കുന്നു, ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ ശുദ്ധീകരിക്കപ്പെട്ട വെള്ളത്തിൽ മുങ്ങി എഴുന്നേൽക്കുന്നു, വിശുദ്ധ മൂറോനാൽ നിത്യ ജീവന്റെ അടയാളവും മുദ്രയും പ്രാപിക്കുന്നു, നിത്യ ജീവന്റെ വാടാത്ത കിരീടത്തിന്റെ പ്രതീകമായി കിരീടം ചൂടിക്കുന്നു... അങ്ങനെ മാമോദിസ കൂദാശ പൂർത്തിയാകുമ്പോൾ വെറും മൺകട്ടയായ മനുഷ്യൻ പടിപടിയായി ഉയർന്നു 'തങ്കകുഞ്ഞാടായി'; ക്രിസ്തുവിന്റെ മകൻ/മകൾ എന്ന ശ്രേഷ്ഠ പദവിലേക്കായി ത്തീരുന്നു.

ക്രിസ്തു പരിചയത്തിന്റെ ഏതൊക്കെ തലങ്ങളാണു വിശുദ്ധ മാമ്മോദീസായിൽ വിശ്വാസി നേരിട്ടനുഭവിക്കുന്നതു എന്ന് വിലയിരുത്താം.

### 1. ക്രിസ്തുവിന്റെ അടയാളം (രൂപം) പരിചയപ്പെടുന്നു.

ക്രിസ്തുവിന്റെ ഈ ലോകത്തിലെ പ്രകടമായ അടയാളം വിശുദ്ധ സ്ലീബായാണ്. "ക്രിസ്തുവിന്റെ ചൂടടയാളം" എന്ന് പൗലോസ് ശ്ലീഹ വിശേഷിപ്പിച്ച വിശുദ്ധ സ്ലീബായോട് നമ്മെ ചേർത്ത് വയ്ക്കലാണ് ക്രിസ്തു പരിചയത്തിന്റെ ആദ്യ പടി. ഓരോ വിശ്വാസിയും വിശുദ്ധ സ്ലീബാ കാണുമ്പോൾ ക്രിസ്തുവിനെയാണ് സ്മരിക്കുന്നത്. തന്റെ സ്വരൂപത്തിലും സാദൃ ശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, സൃഷ്ടാവിന്റെ അടയാളം ആദ്യമായി അടുത്തറിയുന്നത് വിശുദ്ധ മാമോദീസ കൂദാശയിലാണ്.. ഒരു വിശ്വാസിയുടെ നെറ്റിയിൽ ഇത്രയധികം സ്ലീബായുടെ അടയാളം വരയ് ക്കുന്ന മറ്റൊരു കൂദാശയും ഇല്ല. തൈലം കൂടാതെ, സന്തോഷ തൈലത്തോട് കൂടെ, മൂറോനാകുന്ന പരി മള തൈലത്തോടു കൂടെ, ഇത് കൂടാതെ സാത്താനെ ബഹിഷ്കരിക്കുന്ന പ്രാർത്ഥന പട്ടക്കാരൻ ചൊല്ലുമ്പോഴും സ്ലീബാ അടയാളം സ്ഥാനാർത്ഥിമേൽ വരയ്ക്കപ്പെടുന്നു.. അതുവരെ പരിചിതമല്ലാത്ത ക്രിസ്തു അടയാളം അനേക തവണ തിരുനെറ്റിയിൽ വരയ്ക്കപ്പെടുന്നു. വിശുദ്ധ സ്ലീബാ അടയാളം ചിരപരിചിതമായ ഒരു മുദ്രപോലെ വിശ്വാസിയുടെ മനസ്സിലും ആത്മാവിലും പതിയുന്നു. അങ്ങനെ ശുഭ ചിഹ്നമായ, വിജയക്കൊടിയായ, രക്ഷാകവചമായ സ്ലീബായിൽ വിശ്വാസി അഭിമാന പൂരിതനാകുന്നു.

### 2. ക്രിസ്തുവിന്റെ വാസന (പരിമളം ) പരിചയപ്പെടുന്നു.

വിശുദ്ധ മാമോദീസ കൂദാശയുടെ ഭാഗമായി ത്തന്നെ നടത്തപ്പെടുന്ന മറ്റൊരു കൂദാശയാണ് വിശുദ്ധ മൂറോനഭിഷേകം. സഭയുടെ ശുശ്രൂഷ / കൂദാശ പാരമ്പര്യത്തിൽ ദേവാലയ കൂദാശയിലും വിശുദ്ധ മാമോദീസയിലെ അഭിഷേകത്തിനും മാത്രമാണ് പരിശുദ്ധ മൂറോൻ ഉപയോഗിക്കുന്നത്. അത് പരിശുദ്ധാത്മ അഭിഷേകത്തിന്റെ അടയാളവുമാണ്. പരിശുദ്ധാത്മാവിന്റെ പ്രതീകമായ വിശുദ്ധ മൂറോൻ (ഒരു വിശ്വാസി മുമ്പൊരിക്കലും ശ്വസിച്ചിട്ടില്ലാത്ത അത്ര ഗാഢവും ഹൃദ്യവുമായ പരിമളം) ജീവിതത്തിൽ ഒരിക്കൽ മാത്രം ശരീരം മുഴുവനും പൂശുവാൻ അവസരം ലഭിക്കുന്നത് അനശ്വര ജീവന്റെവാഗ്ദത്തമായിട്ടാണ്. മാമോദീസ കൂദാശയിൽ വിശുദ്ധ



# ക്രിസ്തു പരിചയത്തിന്റെ കൂദാശ

മൂറോൻ പൂശുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ പുരോഹിതൻ പ്രാർത്ഥിക്കുന്നത് മിശിഹായുടെ പരിമളവാസനയും നിത്യജീവന്റെ അടയാളവും മുദ്രയുമായ വിശുദ്ധ മൂറോൻ" എന്നാണ്. ആകയാൽ ക്രിസ്തുവിന്റെ പരിമളം, മൂറോൻ പരിമളം ആണ്. വിശ്വാസി അത് ശരീരം മുഴുവൻ (വസ്ത്രം ധരിക്കുംപോലെ) അണിഞ്ഞു ആനന്ദ പുളകിതരാകുന്നു. ക്രിസ്തുവിന്റെ വിലാപ്പുറത്തെ മുറിവിനുപോലും മൂറോൻ ഗന്ധമാണെന്നു (നിൻ മുറിവുകളീന്നേറ്റേൻ മൂറോൻ മണമേൻ നാഥാ...). കൃംതാ സന്ധ്യ നമസ്കാരത്തിൽ നാം പാടുന്നുണ്ട്; അതുകൊണ്ടു മാമോദീസ കൂദാശ ക്രിസ്തുവിന്റെ വാസന ഉൾകൊള്ളാൻ നമ്മെ പ്രാപ്തരാക്കുന്ന കൂദാശയാണ്.

**3. ക്രിസ്തുവാകുന്ന രുചി പരിചയപ്പെടുന്നു.**

മാമോദീസ കൂദാശയുടെ പൂർത്തീകരണം സാധ്യമാകുന്നത് സ്ഥാനാർത്ഥി കർത്താവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിക്കുന്നതിലൂടെയാണ്. ദൈവം നല്ലവനെന്നു രുചിച്ചറിവിൻ ( സങ്കീ : 34 :8) എന്ന വേദഭാഗം ഇവിടെ പ്രസക്തമാണ്. ആ സംബന്ധം കേവലാനുഭവമല്ല, മറിച്ചു സ്വന്തം നാവിൽ രുചിച്ചു കൊണ്ടാണ് വിശ്വാസി ആ അനുഭവ തലത്തിൽ എത്തുന്നത്. ഒരു പൈതലിനു അതിന്റെ നാവിനു അതുവരെ പരിചി തമല്ലാത്ത രുചി, ജീവിതാന്ത്യം വരെ ഇഹത്തിലും, അതിനു ശേഷം പരത്തിലും നമ്മെ ക്രിസ്തുവോടു ചേർത്ത് നിർത്തുന്ന നിത്യ ഭക്ഷണത്തിന്റെ രുചിയായി പരിണമിക്കുന്നു. തിരുശരീരത്തിന്റെ രുചി ക്രിസ്തുവോടു നമുക്കുള്ള അഭിരുചി വർധിപ്പിക്കാൻ കാരണമാകും. ഈ രുചി തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രം ലഭിക്കുന്ന സൗഭാഗ്യമാണ്. പറുദീസയിൽ ആദാമിനു പോലും വിലക്കപ്പെട്ട രുചി ഇതാ നിനക്കായി ഇന്ന് നൽകപ്പെടുന്നു (പറുദീസയിൽ ആദം രുചിനോക്കാത്ത ഫലം സാമോദം വെയ്കുന്നിന്നാൾ നിൻ വായിൽ....) എന്ന് പറഞ്ഞാണ് പൈതലിനു ആദ്യമായി തിരു ശരീര രക്തങ്ങൾ നൽകുന്നത്. 'എന്നാൽ ഓരോതവണയും ഈ രുചിയുടെ പങ്കാളി ആകണമെങ്കിൽ ഒരുക്കം അഥവാ ഏറ്റുപറച്ചിലും മനസാന്തരവും പാപമോചനവും അനിവാര്യമാണ്. ലോക രുചികൾ ഈ രുചിയെ മുക്കിക്കളയാൻ ഇടയായാൽ അന്ത്യദിനത്തിൽ കുറ്റക്കാരനായി ഭവിക്കും എന്നതും നിസ്തർക്കമാണ്..

മാമോദീസായിലൂടെയുള്ള ക്രിസ്തു പരിചയം പുതുസൃഷ്ടിയിലേക്ക് നമ്മെ നയിക്കുമ്പോൾ, തുടർന്നും ഈ പരിചയം നിരന്തരം പുതുക്കാൻ പ്രാപ്തരാക്കുന്ന കണ്ണികളാണ് തലതൊടുന്ന ആളുകൾ അഥവാ ഗോഡ് ഫാദർ/ഗോഡ് മദർ. എന്നാൽ സങ്കടകരമായ കാര്യം, ഈ വലിയ ദൗത്യം ഏറ്റെ ടുത്ത ഇവർ മാമോദീസ മുങ്ങിയ പൈതൽ വിശുദ്ധ കൂദാശയിലൂടെ പരിചയപ്പെട്ട ക്രിസ്തുവിനെ തുടർന്നും പരിചയപ്പെട്ടുകൊണ്ടിരിക്കാൻ സഹായകമാകുന്ന ഒന്നും ചെയ്യുന്നില്ല ; ഒരുപക്ഷെ മാമ്മോദിസായ്ക്കു ശേഷം പിന്നീടൊരിക്കലെങ്കിലും ആ ശിശുവിനെ തലതൊട്ട ആൾ കാണുന്നുണ്ടോ എന്ന് തന്നെ സംശയം. തലതൊട്ട ആൾ ചെയ്യുന്ന ഏറ്റം വലിയ പാതകമാണിതെന്നു പറയാതെ വയ്യ. തലതൊടുന്ന ആളിന് ആ പദവിയുടെ മഹത്വം മനസിലാക്കി കൊടുക്കാൻ പുരോഹിതർ കൂദാശക്ക് മുൻപേ ശ്രദ്ധിച്ചില്ലെങ്കിൽ കർത്തവ്യ നിർവഹണത്തിൽ അലംഭാവം കാട്ടിയ പാപത്തിനു തലതൊടുന്ന ആൾ പാപക്ഷമ യാചിക്കേണ്ടി വരും.

നമ്മുടെ ക്രിസ്തു പരിചയങ്ങൾ ഒരു ശീലമായി പരിണമിക്കാൻ, ശീലങ്ങൾ സ്വഭാവമായി രൂപപ്പെടാൻ, സ്വഭാവം ജീവിത ലക്ഷ്യങ്ങളായി നിലനിർത്താൻ കഴി യുമ്പോൾ വിശുദ്ധ മാമ്മോദീസയിൽ തുടങ്ങിയ നമ്മുടെ കേവല ക്രിസ്തു പരിചയങ്ങൾ നിത്യ ബന്ധങ്ങളായി തീരും. വിശുദ്ധ മാമോദീസ്സായിൽ കൂടി ഞാൻ ക്രിസ്തു വിൽ വീണ്ടും ജനിച്ചവൻ/ജനിച്ചവൾ ആണെന്നുള്ള ബോധ്യം നിരന്തരം നമ്മെ ക്രിസ്തു ബന്ധത്തിലും, ക്രിസ്തു ശരീര-രക്ത ബന്ധത്തിലും ചേർത്ത് നിർ ത്തുമ്പോൾ ഈ വിശ്വാസത്തിനു പുറത്തു ഒരു പ്രലോഭനങ്ങളും നമ്മെ ലവലേശം ബാധിക്കുകയില്ല. അവിടെ യജമാനനായ ക്രിസ്തു നമ്മെ ക്ഷണിക്കും,,'നല്ലവനും വിശ്വസ്തനുമായ ദാസാ..... നീ നിന്റെ യജമാനന്റെ സന്തോഷ ത്തിലേക്കു പ്രവേശിക്ക്'.

ഗ്രന്ഥപരിചയം :

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

# ‘കൃപ നിറഞ്ഞ മിറയം’




പരിശുദ്ധ കന്യകാമറിയം ഒരത്ഭുതമാണ്. മനുഷ്യരിൽ ഉൾപ്പെട്ടയാളാണെങ്കിലും സ്വർഗത്തോളം ഉയർന്നുപൊങ്ങിക്കാണപ്പെടുന്നു! ഒരു സാധാരണ പൈതലായി ജനിച്ച്, ദേവാലയാന്തരീക്ഷത്തിൽ വളർത്തപ്പെട്ട്, ഒരു അനർഘനിമിഷത്തിൽ ദൈവപുത്രനു മാതാവായി വിളിക്കപ്പെട്ട അമ്മ. ദൈവഹിതത്തിനു സമ്പൂർണമായി കീഴടങ്ങി, വിളിക്കപ്പെട്ട അതുല്യമായ വിളിക്ക് സന്തോഷമായി സമ്മതം നൽകിയ ഒരു പെൺകുട്ടി. ഇങ്ങനെയൊരാളിനെ നൂറ്റാണ്ടുകളായി അന്വേഷിച്ചുകൊണ്ടിരുന്ന ദൈവം, കാലസമ്പൂർണതയിൽ, കന്യകാ മറിയമിനെ കണ്ടെത്തി എന്നു തോന്നും. അവൾ, അന്നു ലഭ്യമായിരുന്ന വേദഗ്രന്ഥത്തിൽ പാരംഗതയായിരുന്നു. പാരൊക്കെയുമുള്ള സ്ത്രീകളുടെ “നിന്ദ’യെ തുടച്ചുനീക്കിയവൾ. ഇവിടെ, 'നിന്ദ' എന്ന പദം നൽകുന്ന സൂചന, ദൈവകല്പനയെ ലാഘവബുദ്ധിയോടെ ലംഘിച്ച ആദ്യ മാതാവായ സ്ത്രീയുടെ സ്വഭാവം മുതൽ, നിയന്ത്ര ണവും സംയമനവുമില്ലാതെ വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യതാളുക ളിൽ, “സ്ത്രീയുടെ സന്തതി‘ എന്ന് എടുത്തുപറയുന്നതിലെ, “സ്ത്രീ”യും ‘സന്തതി’യും ആരൊക്കെയാണെന്ന് പലരും അത്ഭു തപ്പെട്ടിട്ടുണ്ട്. അവിടെ ‘സ്ത്രീ’ എന്ന പദം, കേവലം വ്യാവഹാരിക മല്ല; യോഗാത്മകമാണ് (മിസ്റ്റിക്കൽ). യേശുമിശിഹാതന്നെ, സ്വമാ താവിനെ “സ്ത്രീയേ‘ എന്നു വിളിക്കുന്നത്, കാലാതീതവും കാമ്പു ള്ളതുമായ ഒരു സംജ്ഞയായിക്കാണാം. സ്ത്രീസ്വഭാവത്തിന് നഷ്ടമായിപ്പോയ, സമസ്ത നന്മയും തിരിച്ചുവരുന്നു എന്ന ധ്വനിയും അതിലുണ്ട്.

പ്രിയപ്പെട്ട അഡ്വ. വർഗീസ് പി. തോമസ് (പൊന്നച്ചൻ വക്കീൽ) രചിച്ച ഈ ഗ്രന്ഥം, സാമാന്യജനത്തിന് ഉപകാരപ്രദമാണ്. വി. കന്യകാമറിയമിനെപ്പറ്റി, വിവിധ ക്രിസ്തീയ സഭാ വീക്ഷണങ്ങൾ, പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ, ദൈവമാതാവിന് കല്പ്പിച്ചിരിക്കുന്ന മഹനീയത, അതിന്റെ ആധികാരികത എന്നിവയെല്ലാം വളരെ ലളിതനായി പ്രതിപാദിച്ചിരിക്കുന്നു. റോമൻ കത്തോലിക്കാ സഭ, പ്രോട്ടസ്റ്റന്റ് സഭകൾ എന്നിവയുടെ പഠിപ്പിക്കലുകളെപ്പറ്റി നിർമ്മമതയോടെ അവതരിപ്പിച്ച ശേഷം സംശുദ്ധമായ ഓർത്തഡോക്സ് പരിചിന്തനത്തിൽ ഈ പരാമർശിത സഭകളുടെ ദർശനവൈകല്യങ്ങളെ നിഷ്പക്ഷമായി, രേഖകളുടെ പിൻബലത്തോടെ അവതരിപ്പിക്കുന്നതിൽ പൊന്നച്ചൻ വക്കീൽ കാര്യമായി വിജയിച്ചിട്ടുണ്ട്. ദീർഘമായ വാദഗതികൾക്കു തുനിയാതെ, കാതലായ ഓർത്തഡോക്സ് വിശ്വാസ ത്തിന്റെ പൊരുൾ സാമാന്യ ജനത്തിനു ഗ്രഹിക്കാവുന്ന തലത്തിൽ വിവരിച്ചിരിക്കുന്നു. ഒരു “വേദശാസ്ത്ര ഗ്രന്ഥകാരന്റെ ഔന്നത്യത്തോടെയല്ല; ഒരു പഠിതാവിന്റെയോ, അനുവാചകന്റെയോ റോളിലും ഗ്രന്ഥകർത്താവ് നിലകൊള്ളുന്നുണ്ട്. അത് അപൂർവമായ ഒരു പ്രതി ഭാസമാണ്. ഇവിടെ ഗ്രന്ഥകർത്താവും വായനക്കാരനും മിക്കവാറും ഒന്നായിത്തീരുന്നതും കാണാം!

ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തെ അതിദീർഘമല്ലാത്ത അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ അധ്യായവും, കന്യകമറിയാമിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ചിന്താധാരകളെയും, വേദ ശാസ്ത്ര വീക്ഷണങ്ങളെയും ലളിതസുന്ദരമായി അവതരിപ്പിച്ചിരിക്കുന്നത്, സാധാരണ വായനക്കാർക്ക് ഏറ്റം പ്രയോജനകരമാണ്. വീക്ഷണ വ്യതിയാനങ്ങളെ പഴിക്കാനോ, നിർദയമായി നിരാകരി ക്കാനോ ഒരുമ്പെടാത്ത സഹൃദയനും, വിശാല വീക്ഷണമുള്ളയാ ളുമാണ് ഈ ‘വക്കീൽ’ ഗ്രന്ഥകാരൻ. സാധാരണ സമസ്യകൾക്ക് ഉത്തരം നൽകുന്നവയാണ് ഈ പുസ്തകം എന്ന് അതത് ശീർഷകങ്ങൾ സൂചിപ്പിക്കുന്നു.

റോമൻ കത്തോലിക്കാസഭ ‘മരിയൻ ഭക്തി’ വളർത്തി, ഒരു തരം ധ്രുവീകരണം നടത്തുമ്പോൾ, പ്രോട്ടസ്റ്റന്റ് വിശ്വാസങ്ങൾ കന്യകമ റിയാമിനെ മിക്കവാറും അവഗണിക്കുന്നു. വികലമായ പ്രസ്തുത കാഴ്ചപ്പാടുകളുടെയും പോരായ്മയും, അത്യുക്തിയും ഗ്രന്ഥ കർത്താവ് ചൂണ്ടിക്കാണിക്കുന്നു. ഈ പശ്ചാത്തലത്തിലാണ്, കന്യകമറി യാമിനെ സംബന്ധിച്ച ഓർത്തഡോക്സ് വീക്ഷണങ്ങളുടെ ആധികാരികത ഗ്രന്ഥകർത്താവ് സ്ഥാപിക്കുന്നത്. o

## പുസ്തകശാല




**ഒരു മലയാളിയാൽ മലയാള ലിപിയിൽ എഴുതപ്പെട്ട ആദ്യ മതബോധന ചോദ്യോത്തര ഗ്രന്ഥം**

**– കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ**


...ഇംഗ്ലീഷുകാരുടെ വാദത്തിനെതിരായി ത്രിത്വത്തെക്കുറിച്ചും സ്ലീബായെക്കുറിച്ചും കുർബാന രണ്ടായി കൊടുക്കുന്നതിനെക്കുറിച്ചും പത്തീറായെക്കുറിച്ചും ബർക്കാനായെക്കുറിച്ചും യിഹൂദന്മാരെക്കുറിച്ചും മശിഹായുടെ സ്വഭാവത്തെക്കുറിച്ചും നെസ്തോറിനെക്കുറിച്ചും ശ്ലീഹന്മാരെക്കുറിച്ചും എടത്തുട്ടുകാരെക്കുറിച്ചും പുത്തൻകൂറ്റുകാരെന്നും പഴയകൂറ്റുകാരെന്നും പറയുന്നതിനെക്കറിച്ചും ഇസ്രായേലിനെക്കുറിച്ചും അർമാനായക്കാരെക്കുറിച്ചും കന്യാസ്ത്രീ അമ്മയോടും പരിശുദ്ധന്മാരോടും പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും... (കോനാട്ട് ഗ്രന്ഥസൂചിയിലെ പരാമർശനം)

പൈതൃകം മലങ്കര സഭ സാഹിതി സരണി
MOC Books Kottayam
വില : 220



ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ യുവജന ബോധ വൽക്കരണ വിഭാഗമായ ഇലക്ടറൽ ലിറ്ററസി ക്ലബ്ബിന്റെ കേരള ത്തിലെ ഏറ്റവും മികച്ച ജില്ലാ കോ-ഓർഡിനേറ്റർക്കുള്ള അവാ ർഡ് കോട്ടയം ജില്ലാ കോ-ഓർഡിനേറ്ററും പാമ്പാടി കെ ജി കോളേജ് കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ വിപിൻ കെ. വറുഗീസ്, കേരള ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ സഞ്ജയ് കൗൾ ഐ എ എസിൽ നിന്ന് ഏറ്റുവാങ്ങുന്നു.

പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ തിരഞ്ഞെടുത്ത 2021 ലെ പരുമല അസോസിയേഷൻ, 7 മേൽപ്പട്ടക്കാരെ തിരഞ്ഞെടുത്ത 2022 ലെ കോലഞ്ചേരി അസോ സിയേഷൻ ഇവയുടെ അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസറായി രുന്നു. കോട്ടയം ഭദ്രാസനത്തിലെ സൗത്ത് പാമ്പാടി സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗമാണ്.



Univeristy of Idaho-USA യിൽ നിന്നും Computer Science ൽ ഡോക്ട്രേറ്റ് നേടിയ നീറ്റ അന്ന ഈപ്പൻ. തോട്ടയ്ക്കാട് സെന്റ് മേരീസ് ബേദ് ലഹേം ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ പുള്ളോലിക്കൽ ഡോ. പി.ഇ. ഈപ്പന്റെയും ബിനു സൂസൻ ജോർജിന്റെയും മകൾ. ഭർത്താവ് ചെങ്ങന്നൂർ കല്ലാശ്ശേരിൽ ഡോ. നവീൻ ജോസഫ് (Redford University USA).



ഫിസിക്സിൽ അമേരിക്ക, മെക്സിക്കോ UANL യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ട്രേറ്റ് നേടിയ പൗലോസുകുട്ടി എബ്രഹാം, മഴുവന്നൂർ, കടയ്ക്കനാട് വണ്ടാനത്തിൽ എബ്രഹാം ജോർജ് (റിട്ട. അധ്യാപകൻ), അനിത പോൾ (റിട്ട. അധ്യാപിക) ഇവരുടെ മകനാണ്. കണ്ടനാട് (W) ഭദ്രാസനം കടമറ്റം സെ. ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.


**മലങ്കരസഭ**

**(A/c No. Malankara Sabha, SBI, Devalokam Branch, 57017053203 IFSC Code: SBI N 0070820)**

SCAN & PAY

*കൂടുതൽ വിവരങ്ങൾക്ക്:*
**0481 2573234, 9947804477**


# ക്രിസ്തീയ സഭകളുടെ പ്രാർത്ഥനാവാരം ന്യൂഡൽഹിയിൽ



ലോകസഭ കൗൺസിൽ (WCC) ദേശീയ സഭാ കൗൺസിൽ (NCC) എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന UNITY OCTAVE 2024 ഡൽഹി ഭദ്രാസന അരമനയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഡോ. യൂഹാനോൻ മാർ ദിമിത്രയോസ് മെത്രാപ്പോലീത്ത അധ്യക്ഷനായിരുന്നു. CBCI പ്രസിഡൻറ് Bishop Dr. Anil Conto ഉദ്ഘാടനം നിർവഹിച്ചു ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസന സെക്രട്ടറി ഫാദർ സജി എബ്രഹാം സ്വാഗതവും എക്യുമെനിക്കൽ ഡയറക്ടർ ഫാദർ അഭിലാഷ് ടി ഐസക് നന്ദിയും രേഖപ്പെടുത്തി. ഡൽഹി ഭദ്രാസനം മിഷൻ സംഘം വൈദികർ ഗാനശുശ്രൂഷ നിർവഹിച്ചു.



**ആലുവ:** ക്രിസ്തുവിന്റെ സാക്ഷികൾ ആകാൻ വിളി ക്കപ്പെട്ട സഭാ ശുശ്രൂഷകർ ദൈവത്തിന്റെ ആത്മാവിൽ വളർന്ന് ജീവിതപ്രമാണങ്ങളിൽ ആധികാരി കത ഉള്ളവരാകണം എന്ന് അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് പ്രസ്താവിച്ചു. മലങ്കര സഭ വൈദിക സംഘം വടക്കൻ മേഖല സമ്മേളനം ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദിക സംഘം പ്രസിഡന്റ് അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ അങ്കമാലി ഭദ്രാസനാധിപൻ അഭി.യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. എബ്രഹാം കാരമേൽ, സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യു, ഫാ. ഡോ. വർഗീസ് പി. വർഗീസ്, ഫാ. എഡ്വേർഡ് ജോർജ്, വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി ജോർജ്, ഫാ. ഡോ. മാത്യു വർഗീസ്, വൈദിക സംഘം നോർത്ത് സോൺ സെക്രട്ടറി ഫാ. ഷിബു കുര്യൻ, അങ്കമാലി ഭദ്രാസന സെക്രട്ടറി ഫാ. എൽദോ ഏലിയാസ് എന്നിവർ സംസാരിച്ചു,

# യുവജന പ്രസ്ഥാനം കേന്ദ്ര കലാമേള 'ജ്വാല 2024' സമാപിച്ചു



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കലാ മേള 'ജ്വാല 2024' സമാപിച്ചു. കുന്നംകുളം ഭദ്രാസനം ഓവറോൾ ചാംപ്യൻഷിപ് നേടി. മാവേലിക്കര, ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി.

മാനുഷിക മൂല്യങ്ങളും ബന്ധങ്ങളും നഷ്ടപ്പെടുന്ന കാലത്ത് മാനവികതയും സാഹോദര്യവും ഊട്ടിയുറപ്പിക്കുന്നതിൽ കലയുടെ പങ്ക് നിസ്തുലമാണെന്നും ഇത് മനുഷ്യ ബന്ധങ്ങളെ ഊഷ്മളമാക്കുമെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ.. ഓർത്തഡോക്സസ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്രകലാമേളയുടെ ഉദ്ഘാടനം എംജിഎം ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഷിജി കോശി, ഫാ. വിജു ഏലിയാസ്, പേൾ കണ്ണേത്ത്, ജോജി പി.തോമസ്, ഫാ. ജെയിൻ സി.മാത്യു, ഭദ്രാസന സെക്രട്ടറി ഡോ. കുര്യാക്കോസ് വി. കൊച്ചേരി, ദീപു അച്ചൻകുഞ്ഞ്, ഫാ. മോൻസി കടവിൽ, ഫാ. തോമസ് ജോസഫ്, അബി ഏബ്രഹാം കോശി, റോബിൻ ജോ വർഗീസ്, ജിജോ ഐസക്, സജു പി. തോമസ്, ഡോണിയാ നൈനാൻ, റോണി ജേക്കബ്, അനൂപ് തോമസ് എന്നിവർ പ്രസംഗിച്ചു.

## അഭിനന്ദനങ്ങൾ



കേരള മുഖ്യമന്ത്രി യുടെ വിദ്യാർത്ഥി പ്രതിഭാപുരസ്കാരത്തിന് കുമാരി. അക്സാ മാത്യു അർഹയായി.തിരുവല്ല കട്ടപ്പുറം സെന്റ് ജോർജ് ഇടവകാംഗവും ഇരട്ടപ്ലാമൂട്ടിൽ ഇ.സി മാത്യുവിന്റെയും ഷീലാ മാത്യുവിന്റെയും മകളുമാണ് എറണാകുളം സെന്റ് തെരാസീസ് കോളേജിലെ ബികോം വിദ്യാർത്ഥിനിയാണ്.

ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ജനുവരി 25 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്ന് ഏറ്റുവാങ്ങി.



രണ്ട് കംപ്യൂട്ടർ സിസ്റ്റംസ് തമ്മിൽ വസ്തുതകൾ കൈമാറുമ്പോൾ ഉറവിട സിസ്റ്റം ലക്ഷ്യ സിസ്റ്റത്തിലുള്ള രേഖകളിൽ നിന്നും കവചിതം സൃഷ്ടിച്ച് ലക്ഷ്യപ്രാപ്തിയിലെത്തുന്ന കണ്ടുപിടുത്തത്തിന് പ്രകാശ് ജോൺ തോമസിന് പേറ്റന്റ് ലഭിച്ചു. ഹൊക്കലഹോമ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തരബിരുദം കരസ്ഥമാക്കിയുള്ള പ്രകാശ് കവിയൂർ പകലോമറ്റം പാറക്കടവിൽ എം.ജെ. തോമസിന്റെയും നിര്യാതയായ ജോയിക്കുട്ടിയുടെയും മകൻ. ഡാളസിൽ കരോട്ടൻ സെ. മേരീസ് ഇടവകാംഗമാണ്.



OSSAE ഓഫീസ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഫാ. ബ്രിജിത്ത് കെ. ബേബി. താഴത്തങ്ങാടി മാർ ബസേലിയോസ് ഗ്രിഗോറിയോസ് ഇടവകാംഗവും, കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരിയുമാണ്. ഭാര്യ: ഷാബി യോഹന്നാൻ. മകൾ: മീഖാ ഗ്രേസ് ബ്രിജിത്ത്.



അഖില മലങ്കരാടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം നേടി സണ്ടേസ്കൂൾ പ്രവീൺ ആയി തെരഞ്ഞെടുക്കപ്പെട്ട ലിനി സി.ഡി. എം.ജി.എം. എസ്. എസ്. റോഡ് കുന്നംകുളം.

## ആർദ്ര ചാരിറ്റബിൾ സൊസൈറ്റി

ആർദ്ര ചാരിറ്റബിൾ സൊസൈറ്റി സ്വന്തമായി സ്ഥലമുള്ള ആറ് പേർക്ക് ഭവനം നിർമ്മിച്ചു നൽകുന്നു. അപേക്ഷകർ ഇടവക വികാരിയുടെ ശുപാർശയോടെ 2024 ഫെബ്രുവരി 25-നു മുമ്പായി പ. കാതോലിക്കാ ബാവാ തിരുമേനിയുടെ പേർക്ക് അപേക്ഷകൾ തയ്യാറാക്കി സെക്രട്ടറി, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി, ദേവലോകം, കോട്ടയം എന്ന മേൽവിലാസത്തിൽ അയയ്ക്കുക. ഓർത്തഡോക്സ് സഭാ അംഗങ്ങളായ വിധവകൾക്കും ജോലി ചെയ്യുവാൻ നിർവ്വാഹമില്ലാത്തവർക്കും മുൻഗണന. ശുപാർശ ചെയ്യുന്ന ഇടവക വികാരിയും ആ പള്ളിയിലെ കമ്മറ്റിയംഗങ്ങളും ഭവനനിർമ്മാണത്തിൽ മേൽനോട്ടം വഹിക്കണം. അമേരിക്കയിലെ സാൻഫ്രാൻസിസ്കോ സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ ശ്രീ. മാത്യു ജോയി അന്നമ്മ ജോയി ദമ്പതികളാണ് ഈ ഭവനനിർമ്മാണത്തിനുള്ള തുക നൽകുന്നത്.

# സുവിശേഷത്തിലൂടെ പൂർണ്ണതയിലേക്ക് വളരണം
## പ. കാതോലിക്കാ ബാവാ



പ്രശ്നങ്ങളും വിഷമങ്ങളും ദൈവത്തിങ്കലേക്കടുക്കുവാനുള്ള വരദാനങ്ങളാണ്. സുവിശേഷത്തിന്റെ യോഗ്യമായ പൂർണ്ണതയിൽ നടക്കുവാൻ സുവിശേഷദൗത്യങ്ങളിൽ വിശ്വസിച്ച്, എന്റെ പൗരത്വം സ്വർഗ്ഗത്തിലാണെന്ന ബോധ്യത്തോടെ ജീവിക്കുവാൻ നമുക്കേവർക്കും സമർപ്പണം ചെയ്യാമെന്ന് പ. കാതോലിക്കാ ബാവ ഉദ്ബോധിപ്പിച്ചു. മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിൽ നടുനോമ്പ് ദിവസം നൽകിയ സന്ദേശത്തിലാണ് പ. ബാവാ ഇവ ഉദ്ബോധിപ്പിച്ചത്.

ഡോ. ഏബ്രഹാം മാർ സേറാഫിം അധ്യക്ഷനായിരുന്നു. ഫാ. ഗബ്രിയേൽ ജോസഫ്, വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അസോ. സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കുറിയാക്കോസ് മാർ ക്ലീമീസ് വലിയ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ തേവോദോസ്യോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. ജോഷ്വ മാർ നിക്കോദിമോസ്, ഫാ. ജോസഫ് സാമുവേൽ കറുകയിൽ കോർ എപ്പിസ്ക്കോപ്പാ, ഫാ. ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്ക്കോപ്പാ, അൽമായ ട്രസ്റ്റി റോണി വർഗീസ് എന്നിവർ പ്രസംഗിച്ചു.


വേദശാസ്ത്ര വിദ്യാർത്ഥികൾക്ക്

**പ്രബന്ധ മത്സരം**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ
വേദശാസ്ത്ര വിദ്യാർത്ഥികൾക്കായി പ്രബന്ധ മത്സരം നടത്തുന്നു.

കോട്ടയം, നാഗ്പൂർ സെമിനാരികളിലെയും ഇന്ത്യയിലും വിദേശത്തുമുള്ള BD, MTh, DTh, MDiv വിഭാഗങ്ങളിൽ പഠിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർഥികൾക്കു മത്സരത്തിൽ പങ്കെടുക്കാം.

വിഷയം : പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യ ദർശനം

A4 പത്തു പേജിൽ കവിയരുത്
(നല്ല കയ്യക്ഷരത്തിൽ എഴുതിയതോ, ടൈപ്പ് ചെയ്തോ സമർപ്പിക്കാം)
പ്രബന്ധങ്ങൾ മൗലികവും ഗവേഷണ സ്വഭാവമുള്ളതുമായിരിക്കണം.
ഇംഗ്ലീഷിലോ മലയാളത്തിലോ പ്രബന്ധം തയ്യാറാക്കാം

വിജയികൾക്ക് :
ഒന്നാം സമ്മാനം : 10000 രൂപ
രണ്ടാം സമ്മാനം : 5000 രൂപ
മൂന്നാം സമ്മാനം : 3000 രൂപ
പ്രബന്ധങ്ങൾ കൺവീനറുടെ പക്കൽ 2024 ഫെബ്രുവരി 19 നു മുമ്പ് ലഭിച്ചിരിക്കണം.

Email Id : jobinplatharayil@gmail.com, 9562228457

Address: The Principal, Orthodox Theological Seminary, P.B. No. 98, Kottayam - 1




2024 ഫെബ്രുവരിയിൽ നടക്കുന്ന മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ ലോഗോ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി ശ്രീ. റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബി ജു ഉമ്മൻ, ഫാ. മോഹൻ ജോസഫ് (പി. ആർ ഓ), ഫാ. തോമസ് ജോർജ് പട്ടശ്ശേരിൽ ( കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി) എന്നിവർ സമീപം. ഇടുക്കി ഭദ്രാസനത്തിലെ കുങ്കിരിപ്പെട്ടി സെ. തോമസ് ഓർത്തഡോക്സ് കത്തിഡ്രൽ ഇടവകാംഗം ശ്രീ. ടോബിൻ തോമസാണ് ലോഗോ തയ്യാറാക്കിയത്.




മാർത്തോമ്മ സഭയിൽ നവാഭിഷിക്തരായ മാത്യൂസ് മാർ സെറാഫിം, ഡോ. ജോസഫ് മാർ ഈവാനിയോസ്, സഖറിയ മാർ അപ്രേം തിരുമേനിമാർ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായോയോടും അഭി. തിരുമേനിമാരോടും സഭാസ്ഥാനികളോടുമൊപ്പം

*For Favours Received*



ഒരു വിശ്വാസി

# MAR DIONYSIUS SCHOOL
## RISHI VALLEY, MALLAPPALLY
**AFFILIATED TO CBSE NEW DELHI NO. 930169**
**AN EDUCATIONAL INSTITUTION OF THE MALANKARA ORTHODOX CHURCH**

Rishi Valley, A lush campus is a tribute of The Malankara Orthodox Church to St. Geevarghese Mar Dionysius (Vattasseril Thirumeni) at his birth place, Mallappally in Pathanamthitta district.







- Hostel facilities for boys & girls.
- Special coaching for gifted students & children with specific learning disabilities.
- 100% pass results in class X & XII exams.
- Overall Champion in CBSE District Kalotsav 2023-24.
- Technology enhanced learning Digital Classrooms from Nursery.

**Courses offered at Senior Secondary Level**

**Science Stream:**
English Core, Physics, Chemistry, Mathematics, Biology, Computer Science, Psychology, Home Science

**Integrated Commerce Stream:**
English Core, Business Studies, Accountancy, Economics, Mathematics, Psychology Home Science, Applied Mathematics, Computer Science, Entrepreneurship
Coaching classes for CA / CS / CMA / CLAT.

For Admission Contact
+91-9400060155
+91-9188675347
+91-8111911456
(Online Admission test for abroad students)

**Register now: www.mardionysius.in contact@mdrishivalleyschool.com**



സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി
കല്ലിമേൽ, ( മാവേലിക്കര ഭദ്രാസനം)
പരിശുദ്ധ വട്ടശ്ശേരിൽ
ഗീവർഗീസ് മാർ ദീവന്നാസിയോസ്
തിരുമേനിയുടെ
90 -ാം
ഓർമപ്പെരുന്നാൾ
2024 ഫെബ്രുവരി
18 മുതൽ 24 വരെ
പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന പരിശുദ്ധന്റെ തിരുശേഷിപ്പിടം
പരിശുദ്ധന്റെ പ്രാർത്ഥനാ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട്
ബെന്നി തങ്കച്ചനും കുടുംബവും
(ബിജു ഭവനം കല്ലിമേൽ)

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2024-26
License No. KL/CR/KTM/WPP-07/2024-26
Licensed to Post Without Pre-Payment

Published on
10 February/2024




PRINTED & PUBLISHED BY FR. THOMAS RAJU FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.

EDITOR: FR. ZACHARIAH THOMAS ALIAS FR. REJI THOMAS